# വാർഷിക റിപ്പോർട്ട്

2019–2020



KERALA STATE
BIODIVERSITY BOARD

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**കെ.എസ്.ബി.ബി.**

വാർഷിക റിപ്പോർട്ട് 2019 - 2020

പ്രസിദ്ധീകരണം

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

കൈലാസം, ടി.സി. 24/3219, നം.43
ബെൽഹവൈൻ ഗാർഡൻസ്, കവടിയാർ പി.ഒ
തിരുവനന്തപുരം-695003
ഫോൺ-0471-2724740
ഇ മെയിൽ - kerala.sbb@kerala.gov.in
വെബ്സൈറ്റ് - www.keralabiodiversity.org
Kerala Biodiversity Museum : 0471-2504750

ചിത്രങ്ങൾ:- കൊല്ലം ആശ്രാമം, ജൈവവൈവിധ്യ പൈതൃക കേന്ദ്രം

# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

## വാർഷിക റിപ്പോർട്ട്
2019 - 2020

KERALA STATE
BIODIVERSITY BOARD

കൈലാസം, ടി.സി. 24/3219, നം.43
ബെൽഹവെൻ ഗാർഡൻസ്, കവടിയാർ പി.ഒ
തിരുവനന്തപുരം-695003, ഫോൺ-0471-2724740
ഇ മെയിൽ - kerala.sbb@kerala.gov.in
വെബ്സൈറ്റ് - www.keralabiodiversity.org

## മുഖവുര

റിപ്പോർട്ടിംഗ് വർഷത്തിൽ (2019-2020) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഒട്ടേറെ ബഹുമുഖ കർമ്മ പരിപാടികൾ കേരളത്തിലുടനീളം വിവിധ മേഖലകളിലായി നടപ്പാക്കിയിട്ടുണ്ടെന്ന് പറയുന്നതിൽ അതീവ സന്തോഷമുണ്ട്. ഇതിലൂടെ കേരളത്തിലെ ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര ഉപയോഗം, അതിലൂടെ ആർജ്ജിതമായിട്ടുള്ള പ്രയോജനങ്ങളുടെ തുല്യവും നീതി പൂർവ്വവുമായ പങ്കുവെയ്ക്കൽ (Access and Benefit Sharing) എന്നീ രംഗങ്ങളിൽ ശ്രദ്ധേയമായ നേട്ടം കൈവരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ/കർമ്മപരിപാടിയുടെ സംക്ഷിപ്തവും, സമഗ്രവുമായ റിപ്പോർട്ടാണ് ഇതിൽ ഉൾകൊള്ളിച്ചിട്ടുള്ളത്.

ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാനത്തുള്ള മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പി.ബി.ആർ തയ്യാറാക്കൽ പൂർത്തിയാക്കിയിട്ടുള്ളതും, അതുപോലെ ത്രിതല പഞ്ചായത്തുകളിൽ ബി.എം.സിയുടെ രൂപീകരണം, പൂർണ്ണമായി നടപ്പാക്കിയതെന്നുമുള്ള ബഹുമതി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് മാത്രമുള്ളതാണ്. കൊല്ലം ജില്ലയിലെ ആശ്രാമത്ത് കേരളത്തിലെ ആദ്യത്തെ ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ പ്രഖ്യാപനവും, ഉദ്ഘാടനവും ജൂൺ 5-ാം തീയതി, ലോകപരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിച്ചു. പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഉഷ ടൈറ്റസ്, ഐ.എ.എസ്സ്, ജൈവവൈവിധ്യ ബോർഡ് അംഗങ്ങൾ, പരിസ്ഥിതി വകുപ്പിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ നൽകിയ നിർല്ലോഭമായ പിന്തുണയ്ക്ക് നന്ദി പ്രകാശിപ്പിക്കുന്നു. കൂടാതെ 9 പ്രാദേശിക ജൈവവൈവിധ്യ കേന്ദ്രങ്ങളുടെ പ്രഖ്യാപനവും, മാതൃകാ ബി.എം.സികളുടെ പ്രോജക്റ്റുകൾ, കർമ്മപരിപാടികളുടെ പ്രവർത്തനങ്ങൾ എന്നിവ നല്ലരീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഇ.പി.ബി.ആറിനുവേണ്ടി തയ്യാറാക്കിയ സോഫ്റ്റ് വെയർ എൻ.ഐ.സി പരിശോധിക്കുകയും, തുടർന്ന് ഇതിൽ ആവശ്യം വേണ്ട മാറ്റങ്ങൾ വരുത്തി, എല്ലാ സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളിലും പ്രസ്തുത സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനായി ദേശീയ ജൈവവൈവിധ്യ അതോറിറ്റി കൈക്കൊണ്ട തീരുമാനം ബോർഡിന്റെ പ്രവർത്തനങ്ങളുടെ മികവായി കരുതുന്നു. റീബിൽഡ് കേരളയുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ സമർപ്പിച്ച പ്രോജക്റ്റുകൾക്ക് അംഗീകാരം കിട്ടുകയും അവ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്.

പ്രളയവും മണ്ണിടിച്ചിലും സൃഷ്ടിച്ച ആഘാതപഠനങ്ങളെ ആസ്പദമാക്കി വിവിധ മേഖലകളിൽ ജൈവവൈവിധ്യ പുനരുജ്ജീവനത്തിനായുള്ള പദ്ധതികൾ നടപ്പാക്കാൻ തുടങ്ങി. വംശനാശഭീഷണി നേരിടുന്ന സസ്യജാലങ്ങളെ അധികരിച്ച് തയ്യാറാക്കിവരുന്ന 'റെഡ് ഡേറ്റാ' പുസ്തകത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിന് വേണ്ടിയുള്ള സമഗ്ര പദ്ധതി രൂപം നൽകി നടപ്പിലാക്കി വരുന്നു. കാർഷിക ജൈവവൈവിധ്യ സംരക്ഷണം, പുഴയോര ജൈവവൈവിധ്യ പുനരുജ്ജീവന പദ്ധതികൾ, പുറമേ നിന്നുള്ള ഏജൻസികളായ യു.എൻ.ഡി.പി, എഫ്.എ.ഒ, എൻ.എം.പി.ബി, എൻ.ബി.എ എന്നിവരുടെ സഹായത്തോടെയുള്ള ജൈവവൈവിധ്യ ഗവേഷണ പ്രേജക്റ്റുകളും നടപ്പാക്കിവരുന്നു. കേരളത്തിലെ വനം വകുപ്പിന്റെ കീഴിലുള്ള എല്ലാ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കും, മുൻസിഫ് മജിസ്ട്രേറ്റ് ട്രെയിനികൾക്കും, പോലീസ് ഉദ്യോഗസ്ഥർക്കും, ജൈവവൈവിധ്യ നിയമവും, ചട്ടങ്ങളും നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ചുമതലകളെ കുറിച്ചുള്ള ബോധവത്ക്കരണം നടത്തി. ഇതിലൂടെ ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവോടെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. അയൽ രാജ്യമായ നേപ്പാളിൽ നിന്നുള്ള ജൈവവൈവിധ്യ മേഖലയിലെ വിദഗ്ധ സമിതി അംഗങ്ങൾ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുകയും പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും ചെയ്തു. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മേൽനോട്ടത്തിൽ രൂപീകരിച്ച പി.ബി.ആർ. മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ 2020 മാർച്ച് 5-ാം തീയതി കേരളത്തിലെത്തുകയും സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പരിസ്ഥിതി വകുപ്പിലെയും, മറ്റ് അനുബന്ധ വകുപ്പുകളിലെയും എല്ലാ ഉദ്യോഗസ്ഥരും നൽകിയ നിർല്ലോഭമായ സഹകരണത്തിന് ഈയവസരത്തിൽ നന്ദി അറിയിക്കുന്നു.

**ചെയർമാൻ,**
**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

# അവതാരിക

2019– 2020 കാലയളവിൽ ജൈവവൈവിധ്യ ബോർഡ് ഒട്ടേറേ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും, ഒപ്പം പല നൂതന പദ്ധതികൾക്ക് രൂപം നൽകി സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ ബഹുമുഖ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ജൈവവൈവിധ്യത്തിന്റെ സംരക്ഷണവും, സുസ്ഥിര ഉപയോഗവും, അതിലൂടെ ആർജ്ജിതമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവെയ്ക്കൽ എന്നീ ഉദ്ദേശ ലക്ഷ്യങ്ങളെ ആസ്പദമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകികൊണ്ടുള്ള സമഗ്രവും, സംയോജിതവുമായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പ്, വനം വകുപ്പ്, ഹരിതകേരളം മിഷൻ, കൃഷി വകുപ്പ്, ഗവേഷണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MNREGS) തുടങ്ങിയ വകുപ്പുകളും സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയുമായി പരസ്പര സഹകരണത്തോടെയാണ് ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

റീബിൽഡ് കേരള പ്രോജക്ടിന്റെ ഭാഗമായി കാർഷിക ജൈവവൈവിധ്യ സംരക്ഷണം, നദിയോര ജൈവവൈവിധ്യങ്ങളുടെ പുനരുജ്ജീവനം, ജൈവവിഭവങ്ങളുടെ മൂല്യനിർണ്ണയത്തെ ആസ്പദമാക്കിയുള്ള വിവരശേഖരണം, ഡേറ്റാബേസ് തയ്യാറാക്കൽ എന്നീ പദ്ധതികൾ നടപ്പാക്കാനുള്ള മുന്നൊരുക്കങ്ങൾ എന്നിവ പൂർത്തിയായിട്ടുണ്ട്. ഇതു കൂടാതെ ഒട്ടേറേ വിപുലരീകരണ പ്രവർത്തനങ്ങളും, പരിശീലനങ്ങളും (Extension and Training Programme) 2019 – 20 വർഷത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിലെ ബോർഡിന്റെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകാനും, ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിനും, യഥാസമയങ്ങളിൽ വിലപ്പെട്ട ഉപദേശങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും, പ്രചോദനവും, പ്രോത്സാഹനവും, പിന്തുണയും നൽകിയ ജൈവവൈവിധ്യ ബോർഡംഗങ്ങൾക്കും, ചെയർമാനും, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു. അതുപോലെ, ബോർഡിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ട നിർല്ലോഭമായ സഹായ സഹകരണങ്ങൾ നൽകിയ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്കും നന്ദി രേഖപ്പെടുത്തുന്നു. ബോർഡിന്റെ പ്രവർത്തനങ്ങൾ യഥാസമയം നടപ്പാക്കി ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ സഹകരിച്ച എല്ലാ ബോർഡ് ജിവനക്കാർക്കും ഈ അവസരത്തിൽ ഞാൻ നന്ദി പ്രകാശിപ്പിക്കുന്നു.

**ഡോ.വി.ബാലകൃഷ്ണൻ**
**മെമ്പർ സെക്രട്ടറി**
**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**






ചരിത്ര പശ്ചാത്തലം .......... 11
ബോർഡിന്റെയും സ്റ്റാഫിന്റെയും ഘടന .......... 14
ഏപ്രിൽ 2019 – മാർച്ച് 2020 കാലയളവിലെ പ്രധാന നേട്ടങ്ങൾ – സംക്ഷിപ്തം .......... 17
ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ. .......... 21
ജൈവവൈവിധ്യ ബോർഡിന്റെ ജില്ലാതല കർമ്മ പരിപാടികളുടെ പ്രധാന പ്രവർത്തനങ്ങൾ .......... 33
ജൈവവൈവിധ്യ ഗവേഷണവും സാങ്കേതികതയും .......... 43
വിപുലീകരണ പ്രവർത്തനങ്ങളും പരിശീലനങ്ങളും .......... 58
വിദഗ്ദതല യോഗങ്ങളിൽ ജൈവവൈവിധ്യ ബോർഡിൽ നിന്നുള്ള പ്രാതിനിധ്യവും, പങ്കെടുത്ത പ്രധാന യോഗങ്ങളും .......... 71
പ്രസിദ്ധീകരണങ്ങൾ .......... 72
ഏപ്രിൽ 2019 മുതൽ മാർച്ച് 2020 വരെ വിൽപ്പന നടത്തിയ പുസ്തകങ്ങളുടെ പേര്, വില, എണ്ണം .......... 72
ഏപ്രിൽ 2019 മുതൽ മാർച്ച് 2020 വരെ വിതരണം ചെയ്ത ബുക്കുകൾ, ബ്രോഷറുകൾ, കൈപുസ്തകങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ .......... 73
വിവരാവകാശ നിയമം .......... 74
ഓഡിറ്റ് റിപ്പോർട്ട് .......... 77



## ആമുഖം

### 1. ചരിത്ര പശ്ചാത്തലം

കേരള സംസ്ഥാന പരിസ്ഥിതി വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമാണ് ജൈവവൈവിധ്യ ബോർഡ്. ദേശീയ ജൈവവൈവിധ്യ നിയമം 2002, ചട്ടം 2004, കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 എന്നിവ അനുസരിച്ച്, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ആസ്ഥാനം തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ ജൈവവൈവിധ്യവും, അതിന്റെ സുസ്ഥിര ഉപയോഗവും അതിൽ നിന്നും ആർജ്ജിതമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വകവുമായ പങ്കുവയ്ക്കൽ എന്നീ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ നടപ്പിലാക്കാൻ ബോർഡ് പ്രതിജ്ഞാബദ്ധമാണ്. ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നിവർ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നു. കൂടാതെ ബോർഡിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും വിദഗ്ദ്ധരായ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നു.

### 1.1. ജൈവവൈവിധ്യ നിയമം, 2002

ഐക്യരാഷ്ട്ര സഭയുടെ ജൈവവൈവിധ്യ സമ്മേളനത്തിന്റെ (CBD) ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പ്രഖ്യാപിച്ചതാണ് പ്രസ്തുത ആക്ടും നിയമങ്ങളും. രാജ്യത്തിന്റെ ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ സുസ്ഥിര ഉപയോഗം അവയിൽ നിന്നുണ്ടാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വകവുമായ പങ്കുവയ്ക്കൽ, എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള ഒരു ചട്ടകൂട് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. ദേശീയ തലത്തിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റി (NBA), സംസ്ഥാന തലത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (SBB), തദ്ദേശീയ തലത്തിൽ ജൈവവൈവിധ്യ പരിപാലനസമിതികൾ (BMC) എന്നിവയിലൂടെ ഒരു വികേന്ദ്രീകൃത ജൈവവൈവിധ്യ പരിപാലനമാണ് ജൈവവൈവിധ്യ ആക്ട്, 2002 വിഭാവനം ചെയ്യുന്നത്.

മേൽപ്പറഞ്ഞ ആക്ടിലും (2002) നിയമത്തിലും (2004) പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കനുസരിച്ച് 2005 ൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സ്ഥാപിക്കപ്പെടുകയും, 2008 ൽ കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടം നിലവിൽ വരികയും ചെയ്തു.

### 1.2. ദേശീയ ജൈവവൈവിധ്യ അതോറിറ്റി

2003 ൽ ചെന്നൈ ആസ്ഥാനമാക്കി കേന്ദ്ര സർക്കാർ ദേശീയ ജൈവവൈവിധ്യ അതോറിറ്റി (National Biodiversity Authority (NBA)) സ്ഥാപിച്ചു. ഭാരത സർക്കാരിനു വേണ്ടി ഉപദേശക സമിതിയായി പ്രവർത്തിക്കുന്ന ഒരു നിയമാനുസൃത സ്വയംഭരണ സ്ഥാപനമാണ് എൻ.ബി.എ.

### 1.3. കേരള സംസ്ഥാന ജൈവൈവിധ്യ ബോർഡിന്റെ ഭരണ ഘടന

ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 22-25 ലെ വ്യവസ്ഥകൾക്കനുസരിച്ച് 2005 ഫെബ്രുവരി 28 ലെ സർക്കാർ ഉത്തരവ് (എം.എസ്.) \w.1/2005/STED പ്രകാരം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സ്ഥാപിതമായി. 2005 ൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ (Kerala State Council for Science, Technology and Environment (KSCSTE)) കീഴിലായിരുന്ന ജൈവവൈവിധ്യ ബോർഡ് പൂർണ്ണമായും പ്രവർത്തനം ആരംഭിച്ചിരുന്നില്ല. 2006 ഫെബ്രുവരിയിൽ കേരളത്തിൽ പരിസ്ഥിതി വകുപ്പ് നിലവിൽ വരികയും (സ.ഉ.(എം.എസ്.) നം.10/2006/ജി.എ.ഡി. തീയതി 06.01.2006), സംസ്ഥാന ജൈവവൈവിധ്യ ബോർഡിനെ പരിസ്ഥിതി വകുപ്പിന് കീഴിലേക്ക് മാറ്റുകയും ചെയ്തു (സ.ഉ.(എം.എസ്.) നം.64/2006/ജി.എ.ഡി. തീയതി 16.02.2006). ജൈവവൈവിധ്യ നിയമം 2002 ലെ വകുപ്പ് 63 പ്രകാരം നൽകിയിട്ടുള്ള അധികാര നിർവഹണ വ്യാപ്തിയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ, 2008 നിലവിൽ വന്നു (സ.ഉ.(അ.)നം.1/2008/പരി. തീയതി 10.06.2008). സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 ലെ 12-ാം ചട്ടത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.

### 1.4. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾ

ജൈവവൈവിധ്യ സംരക്ഷണം സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദേശങ്ങളിന്മേൽ സംസ്ഥാന സർക്കാരിനു വേണ്ട നിർദ്ദേശങ്ങൾ നൽകുക എന്നതാണ് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ

പ്രധാന ധർമ്മം. ജൈവവിഭവങ്ങളെ സുസ്ഥിരമായി ഉപയോഗിക്കാനും അവയിൽ നിന്ന് ലഭിക്കുന്ന പ്രയോജനങ്ങളെ തുല്യമായി പങ്കുവയ്ക്കാനും സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നിർദ്ദേശിക്കുന്നു.

ഇന്ത്യക്കാരനായ ഏതൊരു വ്യക്തിക്കും ജൈവവിഭവങ്ങൾ വാണിജ്യപരമായോ, ജൈവസർവ്വെയ്ക്കോ, ജൈവവിഭവങ്ങളുടെ വിനിയോഗത്തിനോ ഉപയോഗിക്കുന്നതിനായുള്ള അപേക്ഷകൾക്ക് അംഗീകാരം നൽകാൻ ബോർഡിന് അധികാരമുണ്ട്. ജൈവവൈവിധ്യ നിയമത്തിലെ വ്യവസ്ഥകൾ, ഒപ്പം സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ബോർഡ് നിർവ്വഹിക്കുന്നു.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾ, ലക്ഷ്യങ്ങൾ, തന്ത്രങ്ങൾ എന്നിവ 2002 ലെ ജൈവവൈവിധ്യ നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്, യഥാർത്ഥത്തിൽ ഭാരതം ജൈവവൈവിധ്യത്തിലും അതുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവിലും സമ്പന്നമാകുന്നതിനാലും, സമകാലിക പ്രാധാന്യമുള്ള അറിവുകളാൽ സമ്പന്നമായതിനാലും, ഭാരതം 1992 ജൂൺ 5-ാം തീയതി റിയോ-ഡി- ജെനീറോയിൽ ഒപ്പു വെച്ച ഐക്യരാഷ്ട്ര സമ്മേളനത്തിന്റെ കരാറിൽ ഒരു അംഗമായതിനാലും, പ്രസ്തുതകരാർ 1993 ഡിസംബർ 29-ാം തീയതി നിലവിൽ വന്നതിനാലും; മേൽപ്പറഞ്ഞ കരാറിലെ അംഗ രാഷ്ട്രങ്ങൾക്ക് ജൈവവിഭവങ്ങളിന്മേലുള്ള പരമാധികാരം അതത് രാജ്യങ്ങൾക്കാണെന്ന് സ്ഥിരീകരിച്ചു കഴിഞ്ഞതിനാലും, 1994 ൽ ഫെബ്രുവരിയിൽ ഇന്ത്യയും പ്രസ്തുത കരാറിൽ ഒപ്പുവച്ചതിനാലും, മേൽപ്പറഞ്ഞ കരാറിന്റെ പ്രധാന ഉദ്ദേശ്യം ജൈവവൈവിധ്യ സംരക്ഷണവും അതിന്റെ ഘടകഭാഗങ്ങളുടെ സുസ്ഥിരമായ ഉപയോഗത്തിൽ നിന്നുണ്ടാകുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വമായ പങ്കുവയ്ക്കലിന് വ്യവസ്ഥയുണ്ടാക്കുകയും, മേൽപ്പറഞ്ഞ കരാർ പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതാകയാലും; കൂടാതെ കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടം 2008, ചട്ടം 12 ലെ 31 പ്രധാന ചുമതലകളും ഈ നിയമത്തിലെ വിവിധ വകുപ്പുകളുടെ പൊതുസ്വഭാവത്തിന് കോട്ടം തട്ടാത്തവിധത്തിൽ നിർവ്വഹിക്കാവുന്നതാണ്.

(i) ഈ നിയമത്തിന്റെ 23 (i) -ാം വകുപ്പിൽപ്പറയുന്ന പ്രവർത്തനങ്ങളുടെ നിയന്ത്രണത്തിനുള്ള നടപടിക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കരുപ്പിടിപ്പിക്കുക;

(ii) ജൈവവൈവിധ്യ പരിപാലനം, അതിന്റെ ഘടകങ്ങളുടെ സുസ്ഥിരമായ ഉപയോഗം, ജൈവവിഭവങ്ങളുടെ ഉപയോഗത്തിലൂടെ ലഭിക്കുന്ന നേട്ടങ്ങളുടെ തുല്യതയാർന്ന പങ്കിടൽ തുടങ്ങിയവ സംബന്ധിച്ച്, കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി, സർക്കാരിനെ ഉപദേശിക്കുക;

(iii) വിവിധ സർക്കാർ വകുപ്പുകൾക്ക് സാങ്കേതിക സഹായവും/ മാർഗ്ഗനിർദ്ദേശവും നൽകുക.

(iv) ഏതെങ്കിലും ജൈവവിഭവത്തിന്റെ വാണിജ്യപരമായ ഉപഭോഗത്തിന്, ജൈവസർവ്വേക്ക്, അല്ലെങ്കിൽ ജൈവ ഉപഭോഗത്തിനുവേണ്ടി, ഭാരത/വിദേശ പൗരന്മാർ, ജൈവ അന്വേഷണ പഠനങ്ങൾ (ബയോ സർവ്വേ), സ്ഥാപനങ്ങൾ, കോർപ്പറേറ്റ് ബോഡികൾ തുടങ്ങിയവ സമർപ്പിക്കുന്ന അപേക്ഷകൾ, അനുവാദ പ്രക്രിയയിലൂടെയോ മറ്റു തരത്തിലോ നിയന്ത്രിക്കുക;

(v) സംസ്ഥാന ജൈവവൈവിധ്യ തന്ത്രങ്ങളുടേയും കർമ്മ പരിപാടികളുടേയും അടിസ്ഥാനത്തിൽ (State Biodiversity Strategy and Action Plan) പദ്ധതികൾ ആസൂത്രണം ചെയ്യുക.

(vi) പഠനദൗത്യങ്ങൾ നടത്തുക, പഠനദൗത്യങ്ങൾക്കായി നിയോഗിക്കുക, അന്വേഷണവും ഗവേഷണവും നടത്താൻ പ്രയോജനകരമാവുക.

(vii) ആവാസവ്യവസ്ഥയിലെ അംഗമായ ഓരോ ജീവിയുടെയും ജീനിന്റെയും അറിയപ്പെടാത്ത ശേഷികളുടെ ജൈവിക സംരക്ഷണവും പരിരക്ഷയും;

(viii) ബോർഡിന്, അതിന്റെ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കാൻ പറ്റുന്ന തരത്തിൽ പരമാവധി സാങ്കേതിക സഹായം നൽകാൻ കഴിയും വിധം നിശ്ചിതകാലയളവിലേക്ക്, മൂന്നുവർഷക്കാലത്തേക്കു വരെ, പരമാവധി പത്തുലക്ഷം (10 ലക്ഷം) രൂപ ചെലവിൽ കൺസൾട്ടൻസി വഴി നിയോഗിക്കാവുന്നതാണ്. ഏതെങ്കിലും കൺസൾട്ടൻസിയെ മൂന്നുവർഷത്തിനുമേൽ കാലയളവിലേക്ക് നിലനിർത്തുന്നത് അത്യാവശ്യമാണെന്നു കണ്ടാൽ, അത്തരത്തിലുള്ള നിയോഗത്തിന് സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണ്;

(ix) ജൈവവൈവിധ്യസംരക്ഷണം, അതിന്റെ ഘടകങ്ങളുടെ സ്ഥായിയായ ഉപയോഗം, ജൈവവിഭവങ്ങളുടെയും, ജൈവാനുബന്ധമായ അറിവുകളുടെയും ഉപയോഗം മൂലം സംജാതമാകുന്ന നേട്ടങ്ങളുടെ തുല്യവും നീതിപൂർവ്വകവുമായ പങ്കുവയ്ക്കൽ എന്നിവയുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിച്ച്, സമാഹരണം നടത്തി, സാങ്കേതിക - സ്ഥിതിവിവര കണക്കുകളും, ലഘുലേഖകളും, പെരുമാറ്റചട്ടങ്ങളും, ചുരുക്കപട്ടികകളും, ഗൈഡുകളും മാർഗ്ഗനിർദ്ദേശങ്ങളും മറ്റും പ്രസിദ്ധപ്പെടുത്തുക;

(x) ജൈവവൈവിധ്യഘടകങ്ങളുടെ മാർഗ്ഗനിർദ്ദേശങ്ങളും കണ്ടെത്തൽ, അതിന്റെ സൂചിക തയ്യാറാക്കൽ (Cataloguing), നാശത്തിന്റെ തോത് അവലോകനം ചെയ്ത് വിലയിരുത്തുക. ആസൂത്രകരിലും തീരുമാനമെടുക്കുന്ന അധികാരികളിലും പൊതുജനങ്ങളിലും ഇതുസംബന്ധിച്ച ബോധവത്ക്കരണം സാദ്ധ്യമാക്കൽ തുടങ്ങിയവയും ജൈവവൈവിധ്യസംരക്ഷണത്തിന് ആവശ്യമായ ശാസ്ത്രീയവും, ഭരണപരവും, നിയമപരവും, സാമൂഹികവും, സാമ്പത്തിക പരവുമായ മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കലും;

(xi) സംസ്ഥാനത്തെ ജൈവവൈവിധ്യ വിഭവങ്ങൾ സംബന്ധിച്ച ഒരു സമ്പൂർണ്ണ വിവരശേഖരണം നടത്തി ഡേറ്റാബേസ് ഉണ്ടാക്കുക;

(xii) ജൈവവൈവിധ്യ പരിപാടികൾ നടപ്പിൽ വരുത്തുന്നതിന് സംസ്ഥാനമൊട്ടാകെ ബാധകമായ തന്ത്രങ്ങൾ രൂപം നൽകി അവശ്യമായ നയരൂപവത്ക്കരണം നടപ്പാക്കുക;

(xiii) തദ്ദേശതലത്തിൽ ലഭ്യമായ വിദഗ്ദ്ധരുടെ പട്ടിക തയ്യാറാക്കി അവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി, പ്രയോജനപ്രദമായ ജൈവസമൂഹങ്ങളുടെ സ്വാഭാവിക ആവാസകേന്ദ്രങ്ങൾ (natural habitats) തിരിച്ചറിയുക;

(xiv) ഉപയോഗസാധ്യതയുള്ള ജൈവസമൂഹങ്ങളുടെ സ്വാഭാവിക ആവാസകേന്ദ്രങ്ങളിൽ കാണപ്പെടുന്ന ജീവി വർഗ്ഗങ്ങളുടെ വിപുലമായ പട്ടിക തയ്യാറാക്കലും അവയുടെ സംരക്ഷണത്തിനായുള്ള നടപടികൾ കൈക്കൊള്ളലും;

(xv) ജൈവവിഭവങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യൽ, അവയുടെ പരിപോഷണം, സുസ്ഥിര ഉപ യോഗം എന്നിവ ഉറപ്പുവരുത്തുന്നതിനും, ജൈവവൈവിധ്യ രജിസ്റ്ററുകൾ ഇലക്ട്രോണിക് ഡേറ്റാബേസ്കൾ വഴിയും, ജൈവവിഭവങ്ങളും ഒപ്പം പരമ്പരാഗത അറിവുകളുടെ ശേഖരണ സംവിധാനം (documentation) എന്നിവ കൂടു തൽ മെച്ചപ്പെട്ടതാക്കാൻ നടപടി കൈക്കൊള്ളുക;

(xvi) ജൈവവിഭവങ്ങൾ അനുബന്ധ അറിവുക ളിന്മേലുള്ള ബൗദ്ധിക സ്വത്തവകാശങ്ങൾ ഉൾപ്പെടെയുള്ള അവകാശങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുക. അത്തരം വിവരങ്ങൾ അനു യോജ്യമായ രീതിയിൽ, രഹസ്യമായി സൂക്ഷിക്കുന്നതി നുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുക. ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (People's Biodiversity Register) സുരക്ഷിതമായി സൂക്ഷിക്കുന്ന ദൗത്യവും ഇതിന്റെ ഭാഗമായിരിക്കും;

(xvii) ജൈവവിഭവങ്ങളുടെ പരിപാലനത്തിനും സുസ്ഥിര ഉപയോഗത്തിനും സംഭാവന ചെയ്യാൻ കഴിയുമാറ്, ആസൂത്രണത്തിന്റെയും പരിപാലനത്തിന്റെയും എല്ലാ മേഖലകളിലേക്കും, തദ്ദേശതലം മുതൽ സംസ്ഥാന തലം വരെയുള്ള എല്ലാ ആസൂത്രണതലങ്ങളിലേക്കും, ജൈവവൈവിധ്യവും അതിനെ ആശ്രയിച്ചുള്ള ഉപജീവ നങ്ങളും സംയോജിപ്പിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക;

(xviii) ജൈവവൈവിധ്യപരിപാലനവും അത്തരം ഘടക ങ്ങളുടെ സ്ഥായിയായ ഉപയോഗവും സംബന്ധിച്ച കർമ്മ പരിപാടികൾ നടപ്പിലാക്കാൻ നിയോഗിക്കപ്പെട്ടവരും, നിയോ ഗിക്കപ്പെടാൻ സാദ്ധ്യതയുള്ളവരുമായ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക;

(xix) ജൈവവൈവിധ്യപരിപാലനം, ജൈവവിഭവങ്ങളുടെ സ്ഥായിയായ ഉപയോഗം, ജൈവവിഭവങ്ങളുടെയും ബന്ധപ്പെട്ട അറിവുകളുടെ ഉപയോഗം മൂലം ലഭ്യമാകുന്ന നേട്ടങ്ങളുടെ തുല്യവും, നീതിപൂർവ്വകവുമായ പങ്കുവയ്ക്കൽ തുടങ്ങിയവ സംബന്ധിച്ച് സമഗ്രമായ കാര്യപരിപാടികൾ ബഹുജന മധ്യത്തിൽ ബോധവത്ക്കരണത്തിലൂടെ നടപ്പാക്കുക.

(xx) തന്മാത്ര വ്യവസ്ഥാപനം (Molecular Systematics) ഉൾപ്പെടെ ജൈവ രസതന്ത്രത്തിന്റെയും, ജൈവ സാങ്കേതിക വിദ്യയുടെയും സാങ്കേതിക പഠന അടിത്തറ ശക്തിപ്പെടുത്തു കയും മതിയായ പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

(xxi) ബോർഡിന്റെ തനത് വരുമാന മാർഗ്ഗങ്ങളും, ഒപ്പം, കേന്ദ്ര - സംസ്ഥാന സർക്കാരുകളിൽനിന്നും ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ നിന്നും ലഭിക്കാവുന്ന വരുമാനങ്ങളും സംയോജിപ്പിച്ച് ബോർഡിന്റെ വാർഷിക ബജറ്റ് തയ്യാറാക്കൽ;

(xxii) ബോർഡിന്റെ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കു ന്നതിന് സർക്കാരിന് ശുപാർശ നൽകുകയും അത്തരം തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യുക. എന്നാൽ അത്തരം തസ്തികകളൊന്നും, അവ സ്ഥിരമോ, ഡപ്യൂട്ടേഷനിലു ള്ളതോ, താത്ക്കാലികമോ, നിശ്ചിത കാലാവധി മാത്രമുള്ള വയോ (പ്രൊവിഷണൽ), കരാടിസ്ഥാനത്തിലോ, ദിവസ വേതനാടിസ്ഥാനത്തിലോ ഉള്ളതോ ആണെങ്കിൽപ്പോലും സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സൃഷ്ടിക്കാൻ പാടുള്ളതല്ല;

(xxiii) അത്തരം തസ്തികകളിലേക്കുള്ള നിയമനരീതി കേരള സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രം അംഗീകരിക്കുക;

(xxiv) ജീവനക്കാരുടെ സേവന വ്യവസ്ഥകൾ (ശമ്പളം, ബത്തകൾ, അവധി തുടങ്ങിയവ) കേരള സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രം നിശ്ചയിക്കുക;

(xxv) ജൈവവൈവിധ്യ പരിപാലന സമിതികളുടെ (Biodiversity Management Committees) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക;

(xxvi) നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് നിർദ്ദേശങ്ങൾ നൽകുകയും, പരിപാലനം, സുസ്ഥിരമായ ഉപയോഗം, നേട്ടങ്ങളുടെ തുല്യവും നീതിപൂർവ്വകവുമായ പങ്കുവയ്ക്കൽ തുടങ്ങിയവ സംബന്ധിച്ച എല്ലാ പ്രക്രിയകളിലും അവയുടെ അർത്ഥപൂർണ്ണമായ പങ്കാളിത്തം സാദ്ധ്യമാക്കുകയും ചെയ്യുക;

(xxvii) ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ചും നിയമ ത്തിന്റെ നടപ്പാക്കൽ സംബന്ധിച്ചും സർക്കാരിനും ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്കും യഥാസമയം റിപ്പോർട്ട് നൽകുക;

(xxviii) ജൈവവിഭവങ്ങളുടെ സംഭരണത്തിനുള്ള ഫീസ് സംബന്ധിച്ച് യഥാകാലം ശുപാർശ നൽകുക / ഫീസ് നിശ്ചയിക്കുക / ഫീസ് പരിഷ്ക്കരിക്കുക;

(xxix) ജൈവവൈവിധ്യ പരിപാലന സമിതിക്ക് നിശ്ചിത ആവശ്യങ്ങൾക്ക് ഗ്രാന്റ്/ഗ്രാന്റ് - ഇൻ - എയ്ഡ് അനു വദിക്കുക;

(xxx) നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട്, തങ്ങളുടെ അധികാര പരിധിയിലുള്ള ഏതു പ്രദേശത്തും ഭൗതിക പരിശോധന നടത്തുക;

(xxxi) സർക്കാർ യഥാകാലം നിർദ്ദേശിക്കുന്ന മറ്റു ചുമതലകൾ നിർവ്വഹിക്കുക;



## 2. ബോർഡിന്റെയും സ്റ്റാഫിന്റെയും ഘടന

### 1. സ്ഥാപന ഘടന

പരിസ്ഥിതി വകുപ്പ്
കേരള സർക്കാർ

↓

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

↓

ചെയർമാൻ

↓

മെമ്പർ സെക്രട്ടറി

↓

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

↓

| | | | | |
|---|---|---|---|---|
| ഭരണ വിഭാഗം | ജൈവവൈവിധ്യ സംരക്ഷണ വിഭാഗം | ജൈവവൈവിധ്യ ഗവേഷണ, സാങ്കേതിക വിഭാഗം | പരിശീലന, വിപുലീകരണ വിഭാഗം | പാരിസ്ഥിതിക പ്രശ്നങ്ങളും നിയമവും വിഭാഗം |

**2.2. ബോർഡ് അംഗങ്ങളുടെ വിവരങ്ങൾ**

27.07.2018 ലെ സർക്കാർ ഉത്തരവ് (സാധാ.) നം. 4/2018/പരി. പ്രകാരം ഔദ്യോഗിക ബോർഡ് പുനർ രൂപീകരിച്ചു.

| നം. | പേരും തസ്തികയും | പോസ്റ്റ് |
|---|---|---|
| **1.** | **ഡോ.എസ്.സി.ജോഷി ഐ.എഫ്.എസ്.**<br>ചെയർമാൻ | **18.09.2017 മുതൽ തുടരുന്നു** |
| **2.** | **അഡിഷ്ണൽ ചീഫ് സെക്രട്ടറി,**<br>പരിസ്ഥിതി വകുപ്പ്,<br>ഗവ. സെക്രട്ടറിയേറ്റ്,<br>തിരുവനന്തപുരം | **ഔദ്യോഗിക പ്രതിനിധികൾ** |
| **3.** | **പ്രിൻസിപ്പൽ സെക്രട്ടറി,**<br>വനം-വന്യജീവി വകുപ്പ്,<br>ഗവ. സെക്രട്ടറിയേറ്റ്,<br>തിരുവനന്തപുരം | |
| **4.** | **പ്രിൻസിപ്പൽ സെക്രട്ടറി,**<br>മത്സ്യ ബന്ധന വകുപ്പ്,<br>ഗവ. സെക്രട്ടറിയേറ്റ്,<br>തിരുവനന്തപുരം | |
| **5.** | **എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്,**<br>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ,<br>ശാസ്ത്ര ഭവൻ, പട്ടം,<br>തിരുവനന്തപുരം. | |
| **6.** | **കാർഷിക ഉത്പാദന കമ്മീഷണർ,**<br>ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം | |
| **7.** | **ഡോ. കെ. സതീഷ് കുമാർ**<br>പ്രിൻസിപ്പൽ സയന്റിസ്റ്റ് &<br>ഹെഡ് ബയോടെക്നോളജി,<br>ജെ.എൻ.ടി.ബി.ജി.ആർ.ഐ., പാലോട് | **അനൗദ്യോഗിക പ്രതിനിധികൾ** |
| **8.** | **ശ്രീ. കെ.വി. ഗോവിന്ദൻ**<br>മെമ്പർ, ഡി.പി.സി.കണ്ണൂർ<br>മാധവി നിലയം, ചുഴലി.പി.ഒ<br>കണ്ണൂർ – 670142 | |
| **9.** | **ഡോ. ടി.എസ്. സ്വപ്ന**<br>പ്രൊഫസർ & ഹെഡ്<br>ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണി,<br>കേരള യൂണിവേഴ്സിറ്റി,<br>കാര്യവട്ടം, തിരുവനന്തപുരം | |
| **10.** | **ശ്രീ. എ.കെ. ധർണി ഐ.എഫ്.എസ്.**<br>പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്<br>(വന പരിപാലനം) | |
| **11.** | **ഡോ. കെ.ടി. ചന്ദ്രമോഹനൻ**<br>അസിസ്റ്റന്റ് പ്രൊഫസർ<br>ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണി<br>ഗവ.ബ്രണ്ണൻ കോളേജ്<br>തലശ്ശേരി, കണ്ണൂർ | |

**മെമ്പർ സെക്രട്ടറി**

**ഡോ.വി.ബാലകൃഷ്ണൻ**
മെമ്പർ സെക്രട്ടറി
01.11.2018 മുതൽ തുടരുന്നു

**2.3. ബോർഡിലെ ജീവനക്കാർ**

**2.3.1. സ്ഥിരം ജീവനക്കാർ**

**സ്ഥിരം ജീവനക്കാർ (ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ)**

| സീ.നം. | തസ്തിക | അനുവദിക്കപ്പെട്ട എണ്ണം | നിലവിലുള്ളത് |
|---|---|---|---|
| ഡെപ്യുട്ടേഷനിൽ അനുവദിക്കപ്പെട്ട ജീവനക്കാർ | | | |
| 1 | മെമ്പർ സെക്രട്ടറി | 1 | 1 |
| 2 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | 1 |
| 3 | ഫിനാൻസ് ഓഫീസർ | 1 | 1 |
| 4 | പി.എസ്.ഒ. | 2 | 1 |
| 5 | എസ്.ഒ | 1 | 1 |
| 6 | ടെക്നിക്കൽ അസിസ്റ്റന്റ് | 1 | 1 |
| 7 | അസിസ്റ്റന്റ് കം കാഷ്യർ | 1 | 1 |
| 8 | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 1 | 1 |
| 9 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 1 |
| 10 | ഹെൽപ്പർ | 1 | - |
| 11 | പാർട്ട് ടൈം സ്വീപ്പർ (സ്ഥിരം) | 1 | 1 |

**2.3.2. പ്രോജക്ട് ജീവനക്കാർ**

| | | |
|---|---|---|
| 1 | സാങ്കേതിക വിഭാഗം ജീവനക്കാർ | 9 |
| 2 | സപ്പോർട്ടിംഗ് സ്റ്റാഫ് | 11 |
| 3 | ജില്ല കോർഡിനേറ്റർമാർ | 14 |
| 4 | പ്രൊജക്റ്റ് ഫെല്ലോമാർ | 35 |
| 5 | എൻ.ബി.എ. പദ്ധതിയിലുൾപ്പെട്ട ജീവനക്കാർ | 4 |
| 6 | യു.എൻ.ഡി.പി. പദ്ധതിയിലുൾപ്പെട്ട ജീവനക്കാർ | 4 |
| 7 | കൺസൾട്ടന്റ് | 1 |

**2.4. ബോർഡ് മീറ്റിംഗുകൾ**

റിപ്പോർട്ട് കാലയളവിൽ 2 ബോർഡ് മീറ്റിംഗുകളാണ് നടന്നിട്ടുള്ളത്.

» 19.06.2019 ലെ 50– ാമത് ബോർഡ് മീറ്റിംഗ് ഗവ.ഗസ്റ്റ് ഹൗസ് തൈയ്ക്കാട്, തിരുവനന്തപുരം

» 13.01.2020 ലെ 51–ാമത് ബോർഡ് മീറ്റിംഗ്, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബർ, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.



## 3. ഏപ്രിൽ 2019 – മാർച്ച് 2020 കാലയളവിലെ പ്രധാന നേട്ടങ്ങൾ – സംക്ഷിപ്തം

### 1. ജൈവവൈവിധ്യ സംരക്ഷണം

1. ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്കുപഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ ഉൾപ്പെടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബി.എം.സി. രൂപീകരിച്ചു.
2. 2009 മുതൽ നടപ്പിലാക്കി വരുന്ന ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും റിപ്പോർട്ട് കാലയളവിൽ പൂർത്തിയാക്കി.
3. കൊല്ലം ജില്ലയിൽ അഷ്ടമുടിക്കായലിന്റെ തീരത്ത് കാണപ്പെടുന്ന ആശ്രാമം കണ്ടൽപ്രദേശത്തെ, കേരളത്തിലെ ആദ്യത്തെ ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി 2019 ജൂൺ 5ന് ബഹു. മുഖ്യമന്ത്രി **ശ്രീ. പിണറായി വിജയൻ** അവർകൾ പ്രഖ്യാപിച്ചു. വിവിധ അനുബന്ധ വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചുകൊണ്ട്, ആശ്രാമം ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ പഞ്ചവൽസര പരിപാലന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പരിപാലന പദ്ധതികൾ കൊല്ലം കോർപ്പറേഷനുമായി ചേർന്ന് ബി.എം.സി. നടപ്പിലാക്കുന്നതാണ്.
4. തെരഞ്ഞെടുത്ത 28 ബി.എം.സി. കൾക്ക് തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച്, പ്രാദേശികതലത്തിൽ വിവിധ ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി മാതൃകാ ബി.എം.സി. പദ്ധതിയുടെ ഭാഗമായി, സാമ്പത്തിക, സാങ്കേതിക സഹായം നൽകി വരുന്നു.
5. കാവുകൾ, കണ്ടലുകൾ, പുഴയോര ജൈവ വൈവിധ്യം, വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങളുടെ സംരക്ഷണം, തുടങ്ങി ജൈവ വൈവിധ്യത്തിന്റെ വിവിധ മേഖലകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത്തരത്തിൽ മൂന്ന് പദ്ധതികൾ: കൊല്ലം ജില്ലയിലെ സാമൂഹിക പങ്കാളിത്തത്തോടെയുള്ള കാവുസംരക്ഷണ പദ്ധതി, കണ്ണൂരിലെ ഏഴോം പഞ്ചായത്തിലെ ജൈവവൈവിധ്യ ഉദ്യാനം, മാറനല്ലൂരിലെ പുഴയോര ജൈവവൈവിധ്യ പുനരുജ്ജീവനം തുടങ്ങിയവ റിപ്പോർട്ട് കാലയളവിൽ തുടക്കംകുറിച്ച് നടപ്പിലാക്കി വരുന്നു.
6. നാല് ബി.എം.സി. കളിൽ പ്രാദേശിക ജൈവ വൈവിധ്യ പൈതൃക കേന്ദ്രങ്ങളും, 6 ബി.എം.സി. കളിൽ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്.
7. പി.ബി.ആർ. ഡിജിറ്റൈസേഷനുവേണ്ടി, എൻ.ഐ.സി. യുടെ സഹകരണത്തോടെ കെ.എസ്.ബി.ബി. തയ്യാറാക്കിയ സോഫ്റ്റ് വെയർ, ഇ-പി.ബി.ആർ. തയ്യാറാക്കുന്നതിനായി ദേശീയതലത്തിൽ ഉപയോഗിക്കുന്നതിന് എൻ.ബി.എ. ഏറ്റെടുക്കുകയുണ്ടായി. പി.ബി.ആർ. ഡിജിറ്റൈസേഷൻ തദ്ദേശസ്ഥാപനങ്ങളിൽ നടന്നുവരുന്നു.
8. കെ.എസ്.ബി.ബി. യുടെ ജില്ലാതല ഉദ്യോഗസ്ഥർ തദ്ദേശസ്ഥാപനങ്ങൾ, അനുബന്ധ വകുപ്പുകൾ എന്നിവയുമായി സഹകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ, ബി.എം.സി. കളെ ശാക്തീകരിക്കുന്നതിനും, പരിസ്ഥിതി കാവൽസംഘങ്ങളായി പ്രവർത്തിക്കുന്നതിനുമുള്ള ഫീൽഡുതല പ്രവർത്തനങ്ങളും നടത്തിവരുന്നു.

### 2. ജൈവവൈവിധ്യ ഗവേഷണവും സാങ്കേതികതയും

1. "Strengthening Agriculture and Allied Sector Contribution to India's National Biodiversity Action Plan (NBAP) 2008 and National Biodiversity Targets (NBTS) 2014" എന്ന പദ്ധതി ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗനൈസേഷന്റെ (FAO) സാങ്കേതിക സഹകരണ പദ്ധതിയുടെ ഭാഗമായി (Technical Cooperation Programme –TCP) വിജയകരമായി നടപ്പിലാക്കുകയും, കണ്ടെത്തലുകൾ ദേശീയതല ശില്പശാലയിൽ അവതരപ്പിക്കുകയും ചെയ്തു. പഠനത്തിന്റെ ഭാഗമായുള്ള കണ്ടെത്തലുകൾ

ഭാവിയിൽ ഗവേഷണം നടത്തുന്നതിലൂടെ, സംസ്ഥാനത്തെ കാർഷിക ജൈവവൈവിധ്യം മുഖ്യധാരയിലെത്തിക്കുന്നതിനും, നയപരമായിട്ടുള്ള വിടവുകൾ നികത്തുന്നതിനും സാധിക്കുന്നതാണ്. പദ്ധതിയുടെ ഭാഗമായി കാർഷിക ജൈവവൈവിധ്യത്തിന് പ്രാധാന്യം നൽകിക്കൊണ്ട് പ്രത്യേക പരിശീലന മൊഡ്യൂളുകൾ ബി.എം.സി.കൾക്കു വേണ്ടി തയ്യാറാക്കുകയും, ആലപ്പുഴയിൽ പ്രാദേശികതലത്തിൽ നടപ്പിലാക്കുകയും ചെയ്തു.

2. ദേശീയ ഔഷധസസ്യ ബോർഡിന്റെ സഹായത്തോടെയുള്ള "Resource Augmentation, Sustainable harvesting and value addition of Medicinal plants resources through BMCs" എന്ന പദ്ധതി വയനാട് ജില്ലയിലെ തിരുനെല്ലി, പൂതാടി, നൂൽപ്പുഴ, തവിഞ്ഞാൽ, പൊഴുതന എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു.

3. കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം, കേരള സർക്കാർ, യുണൈറ്റഡ് നേഷൻസ് ഡവലപ്പ്മെന്റ് പ്രോഗ്രാം എന്നിവർ ചേർന്ന് ഗ്ലോബൽ എൻവയൺമെന്റ് ഫെസിലിറ്റിയുടെ സഹകരണത്തോടെ പശ്ചിമഘട്ട മലനിരകളുടെ ജൈവവൈവിധ്യ സംരക്ഷണത്തിനായി, ഫലപ്രദമായിട്ടുള്ള ഒരു പരിപാലന സംവിധാനം വികസിപ്പിക്കുന്നതിനുവേണ്ടി, 'India High Range Mountain Landscape Project' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി പ്രദേശത്തെ ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ മൂലം ജൈവവൈവിധ്യത്തിനുണ്ടായിട്ടുള്ള ആഘാതത്തിന്റെ വിലയിരുത്തൽ, ഇടുക്കി, തൃശ്ശൂർ, എറണാകുളം എന്നീ 3 ജില്ലകളിലെ തെരഞ്ഞെടുത്ത 11 ഗ്രാമപഞ്ചായത്തുകളിലെ സസ്യ-ജന്തു വൈവിധ്യത്തിന്റെയും, ആവാസവ്യവസ്ഥാ വൈവിധ്യത്തിന്റെയും ഡോക്യുമെന്റേഷൻ എന്നീ രണ്ടു പഠനങ്ങളാണ് ബോർഡ് നടത്തിവരുന്നത്.

4. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ സഹായത്തോടെ, 'ജൈവവൈവിധ്യ സംരക്ഷണം പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കൽ' (Strengthening Local Self Governments to integrate Biodiversity Conservation in the Local Development Plans) എന്ന പദ്ധതി എം.എസ്.എസ്.ആർ.എഫ്. മുഖേന നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ:

- പ്രാദേശിക വികസന പദ്ധതി തയ്യാറാക്കുന്നതിന് 10 ബി.എം.സി.കളെ കാര്യക്ഷമമാക്കൽ.
- രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പ്രാദേശികതലത്തിൽ തന്ത്രങ്ങളും കർമ്മപദ്ധതികളും തയ്യാറാക്കുന്നതിന് 4 ബി.എം.സി. കളെ തെരഞ്ഞെടുത്തു.
- 4 ബി.എം.സി.കളിലെ പ്രശ്നങ്ങൾ കണ്ടെത്തി, അവ ബി.എം.സി. കൾ മുഖേന പരിഹരിച്ചു വരുന്നു.

5. ബി.എം.സി. കളിലൂടെ പുഴയോര ജൈവവൈവിധ്യത്തിന്റെ പുനരുജ്ജീവനം, ബി.എം.സി. കളിലൂടെ കാർഷിക ജൈവവൈവിധ്യ സംരക്ഷണം, കേരളത്തിൽ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന ജൈവവിഭവങ്ങളുടെ വിവരശേഖരണം തുടങ്ങി 3 പുതിയ പദ്ധതികൾ കേരള സർക്കാരിന്റെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കെ.എസ്.ബി.ബി. യ്ക്ക് അനുവദിച്ചിട്ടുണ്ട്.

6. കേരളത്തിലെ വംശനാശഭീഷണി നേരിടുന്ന സസ്യ-ജന്തുജാലങ്ങളെപ്പറ്റി അവയുടെ നിലവിലെ സ്ഥിതി വിവര കണക്കുകൾ സഹിതം, ജെ.എൻ.ടി.ബി.ജി. ആർ.ഐ., സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, സി.എം.എഫ്.ആർ.ഐ. എന്നിവയുമായി സഹകരിച്ച് കേരളത്തിന്റെ റെഡ് ഡാറ്റാ ബുക്ക് തയ്യാറാക്കി വരുന്നു.

7. കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം വിജ്ഞാപനം ചെയ്തിട്ടുള്ള വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങലുടെ പ്രജനനത്തിന്റെ പ്രോട്ടോകോൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായുള്ള റിപ്പോർട്ട് കാലയളവിലെ പ്രധാന പ്രവർത്തനങ്ങൾ:

- അഗസ്ത്യമല, ഇടുക്കി വന്യജീവി സങ്കേതം, വയനാട്ടിലെ കുട്ടിയംവയൽ റിസർവ്വ് ഫോറസ്റ്റ് തുടങ്ങിയ തനത് ആവാവസകേന്ദ്രങ്ങളിൽ രണ്ട് സ്പീഷീസുകളുടെ പുനരുജ്ജീവനം.
- *Paphiopedilum druryi* സ്പീഷീസിൽ നിന്നും സിംബയോട്ടിക് ഫംഗസുകളുടെ വേർതിരിക്കൽ, പുനരുജ്ജീവനം തുടങ്ങിയ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- *D. arayalpathra, A. pauciflora, G.inberti, H.bourdillonii and H.uniuga* തുടങ്ങിയ സ്പീഷീസുകളുടെ സർവ്വേ പഠനങ്ങൾ, വിവിധ വിഭാഗത്തിൽപ്പെട്ടവയുടെ വിത്ത് ശേഖരണം, അവയുടെ പ്രജനനം എന്നിവ പുരോഗമിക്കുന്നു.

8. കേരള സർവ്വകലാശാലയ്ക്ക് കീഴിലുള്ള അംഗീകൃത ഗവേഷണ സ്ഥാപനമെന്ന നിലയിൽ, ജൈവവൈവിധ്യത്തിന്റെ വിവിധ മേഖലകളിൽ ഗവേഷണം നടത്തുന്ന 10 ഡോക്ടറൽ ഫെല്ലോമാർക്ക് ബോർഡ് ഫെല്ലോഷിപ്പ് നൽകി വരുന്നു.

9. റിപ്പോർട്ട് കാലയളവിൽ നിരവധി റിപ്പോർട്ടുകൾ സർക്കാരിനും, പരിസ്ഥിതി സമിതിയ്ക്കും ബോർഡ് സമർപ്പിച്ചിട്ടുണ്ട്. നിയമസഭാ സമിതിയ്ക്കു മുൻപാകെ സമർപ്പിച്ച നദികളുടെ സംയോജനം മൂലം ജൈവവൈവിധ്യത്തിനുണ്ടാകുന്ന ആഘാതത്തെക്കുറിച്ചുള്ള പഠനം, നെയ്യങ്കയത്തിന്റെ ജൈവവൈവിധ്യ പഠനം,

ബഹു. കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പൈനാപ്പിൾ ഫാമുകൾ പരിസ്ഥിതിയെ വിഷമയമാക്കുന്നത് സംബന്ധിച്ച് നടത്തിയ പ്രാഥമിക പഠനം തുടങ്ങി മൂന്ന് പഠനങ്ങളാണ് റിപ്പോർട്ട് കാലയളവിൽ പ്രധാനമായും നടത്തിയിട്ടുള്ളത്.

### 3. സ്ഥാപന സംബന്ധിയായിട്ടുള്ളതും നയപരവുമായിട്ടുള്ള പ്രവർത്തനങ്ങൾ

1. ജൈവവൈവിധ്യ നിയമം നടപ്പിലാക്കുന്നതിനും, പരിസ്ഥിതി കാവൽസംഘങ്ങളായി വർത്തിക്കുന്നതിന് ബി.എം.സി.കളെ ശാക്തീകരിക്കുന്നതിനുമുള്ള നോഡൽ ഓഫീസർമാരായി ഫോറസ്റ്റ് റേഞ്ച് ഓഫീസർമാരെ നിയോഗിച്ചു. (16.01.2019 ലെ സ.ഉ.നം. 19/2019/വനം & വന്യജീവി. നമ്പർ ഉത്തരവ്).
2. പൊലീസ് വകുപ്പിന്റെ 03.02.2020 ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് (നം. 2/2020/പി.എച്ച്.ക്യൂ.) പ്രകാരം ജൈവവൈവിധ്യ നിയമപ്രകാരമുള്ള ഏതെങ്കിലും തരത്തിലുള്ള നിയമലംഘനം ശ്രദ്ധയിൽപ്പെടുന്നപക്ഷം അവയുടെ വസ്തുത നേരിട്ട് ബോധ്യപ്പെട്ട് തുടർനടപടികൾക്ക് ബന്ധപ്പെട്ട ഫോറസ്റ്റ് ഓഫീസർമാരെ അറിയിക്കുന്നതിന് പൊലീസ് ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.
3. കേരള ജൈവവൈവിധ്യ ഫണ്ടിന്റെ സംസ്ഥാപനം, വിനിയോഗം, ഓഡിറ്റിംഗ് എന്നിവ സംബന്ധിച്ച് സർക്കാർ ഉത്തരവായി. (18.01.2020 ലെ സ.ഉ.(സാധാ) നം. 7/2020/പരി. നമ്പർ സർക്കാർ ഉത്തരവ്). ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെയും അനുബന്ധ അറിവുകളുടെയും ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന നേട്ടങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവെയ്ക്കൽ എന്നിവയ്ക്കാണ് പ്രസ്തുത ഫണ്ട് പ്രയോജനപ്പെടുത്തേണ്ടത്.
4. പ്രാദേശികമായി ജൈവവൈവിധ്യ സമ്പന്നവും പ്രാധാന്യവുമുള്ള പ്രദേശങ്ങൾ/ ആവാസവ്യവസ്ഥകൾ/ വൃക്ഷങ്ങൾ എന്നിവയെ ജില്ലാതല ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് അംഗങ്ങളുടെ സഹകരണത്തോടെ പ്രാഥമിക പഠനം നടത്തി പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന്, 03.03.2020 ലെ സ.ഉ. (കൈ)നം. 5/2020/പരി. നമ്പർ ഉത്തരവ് പ്രകാരം ബി.എം.സി.കൾക്ക് അനുമതി നൽകി.
5. ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 41 ൽ നിഷ്ക്കർഷിച്ചിട്ടുള്ളതിൻ പ്രകാരം, വകുപ്പ് 3, 6 എന്നിവ പ്രകാരം ജൈവവിഭവങ്ങളുടെ വിനിയോഗത്തിനായി ലഭ്യമാകുന്ന അപേക്ഷകളിന്മേൽ കൈക്കൊള്ളേണ്ട നടപടിക്രമങ്ങളുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി.
6. ഗോത്ര അറിവുകളുടെ വിനിയോഗത്തിനായി ലഭ്യമാകുന്ന അപേക്ഷകളിന്മേൽ കൈക്കൊള്ളേണ്ട നടപടിക്രമങ്ങളുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി.

### 4. വിപുലീകരണ പ്രവർത്തനങ്ങളും പരിശീലനങ്ങളും

1. പൊതുജനങ്ങൾക്കായി പ്രവർത്തിച്ചു വരുന്ന ജൈവവൈവിധ്യ മ്യൂസിയത്തിൽ അതിന്റെ പ്രാരംഭ കാലഘട്ടത്തിൽ തന്നെ 290 സ്കൂളുകളിൽ നിന്നും, 10 കോളേജുകളിൽ നിന്നും സന്ദർശകരെത്തുകയും, ദേശീയതലത്തിൽ ശ്രദ്ധ നേടുകയും ചെയ്തു.
2. ബോധവൽക്കരണം, അറിവുപകർന്നു നൽകൽ എന്നീ ലക്ഷ്യങ്ങളോടുകൂടി, 2019 ലെ പരിസ്ഥിതി ദിനം, വന്യജീവി വാരാചരണം, ദേശീയ പക്ഷി ദിനം എന്നിവ ആചരിച്ചു.
3. ജൈവവൈവിധ്യ നിയമത്തിന്റെ കാര്യനിർവ്വഹണവുമായി ബന്ധപ്പെട്ട് സതേൺ, നോർത്തേൺ, ഈസ്റ്റേൺ സർക്കിളുകളിൽപ്പെട്ട എല്ലാ തലത്തിലെയും (ടെറിട്ടോറിയൽ/ വൈൽഡ്‌ലൈഫ് / ഫ്ളൈയിംഗ് സ്ക്വാഡ്) റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, ഡി.എഫ്.ഒ.മാർ എന്നിവർക്ക് രണ്ട് ബാച്ചായി പരിശീലനം നൽകി. ജൈവവൈവിധ്യ നിയമത്തെക്കുറിച്ചും, ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മുനിസിഫ് മജിസ്ട്രേറ്റ് ട്രെയിനികൾക്ക് പരിശീലനം നൽകി. ജൈവവൈവിധ്യ നിയമവും ചട്ടങ്ങളും, കാലാവസ്ഥാ വ്യതിയാനവും ജൈവവൈവിധ്യവും, വനനിയമങ്ങളും ജൈവവൈവിധ്യ സംരക്ഷണവും, ഔഷധ സസ്യങ്ങൾക്കുള്ള ഭീഷണികൾ എന്നീ വിഷയങ്ങളിൽ പൊലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം സംഘടിപ്പിച്ചു
4. 2019 ലെ അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനാചരണത്തോടനുബന്ധിച്ച് എല്ലാ ജില്ലകളിലും വിദ്യാർത്ഥികൾക്കായി ‘വിത്തുസംരക്ഷകരോടൊപ്പം ഒരു ദിനം’ എന്ന പേരിൽ ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. ഓരോ ജില്ലയിലും വൈവിധ്യമാർന്ന കാർഷികവിളകളുടെ സംരക്ഷകരായിട്ടുള്ള പരമ്പരാഗത കർഷകരെ കണ്ടെത്തുകയും, 10-18 വയസ്സ് പ്രായമുള്ള 25 പേരടങ്ങുന്ന വിദ്യാർത്ഥികളുടെ സംഘം അവരുടെ കൃഷിയിടം സന്ദർശനം നടത്തുകയും ചെയ്തു. കാർഷിക ജൈവവൈവിധ്യ സംരക്ഷണത്തെക്കുറിച്ചുള്ള അനുഭവപാഠങ്ങൾ നേരിട്ടറിയുന്നതിനുള്ള അവസരം പ്രസ്തുത ക്യാമ്പിലൂടെ വിദ്യാർത്ഥികൾക്ക് ലഭ്യമായി.
5. ജൈവവൈവിധ്യത്തെക്കുറിച്ചുള്ള അവബോധന പ്രവർത്തനങ്ങളുടെ ഭാഗമായി, നിരവധി എക്സിബിഷനുകളിൽ കെ.എസ്.ബി.ബി. പങ്കെടുത്തു.
6. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉത്തമ മാതൃകകളായി വർത്തിക്കുന്ന വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കുമായി 10 വിഭാഗങ്ങളിലായി, 2018 ലെ ജൈവവൈവിധ്യ പുരസ്കാരങ്ങൾ, ഫലകം,

സർട്ടിഫിക്കേറ്റ്, ക്യാഷ് അവാർഡ് എന്നിവ സഹിതം നൽകുകയുണ്ടായി.

7. 'കാലാവസ്ഥാ വ്യതിയാനവും കാർഷിക ജൈവ വൈവിധ്യവും' എന്ന വിഷയത്തെ ആസ്പദമാക്കി 12-ാം മത് കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ് ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും കുട്ടികളുടെ ആവേശോജ്ജ്വലമായ പങ്കാളിത്തത്തോടെ സംഘടിപ്പിച്ചു.



## 4. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ

**പ്രധാന നേട്ടങ്ങൾ**

- 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (941 ഗ്രാമപഞ്ചായത്തുകൾ, 87 മുൻസിപ്പാലിറ്റികൾ, 6 കോർപ്പറേഷൻ) ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ പൂർത്തീകരിച്ചു.
- ജൈവവൈവിധ്യ പരിപാലന സമിതിയുടെ രൂപീകരണം ത്രിതല പഞ്ചായത്തുകളുൾപ്പെടെ എല്ലാ (1200) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൂർത്തീകരിച്ചു.
- ജൈവവൈവിധ്യ പരിപാലന സമിതികളിൽ ഇ- ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (ഇ-പി.ബി.ആർ) തയ്യാറാക്കൽ പ്രവർത്തനങ്ങൾ തുടങ്ങി
- 28 ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് മാതൃക ബി.എം.സി. പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കാൻ സഹായധനം നൽകി.
- 3 വിഷയാധിഷ്ഠിത ജൈവവൈവിധ്യ സംരക്ഷണ മേഖലകളെ കണ്ടെത്തി സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
- കേരളത്തിലെ ആദ്യത്തെ ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ പ്രഖ്യാപനം കൊല്ലം ജില്ലയിലെ ആശ്രാമത്ത് നടന്നു.
- 4 പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളുടേയും, 6 പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങളുടേയും പ്രഖ്യാപനം നടത്തി.

### 4.1. ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ (പി.ബി.ആർ)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ പരിപാലന സമിതികൾ ജനപങ്കാളിത്തത്തോടെ, ജൈവവൈവിധ്യ ബോർഡിന്റെ സാങ്കേതിക സഹായത്താലും, ഒപ്പം രൂപീകരിക്കപ്പെട്ടിട്ടുള്ള സാങ്കേതിക സഹായ സംഘാംഗങ്ങളുടെ (റ്റി.എസ്.ജി) സഹായത്തോടെ തയ്യാറാക്കിയ സമഗ്രമായ ആധികാരിക രജിസ്റ്റർ ആണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് നമ്പർ OA347/2016, തീയതി 09.08.2019 പ്രകാരം ജൈവവൈവിധ്യ ആക്ട് 2002 അനുസരിച്ച്, അവശേഷിച്ചിരുന്ന പി.ബി.ആറുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പൂർത്തീകരിച്ചു. ഇപ്രകാരം 2019-20 ൽ ബാക്കിയുണ്ടായിരുന്ന 75 പി.ബി.ആറുകൾ തയ്യാറാക്കി കേരളത്തിലെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പി.ബി.ആർ. പൂർണ്ണമായി തയ്യാറാക്കിക്കഴിഞ്ഞു. ഇതിൽ 914 ഗ്രാമപഞ്ചായത്തുകളും 87 മുൻസിപ്പാലിറ്റികളും, 6 കോർപ്പറേഷനുകളും ഉൾപ്പെടുന്നു.

| ക്രമ. നം | ജില്ല | ആകെ തയ്യാറാക്കിയ പി.ബി.ആർ കളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 73 ഗ്രാമപഞ്ചായത്തുകൾ + 4 മുൻസിപ്പാലിറ്റികൾ + 1 കോർപ്പറേഷൻ |
| 2. | കൊല്ലം | 68 ഗ്രാമ പഞ്ചായത്തുകൾ + 4 മുൻസിപ്പാലിറ്റികൾ + 1 കോർപ്പറേഷൻ |
| 3. | പത്തനംതിട്ട | 53 ഗ്രാമപഞ്ചസായത്തുകൾ + 4 മുൻസിപ്പാലിറ്റികൾ |
| 4. | ആലപ്പുഴ | 72 ഗ്രാമപഞ്ചായത്തുകൾ + 6 മുൻസിപ്പാലിറ്റികൾ |
| 5. | കോട്ടയം | 71 ഗ്രാമപഞ്ചായത്തുകൾ + 6 മുൻസിപ്പാലിറ്റികൾ |
| 6. | ഇടുക്കി | 52 ഗ്രാമപഞ്ചായത്തുകൾ + 2 മുൻസിപ്പാലിറ്റികൾ |

| | | |
|---|---|---|
| 7. | എറണാകുളം | 82 ഗ്രാമപഞ്ചായത്തുകൾ + 13 മുൻസിപ്പാലിറ്റികൾ + 1 കോർപ്പറേഷൻ |
| 8. | തൃശ്ശൂർ | 86 ഗ്രാമപഞ്ചായത്തുകൾ + 7 മുൻസിപ്പാലിറ്റികൾ + 1 കോർപ്പറേഷൻ |
| 9. | പാലക്കാട് | 88 ഗ്രാമപഞ്ചായത്തുകൾ + 7 മുൻസിപ്പാലിറ്റികൾ |
| 10. | മലപ്പുറം | 94 ഗ്രാമപഞ്ചായത്തുകൾ + 12 മുൻസിപ്പാലിറ്റികൾ |
| 11. | കോഴിക്കോട് | 70 ഗ്രാമപഞ്ചായത്തുകൾ + 7 മുൻസിപ്പാലിറ്റികൾ + 1 കോർപ്പറേഷൻ |
| 12. | വയനാട് | 23 ഗ്രാമപഞ്ചായത്തുകൾ + 3 മുൻസിപ്പാലിറ്റികൾ |
| 13. | കണ്ണൂർ | 71 ഗ്രാമപഞ്ചായത്തുകൾ + 9 മുൻസിപ്പാലിറ്റികൾ + 1 കോർപ്പറേഷൻ |
| 14. | കാസർഗോഡ് | 38 ഗ്രാമപഞ്ചായത്തുകൾ + 3 മുൻസിപ്പാലിറ്റികൾ |

ബഹു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ 09.08.2019 ലെ ഉത്തരവ് (OA.347/2016) പ്രകാരം പി.ബി.ആർ പൂർത്തീകരിക്കുന്നത് സംബന്ധിച്ച് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് താഴെപ്പറയുന്ന നടപടിക്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

» പി.ബി.ആർ തയ്യാറാക്കുന്ന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 18.09.2019, 15.10.2019 എന്നീ തീയതികളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സെക്രട്ടറിമാരും, ഗ്രാമപഞ്ചായത്ത്, അർബൻ ഡയറക്ടറേറ്റ് പ്രതിനിധികളുമായി ചേർന്ന് സംയുക്ത അവലോകനം നടത്തുകയുണ്ടായി.
» ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം 28.10.2019 ൽ സംസ്ഥാന ചീഫ് സെക്രട്ടറി പരിസ്ഥിതി, തദ്ദേശ സ്വയംഭരണ വകുപ്പുകളിലെ പ്രിൻസിപ്പൽ സെക്രട്ടറിമാർ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ, മെമ്പർ സെക്രട്ടറി, പഞ്ചായത്തുവകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ, നഗരകാര്യ ഡയറക്ടറേറ്റ്, റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണറേറ്റ് എന്നിവിടങ്ങളിലെ പ്രതിനിധികളുമായി ചേർന്ന് യോഗം നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി ചീഫ് സെക്രട്ടറി പ്രസ്തുത ഉത്തരവിൻ പ്രകാരമുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഭരണപരമായ സഹായം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് വഴി നൽകാനും നിർദ്ദേശിച്ചു.
» ഹരിത ട്രിബ്യൂണലിന്റെ സമാനമായ ഉത്തരവുപ്രകാരം കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാന മന്ത്രാലയവും (MoEF&CC), ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും (NBA), സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളും, കേന്ദ്രഭരണ പ്രദേശങ്ങളുമായി ചേർന്ന് പി.ബി.ആർ തയ്യാറാക്കൽ, ബി.എം.സി കളുടെ രൂപീകരണം എന്നിവ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായുള്ള അവലോകനയോഗങ്ങൾ നടത്തുകയുണ്ടായി. യോഗവിവരങ്ങൾ താഴെ കൊടുക്കുന്നു.
  - ഒന്നാം അവലോകനയോഗം 30.09.2019 ൽ കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽ വച്ച് നടന്നു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാനും, മെമ്പർ സെക്രട്ടറിയും പങ്കെടുത്തു.
  - രണ്ടാം അവലോകനയോഗം 17.10.2019 ൽ പ്രസ്തുത മന്ത്രാലയത്തിൽ വച്ച് നടന്നു. ബോർഡ് ചെയർമാനും, മെമ്പർ സെക്രട്ടറിയും പങ്കെടുത്തു.
  - മൂന്നാം അവലോകന യോഗം 27-28 നവംബർ മാസം 2019 -ൽ ചെന്നൈയിൽ വച്ച് നടന്നു. ബോർഡ് ചെയർമാനും, മെമ്പർ സെക്രട്ടറിയും പങ്കെടുത്തു.
  - നാലാം അവലോകനയോഗം വീഡിയോ കോൺഫറൻസ് വഴി 19.12.2019 ൽ ദേശീയ വിവരസാങ്കേതിക കേന്ദ്രം (NIC) ചെന്നൈയിൽ വച്ച് നടത്തുകയുണ്ടായി. ഇതിൽ അതാത് സംസ്ഥാന ബോർഡുകളിലെ മെമ്പർ സെക്രട്ടറിമാർ/പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി.
  - അഞ്ചാമത്തെ അവലോകനയോഗം 22.01.2020, വീഡിയോ കോൺഫറൻസ് വഴി ചെന്നൈയിലെ വിവരസാങ്കേതിക കേന്ദ്ര (NIC) ത്തിൽവച്ച് നടന്നു. പ്രസ്തുത കോൺഫറൻസിൽ അതാത് സംസ്ഥാന ജൈവവൈവിധ്യബോർഡുകളിലെ മെമ്പർ സെക്രട്ടറിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു.

### 4.2. ബ്ലോക്ക് – ജില്ലാതല ജൈവവൈവിധ്യ പരിപാലന സമിതികളുടെ രൂപീകരണം.

09.08.2019 ലെ ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിൻ പ്രകാരം സംസ്ഥാനങ്ങളിലെ എല്ലാ ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും (ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്) ബി.എം.സികളുടെ രൂപീകരണം നടത്താൻ ദേശീയ ജൈവവൈവിധ്യ അതോറിറ്റി നിർദ്ദേശം നൽകി. അതിൻപ്രകാരം

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ബ്ലോക്കു പഞ്ചായത്തുകളിലും, ജില്ലാ പഞ്ചായത്തുകളിലും ജൈവവൈവിധ്യ പരിപാലനസമിതി രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇതുമായി ബന്ധപ്പെട്ട് 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും, ജില്ലാ പഞ്ചായത്തുകൾക്കും, 2019 ഡിസംബർ അവസാനത്തോടെ ബി.എം.സി. രൂപീകരണം പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകി. ഇതനുസരിച്ച് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ബ്ലോക്ക് ജില്ലാതല ബി.എം.സികൾ രൂപീകരിക്കാൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ 152 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് 09.12.2019 ൽ വീഡിയോ കോൺഫറൻസ് വഴി നൽകുകയുണ്ടായി. 18.12.2019 ൽ 14 ജില്ലാപഞ്ചായത്തുകളിലെ സെക്രട്ടറിമാർക്കും വീഡിയോ കോൺഫറൻസ് വഴി മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി കേരളത്തിലെ 1200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും (941 ഗ്രാമപഞ്ചായത്ത്, 14 ജില്ലാ പഞ്ചായത്ത്, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 87 മുൻസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ) ജൈവവൈവിധ്യ പരിപാലന സിമതികൾ പൂർണ്ണമായി രൂപീകരിച്ചു.

### 4.3. ബി.എം.സികളുടെ ശാക്തീകരണം

#### 4.3.1. മാതൃകാ ബി.എം.സി കളുടെ കർമ്മപരിപാടികൾ.

ജൈവവൈവിധ്യ ആക്ട് 2002, ചട്ടങ്ങൾ 2004, കേരള ജൈവവൈവിധ്യ ചട്ടങ്ങൾ 2008 എന്നിവ പ്രകാരം, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും ബി.എം.സി. രൂപീകരിച്ചിട്ടുണ്ട്. അതത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള ജൈവവൈവിധ്യ സംരക്ഷണം, അതുമായി ബന്ധപ്പെട്ട അറിവുകൾ/ പരമ്പരാഗത അറിവുകൾ എന്നിവയുടെ ക്രോഡീകരണവും, അത്തരം അറിവുകൾ ജൈവവൈവിധ്യ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ബി.എം.സി.കളുടെ കർത്തവ്യമാണ്. കേരള സർക്കാരിന്റെ 13.05.2013 ലെ 04/13/പരി. നമ്പർ ഉത്തരവ് പ്രകാരം ജൈവവൈവിധ്യ പരിപാലന സമിതികൾ പരിസ്ഥിതിയുടെ കാവൽക്കാരായി പ്രവർത്തിക്കേണ്ടതാണ്. ജൈവവൈവിധ്യത്തിനും, പരിസ്ഥിതിയ്ക്കും ഹാനികരമായി ചെയ്യുന്ന പ്രവർത്തനങ്ങൾ (നിലവിലുള്ള ആക്ട്, ചട്ടങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിക്കാതെ നടത്തുന്ന പ്രവർത്തനങ്ങൾ) തടയാനും, അത് ബന്ധപ്പെട്ട മേലധികാരികളെ അറിയിക്കാനുമുള്ള ചുമതല ബി.എം.സിയിൽ നിക്ഷിപ്തമാണ്. ഇത്തരം വിധ്വംസന പ്രവർത്തനങ്ങൾ ജൈവവൈവിധ്യ - പരിസ്ഥിതി ശോഷണത്തിനും, സാധാരണ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും, ഹാനികരമായിത്തീരാറുണ്ട്. ഇത് കൃത്യമായി നോക്കി യുക്തമായ നടപടികൾ കൈക്കൊള്ളേണ്ട പൂർണ്ണ ചുമതല ബി.എം.സിയ്ക്കാണ്.

13-ാം പഞ്ചവത്സര പദ്ധതി ആസൂത്രണത്തിൽ ബി.എം.സികളുടെ ശാക്തീകരണത്തിനും, അതിലൂടെ കൂടുതൽ നിപുണത കൈവരിക്കാനും, പ്രാദേശിക തലത്തിലുള്ള ജൈവവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗ നിർവ്വഹണവും, താഴെത്തട്ടിൽ നടപ്പാക്കേണ്ട നയരൂപീകരണങ്ങളും, സഹായവും പ്രധാന ഉദ്ദേശലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മാതൃകാ ബി.എം.സി. പദ്ധതിയ്ക്ക് രൂപം നൽകി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇതിലൂടെ വിജയം കൈവരിക്കുന്ന മാതൃകകൾ തുടർ വർഷങ്ങളിൽ കൂടുതൽ മാതൃകാ ബി.എം.സികൾ തുടങ്ങാൻ സഹായകരമാകും. 2017 – 18 വർഷത്തിൽ 20 ബി.എം.സികളിൽ തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2019 – 20 ൽ 28 ബി.എം.സികൾ കൂടി (ഓരോ ജില്ലയിൽ നിന്ന് രണ്ട് വീതം) തെരഞ്ഞെടുത്ത് പ്രാദേശികമായി നടപ്പിലാക്കാവുന്ന ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രത്യേകം പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യ ഗഡുവായി 3 ലക്ഷം രൂപവീതം ഓരോ ബി.എം.സിക്കും പദ്ധതി നടത്തിപ്പിനായി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ബി.എം.സി. യുടെ പേര്, ജില്ല | നടപ്പിലാക്കുന്ന പദ്ധതികൾ |
|---|---|---|
| 1 | കല്ലിയൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | • വെള്ളായണിക്കായലിലേക്ക് വെള്ളം എത്തിക്കുന്ന തോടുകളും അരുവികളും തലക്കുളങ്ങളും പുനരുദ്ധാരണം<br>• കന്നുകാലിച്ചാലിന്റെ ഇരുവശങ്ങളിലും മുള, കൈത, ഈറ ഇവ വച്ചുപിടിപ്പിക്കൽ |

| | | |
|---|---|---|
| | | • വെള്ളായണിക്കായൽ തീരത്ത് തനത് ഫലവൃക്ഷതൈകൾ വച്ച് പിടിപ്പിക്കൽ<br>• കിരീടം പാലത്തിനു സമീപം തനത് പക്ഷികളുടെയും ദേശാടന പക്ഷികളുടെയും ആവാസവ്യവസ്ഥ (കൊറ്റില്ലം) പുനസ്ഥാപിക്കുക |
| 2 | കാട്ടാക്കട ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | • കുളത്തുമ്മൽ തോട് (22 കി.മീ.) ജൈവവേലി കെട്ടി സംരക്ഷണം<br>• ഔഷധസസ്യത്തോട്ടം (ഊറ്റുകുഴി ആയുർവ്വേദ ആശുപത്രി)<br>• ശലഭോദ്യാനം (ആമച്ചൽ)<br>• കിഴങ്ങുവർഗ്ഗ സംരക്ഷണം |
| 3 | തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്, കൊല്ലം | • അഷ്ടമുടിക്കായലിന്റെ തീരങ്ങളിൽ കണ്ടൽ വച്ചുപിടിപ്പിക്കൽ |
| 4 | മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത്, കൊല്ലം | • കണ്ടൽ സംരക്ഷണം<br>(നടപ്പിലാക്കുന്ന രീതി - റൈലി എൻകേസ്മെന്റ്) |
| 5 | അയിരൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | • ജൈവവൈവിധ്യ പുനസ്ഥാപനം (പ്രളയത്തിന്റെ പശ്ചാത്തലത്തിൽ)<br>• പമ്പാതീരത്ത് ആറ്റുവഞ്ചി വച്ചുപിടിപ്പിക്കൽ<br>• 6 കാവുകളുടെ സംരക്ഷണം<br>• ഔഷധസസ്യ തോട്ടം നിർമ്മിക്കുക |
| 6 | കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | • കോളത്ര കുളം സംരക്ഷണം<br>• പോത്തോലി ചാൽ സംരക്ഷണം<br>• കാവുകളുടെ സംരക്ഷണം<br>• 400 വർഷം പഴക്കമുള്ള കരിമ്പനയുടെ സംരക്ഷണം |
| 7 | കരുവാറ്റ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | • ജൈവവൈവിധ്യ സംരക്ഷണ പ്രജനന-വിതരണ കേന്ദ്രം<br>• (തനതിനങ്ങളായിട്ടുള്ളവയും കാലാവസ്ഥയ്ക്കനുസൃതമായിട്ടുള്ളതും ആവാസവ്യവസ്ഥയ്ക്ക് പ്രയോജനപ്രദമായിട്ടുള്ളതുമായ ഫല-കിഴങ്ങുവർഗ്ഗ-ഇലക്കറി-പച്ചക്കറി-സുഗന്ധവിള-ഔഷധ സസ്യങ്ങളുടെ ഗുണവിശേഷങ്ങൾ നിലനിർത്തുന്നതിനായി അവയുടെ വംശവർദ്ധനവ് നടത്തുക, മറ്റു സ്ഥലങ്ങളിലേക്കും വ്യാപനം നടത്തുക) |
| 8 | വീയ്യപുരം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | • കാവുകൾ, കുളങ്ങൾ, ഔഷധസസ്യങ്ങളുടെ സംരക്ഷണം<br>• തേനൂറും തേൻവരിക്ക- സമ്പൂർണ്ണ തേൻവരിക്ക പഞ്ചായത്ത് |
| 9 | അയർക്കുന്നം ഗ്രാമപഞ്ചായത്ത്, കോട്ടയം | • ആറ്റുവഞ്ചി സംരക്ഷണം - മീനച്ചിലാറിന്റെ തീരത്ത് |
| 10 | ഞീഴൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം | • തനത് പ്ലാവ്, മാവ് എന്നിവയുടെ സംരക്ഷണം<br>• ഔഷധസസ്യകൃഷി സംരക്ഷണം |
| 11 | തൊടുപുഴ മുൻസിപ്പാലിറ്റി, ഇടുക്കി | • പൊതുസ്ഥലങ്ങളിൽ ഫലവൃക്ഷതൈകൾ, തണൽ മരങ്ങൾ വച്ചുപിടിപ്പിക്കൽ<br>• നാടൻ ഇനങ്ങളുടെ സംരക്ഷണം (കൃഷി, മൃഗസംരക്ഷണം)<br>• ജൈവകൃഷി പ്രോത്സാഹനം<br>• കാവുകൾ, കുളങ്ങൾ, ചതുപ്പുകൾ എന്നിവയുടെ സംരക്ഷണം<br>• ഉപേക്ഷിക്കപ്പെട്ട ക്വാറികളുടെ സംരക്ഷണം |

| | | |
|---|---|---|
| 12 | മരിയാപുരം ഗ്രാമപഞ്ചായത്ത്, ഇടുക്കി | • ഹരിതപുരം പാർക്ക് - പ്രളയം മൂലം നാശോന്മുഖമായ പെരിയാറിന്റെ തീരത്തെ പുനസൃഷ്ടിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായുള്ള പദ്ധതി (വിവിധ വകുപ്പുകളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന സമഗ്രമായ പദ്ധതി) |
| 13 | കടമക്കുടി ഗ്രാമപഞ്ചായത്ത്, എറണാകുളം | • തനതു പൊക്കാളി സംരക്ഷണം |
| 14 | ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത്, എറണാകുളം | • തനതു പൊക്കാളി സംരക്ഷണം |
| 15 | കൊടകര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ | • പഞ്ചായത്തിലെ കാവുകളുടെ സംരക്ഷണം |
| 16 | എടത്തിരുത്തി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ | • കനോലി കനാലിന്റെ പുനരുദ്ധാരണം (15 കി.മീ.) |
| 17 | വെള്ളിനേഴി ഗ്രാമപഞ്ചായത്ത്, പാലക്കാട് | • കാവുകളുടെ സംരക്ഷണം<br>• നക്ഷത്രവനം, ശലഭോദ്യാനം<br>• നാട്ടുപൂന്തോട്ടം, ഔഷധത്തോട്ടം<br>• ജൈവവൈവിധ്യത്തോട്ടം<br>• കാവുവൽക്കരണം, പുഴ സംരക്ഷണം<br>• കൊറ്റില്ലങ്ങളുടെ സംരക്ഷണം<br>• കരിമ്പനക്കൂട്ടങ്ങൾ വച്ചുപിടിപ്പിക്കൽ<br>• ഈന്തപ്പനക്കൂട്ടങ്ങൾ<br>• നാട്ടുവൈദ്യത്തിന്റെ പ്രസക്തിയും നാട്ടറിവ് സംരക്ഷണവും<br>• നാടൻ പശു, അറുപതാം കോഴി പുനരധിവാസം |
| 18 | നെമ്മാറ ഗ്രാമപഞ്ചായത്ത്, പാലക്കാട് | • പാലക്കാടൻ മട്ടയുടെ തനത് നെല്ലിനങ്ങളുടെ സംരക്ഷണവും വ്യാപനവും |
| 19 | പൊന്നാനി മുൻസിപ്പാലിറ്റി, മലപ്പുറം | • നൈതല്ലൂർ പൂക്കയിൽ പാടത്തിനടുത്ത് നഗരസഭയുടെ അധീനതയിലുള്ള സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് |
| 20 | ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്, മലപ്പുറം | • ജൈവവൈവിധ്യ പാർക്ക് - ഓടക്കയം ഗവ. യു.പി. സ്കൂൾ |
| 21 | പെരുമണ്ണ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് | • ജൈവവൈവിധ്യ ഉദ്യാനം - ഗവ. ഇ.എം.എസ്. എച്ച്.എസ്.എസ്. സ്കൂളിലെ 50 സെന്റ് തരിശുനിലത്തിൽ |
| 22 | കോട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് | • ഔഷധകൃഷിയും ജൈവവൈവിധ്യ പരിപാലനവും വ്യാപിപ്പിക്കൽ<br>• പുഴയോര സംരക്ഷണം<br>• ജൈവവൈവിധ്യ പാർക്ക്<br>• ജൈവവൈവിധ്യ ഉദ്യാനങ്ങൾ (50 യൂണിറ്റുകൾ) |
| 23 | മാനന്തവാടി മുനിസിപ്പാലിറ്റി, വയനാട് | • പ്രളയാനന്തര ആവാസവ്യവസ്ഥാ പുനർനിർമ്മാണവും ജൈവവൈവിധ്യ സംരക്ഷണവും<br>• പുഴയോരത്തെ സസ്യാവരണം വർദ്ധിപ്പിക്കുക<br>• ഉരുൾപ്പൊട്ടിയ സ്ഥലങ്ങളിൽ മുളവൽക്കരണം<br>• ബോധവൽക്കരണം |

| | | |
|---|---|---|
| 24 | പനമരം ഗ്രാമപഞ്ചാത്ത്, വയനാട് | • പനമരം കൊറ്റില്ലം സംരക്ഷണം |
| 25 | കുത്തുപ്പറമ്പ് മുനിസിപ്പാലിറ്റി, കണ്ണൂർ | • ജൈവവൈവിധ്യത്തെ നശിപ്പിക്കാതെ അതേപ്പടി ഭാവിതലമുറയ്ക്ക് കൈമാറുകയും വംശനാശഭീഷണി നേരിടുന്നതും ആവാസവ്യവസ്ഥയ്ക്കനുയോജ്യവുമായ സസ്യജനുസ്സുകളുടെ വ്യാപനം<br>• മരങ്ങളുടെ സംരക്ഷണം<br>• വള്ളിക്കെട്ടുകളുടെ സംരക്ഷണം<br>• ചിത്രശലഭങ്ങളുടെ ഉദ്യാനം<br>• ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കൽ<br>• തേനീച്ചപ്പെട്ടികൾ സ്ഥാപിക്കൽ<br>• ജൈവവേലി നിർമ്മാണം<br>• ഇക്കോടൂറിസത്തിന് പറ്റിയവിധത്തിൽ ആസൂത്രണവും നിർമ്മാണവും |
| 26 | കുറുമാത്തൂർ ഗ്രാമപഞ്ചാത്ത്, കണ്ണൂർ | • ജൈവവൈവിധ്യ പരിപാലനവും ദുരന്തനിവാരണവും പരിസ്ഥിതി സംരക്ഷണവും<br>• ആരണ്യകം (വനവൽക്കരണവും സംരക്ഷണവും)<br>• പുഴയോര വനവൽക്കരണം<br>• ഫലവൃക്ഷതൈകളുടെ ഉൽപ്പാദനവും നടീലും<br>• സ്കൂളുകളിൽ ഔഷധസസ്യത്തോട്ടം<br>• പുഴയോര കണ്ടൽവൽക്കരണം<br>• തോട് സംരക്ഷണത്തിന് കൈത നടീൽ<br>• കാർബൺ ന്യൂട്രൽ പഞ്ചായത്ത് |
| 27 | കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്, കാസർഗോഡ് | • തനത് ഫലവൃക്ഷ ഭക്ഷ്യവിളകളുടെ സംരക്ഷണം<br>• നാടൻ ആടിനങ്ങളുടെയും പശുക്കളുടെയും മോഡൽ ഫാം<br>• നാശം നേരിടുന്ന ആവാസവ്യവസ്ഥ സംരക്ഷണം – പള്ളം സംരക്ഷണം<br>• കാവുവൽക്കരണം, കാവ് സംരക്ഷണം |
| 28 | നീലേശ്വരം മുൻസിപ്പാലിറ്റി, കാസർഗോഡ് | • പള്ളം സംരക്ഷണവും തനത് ജൈവോദ്യാനമാക്കലും<br>• റോഡരികിൽ നാടൻ ഫലവൃക്ഷവൽക്കരണം<br>• പുഴയുടെ തീരത്ത് മുളയും കണ്ടൽക്കാടുകളും വച്ചുപിടിപ്പിക്കൽ<br>• കച്ചേരിക്കടവിൽ ജൈവവൈവിധ്യ പാർക്ക് |

**4.3.2. വിഷയാധിഷ്ഠിത** (Theme) **ജൈവവൈവിധ്യ സംരക്ഷണപ്രദേശങ്ങൾ:–**

കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ വിഷയാധിഷ്ഠിത ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ കാവുകൾ, കണ്ടൽക്കാടുകൾ, നദിയോര വൃക്ഷലതാദികൾ, അപൂർവ്വയിനം വംശനാശഭീഷണി നേരിടുന്ന സസ്യജാലങ്ങൾ തുടങ്ങിയവകളുടെ സംരക്ഷണമാണ് പ്രധാനമായി ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബി.എം.സിയുടെ സഹകരണത്തോടെയാണ് ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുന്നത്.

- **കൊല്ലം ജില്ലയിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന കാവുകളുടെ സംരക്ഷണം–**
  ജൈവവൈവിധ്യ സംരക്ഷണപ്രക്രിയയിൽ വേറിട്ടു നിൽക്കുന്ന അനുപമായ ആവാസവ്യവസ്ഥയാണ് കാവുകൾ. കാവുകളിൽ പോറലേൽക്കാതെ തിങ്ങിവളരുന്ന പച്ചപ്പിനെ കൂടുതൽ ഹരിതാഭയാക്കുന്നത് അതിനുള്ളിലെ വിഭിന്ന ശ്രേണികളിൽ വളരുന്ന വൃക്ഷങ്ങളും, ഇടകലർന്നുവളരുന്ന കുറ്റിച്ചെടികൾ, ചെറുവൃക്ഷങ്ങൾ വള്ളിപ്പടർപ്പുകൾ, ഓഷധികൾ എന്നിവയുമാണ്. കൂടാതെ കാവുകൾ ധാരാളം അപൂർവ്വ വൃക്ഷങ്ങളുടെയും, ദേശ്യജാതിസസ്യങ്ങളുടെയും, വംശനാശ ഭീഷണി നേരിടുന്ന സസ്യജാലങ്ങളുടെയും, സാമ്പത്തിക പ്രാധാന്യമുള്ള ഫലവൃക്ഷാദികളുടെയും, ഔഷധഗുണമുള്ള സസ്യങ്ങളുടെയും, പക്ഷികളുടെയും,, ഉരഗങ്ങളുടെയും,

പ്രത്യേകിച്ചും സർപ്പ ജാതികൾ, മറ്റ് അപൂർവ്വ ദേശ്യജാതി ജന്തു ജാലങ്ങളുടെയും ആവാസസ്ഥാനമാണ്. ഇത്തരം ആവാസവ്യവസ്ഥയെ സസൂക്ഷ്മം സംരക്ഷിക്കാൻ പ്രത്യേകിച്ച്, ജനപങ്കാളിത്തത്തോടെ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ/ ബി.എം.സി. കൾ, പ്രദേശവാസികൾ എന്നിവരുടെ സഹകരണത്തോടെ പദ്ധതി നിർവ്വഹണം നടത്താനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ചടയമംഗലം ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന പോരേടം മഹാദേവക്ഷേത്രത്തിലെ മൂന്ന് ഏക്കർ 60 സെന്റ് വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന കാവും കുളവും ഉൾപ്പെടുന്ന പ്രദേശം തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഈ പ്രോജക്ട് നടപ്പിലാക്കുന്നത് പാലോട് ജവഹർലാൽനെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ്. പ്രസ്തുത കാവിന് മനുഷ്യരുടെ ഇടപെടലുകളാൽ, അവിടെ നിലനിന്നിരുന്ന പ്രാചീനമായ ആവാസവ്യസ്ഥയിൽ സാരമായ പോറലേറ്റിറ്റുണ്ട്. ഇതിന്റെ പരിപോഷണത്തിനായി ജെ.എൻ.ടി.ബി.ജി.ആർ.ഐ യ്ക്ക് 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആദ്യഗഡുവായി 4 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

**പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ**

- ജനപങ്കാളിത്തത്തോടെ കാവുകളുടെ സുസ്ഥിരമായ നിർവ്വഹണ മാതൃക വികസിപ്പിച്ചെടുക്കുക.
- കാവുകളുടെയും, ഒപ്പമുള്ള കുളങ്ങളുടേയും, തനത് ആവാസവ്യവസ്ഥകളുടെ പുന:സ്ഥാപനം നടത്തി കാവുകളിലെയും, കുളങ്ങളിലേയും ജൈവവൈവിധ്യത്തെ പരിപോഷിപ്പിക്കുക.
- പുന:സ്ഥാപനം ചെയ്യുന്നതിനോടൊപ്പം,സുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

➢ **ജൈവവൈവിധ്യ ഉദ്യാനം– ഏഴോം, കണ്ണൂർ**

ജൈവവൈവിധ്യ പഠനകേന്ദ്രമായി വികസിപ്പിച്ചെടുക്കുക എന്നതാണ് പ്രസ്തുത പ്രോജക്ടിലൂടെ വിഭാവനം ചെയ്യുന്നത്. ഇതിനായി ഏഴോം ഗ്രാമപഞ്ചായത്തിലെ സർക്കാർ ഹയർസെക്കൻഡറി സ്കൂളിലെ സ്കൂൾ, കോട്ടിലയിൽ 2.5 ഏക്കർ സ്ഥലം നൽകിയിട്ടുണ്ട്. ഇതിലൂടെ നടപ്പാക്കാൻ പോകുന്ന പ്രവർത്തനങ്ങൾ:

- ജൈവവൈവിധ്യ ഉദ്യാനത്തിന്റെ ഒരു മാതൃക പ്രധാന പഠനയിടമായി (Educational hub) പ്രദേശത്തിനടുത്തുള്ള മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും കൂടി പ്രയോജനകരമാകത്തക്കവണ്ണം വികസിപ്പിച്ചെടുക്കുക.
- ഉദ്യാന നിർമ്മാണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന വിവിധതരം സസ്യജാലങ്ങളുടെ പേരുകൾ (ശാസ്ത്രീയ നാമമുൾപ്പെടെ) എഴുതിവയ്ക്കുക.
- തൈകളുടെ ഉല്പാദനത്തിനായി ഒരു നഴ്സറി തയ്യാറാക്കുക.
- പരിസ്ഥിതി സൗഹൃദ വിശദീകരണ (Eco friendly interpretation centre) കേന്ദ്രം തുടങ്ങുക
- ഉദ്യാന സന്ദർശകർക്കുവേണ്ടിയുള്ള നടപ്പാത ഘട്ടംഘട്ടമായി നിർമ്മിക്കുക.

പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പ് ചുമതല ഏഴോം ഗ്രാമപഞ്ചായത്തിലെ ബി.എം.സിയ്ക്കാണ്. ഒപ്പം സ്കൂളിലെ ബയോഡൈവേഴ്സിറ്റി ക്ലബ്ബ് അംഗങ്ങളും പങ്ക് ചേരും. പ്രവർത്തനങ്ങൾ വിലയിരുത്താൻ പ്രസിഡന്റ് ഏഴോം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു അവലോകന കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ജി.എച്ച്.എസ്.എസ് കൊട്ടിലയിലെ പ്രിൻസിപ്പാളും കമ്മിറ്റി അംഗങ്ങളായിരിക്കും. ഇതിനായി 9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആദ്യഗഡുവായി 3 ലക്ഷം രൂപ ബി.എം.സിക്ക് നൽകിയിട്ടുണ്ട്. പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

➢ **തിരുവനന്തപുരം ജില്ലയിലെ നദിയോര ജൈവവൈവിധ്യ പരിപോഷണ പദ്ധതി**

ഈ പദ്ധതിയിൽ രണ്ട് പ്രധാന ഘടകങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ ബി.എം.സിയിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

- നെയ്യാറിന്റെ നദിയോര ആവാസവ്യവസ്ഥയുടെ സംരക്ഷണം – പരിപോഷണം
- ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം – ഉപയോഗയോഗ്യമല്ലാതെ കിടക്കുന്ന പാറമടയുടെ പരിസര പ്രദേശത്ത്, കുന്നിൻ പ്രദേശമായ കുക്കിരിപ്പാറയിലാണ് ഉദ്യാനം നിർമ്മിക്കുന്നത്. ഇതിനായി സംസ്ഥാന ജൈവവൈവിധ്യബോർഡ് 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 3 ലക്ഷം രൂപ ആദ്യഗഡുവായി പ്രവർത്തനങ്ങൾ ആരംഭിക്കാൻ നൽകിയിട്ടുണ്ട്.

**പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ ഇപ്രകാരമാണ്.**

1. നെയ്യാർ നദിയോര ആവാസവ്യസ്ഥയുടെ സംരക്ഷണം.

- നദിയോര ആവാസവ്യവസ്ഥയുടെ സംരക്ഷണവും പരിപോഷണവും
- നദി മലിനീകരണം കുറയ്ക്കാനുള്ള പ്രതിവിധികൾ നടപ്പാക്കുക.
- മുളയും, ഈറയും നദിയോരങ്ങളിൽ നട്ടുപിടിപ്പിക്കുകയും, സാധാരണജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ഇതിന്റെ ഉപയോഗം സാധ്യമാക്കുക

2. ജൈവവൈവിധ്യ ഉദ്യാനം

- ജൈവവൈവിധ്യ സംരക്ഷണം, ദേശ്യജാതിഫലവൃക്ഷങ്ങളുടെ പരിപോഷണം, വ്യാപനം.
- പരിസ്ഥിതി ബോധവത്ക്കരണം നൽകുക.
- പരിസര മലിനീകരണം കുറച്ച് ഉദ്യാനം ഭംഗിയുള്ളതാക്കി വിനോദ കേന്ദ്രമാക്കി മാറ്റുക.

**4.4. കേരളത്തിലെ ആദ്യത്തെ ജൈവവൈവിധ്യ പൈതൃക കേന്ദ്രം– കൊല്ലം ആശ്രാമം**

കേരള സർക്കാരിന്റെ വിജ്ഞാപനം GO No (P) No.1/2019/Envt. dated 3rd June 2019 പ്രകാരം കൊല്ലം ഈസ്റ്റ് വില്ലേജിൽ, കൊല്ലം നഗരസഭയുടെ അധികാര പരിധിയിൽ വരുന്ന/ ജൈവവൈവിധ്യ സമ്പന്ന പ്രദേശമായ (സർവ്വേ ബ്ലോക്ക് നമ്പർ 67,160,161, & 162 അഷ്ടമുടി തടാകം; കൊല്ലത്തെ ആശ്രാമം പ്രദേശം (ആശ്രാമം മൈതാനം ഒഴിച്ചുള്ള പ്രദേശങ്ങൾ), ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2019 ജൂൺ 5-ാം തീയതി, ലോക പരിസ്ഥിതി ദിനത്തിൽ പ്രഖ്യാപിച്ചു.

| ക്രമ. നം | ബ്ലോക്ക് നം. | സർവ്വേ നം. | വിസ്തീർണ്ണം (ഹെക്ടേഴ്സ്) | വിവരണങ്ങൾ |
|---|---|---|---|---|
| 1 | 160 | 1 | 13.81 ഹെക്ടർ | തുറമുഖ വകുപ്പ്, ഭാരത സർക്കാർ |
| | | 2 | | കേരള സർക്കാർ |
| | | 3 | | പോലീസ് വകുപ്പ്, കേരള സർക്കാർ |
| | | 4 | | ജലസേചന വകുപ്പ്, കേരള സർക്കാർ |
| | | 5 | | കേരള സർക്കാർ |
| | | 6 | | ഗതാഗത വകുപ്പ്, കേരള സർക്കാർ |
| | | 7 | | സംസ്ഥാന സർക്കാർ ലാൻഡ് (ഉടമസ്ഥാവകാശമില്ലാതെ കിടക്കുന്ന ഭൂമി) യാത്രി നിവാസ് |
| | | 8 | | കേന്ദ്ര സർക്കാർ (ഉടമസ്ഥാവകാശമില്ലാതെ കിടക്കുന്ന ഭൂമി) തുറമുഖ വകുപ്പ് |
| | | 9 | | സംസ്ഥാന സർക്കാർ ഭൂമി (ഉടമസ്ഥാവകാശമില്ലാതെ കിടക്കുന്ന ഭൂമി) ഹാർബർ ഡെവലപ്പ്മെന്റ് അതോറിറ്റി. |
| 2 | 161 | 1 | 16.92 ഹെക്ടർ | സംസ്ഥാന സർക്കാർ ഭൂമി (ഉടമസ്ഥാവകാശമില്ലാതെ കിടക്കുന്ന ഭൂമി) - ഗസ്റ്റ് ഹൗസ് കോർട്ടേഴ്സ് |
| | | 2 | | 1. സർക്കാർ ഭൂമി -അഡ്വഞ്ചർ പാർക്ക്<br>2. ഗസ്റ്റ് ഹൗസ്<br>3. ഗസ്റ്റ് ഹൗസ് അനെക്സ്<br>4. ചിൽഡ്രൻസ് പാർക്ക്<br>5. കോഫീ ഷോപ്പ് |
| 3 | 162 | 1 | 28.25 ഹെക്ടർ | ആശ്രാമം കായൽ |
| **ആകെ വിസ്തീർണ്ണം** | | | **57.53 ഹെക്ടർ (142.16 ഏക്കർ)** | |




**ഭരണനിർവ്വഹണ ആസൂത്രണവുമായി ബന്ധപ്പെട്ട യോഗ നടപടിക്രമങ്ങളുടെ (മിനിറ്റ്സിന്റെ) തീയതി താഴെക്കൊടുക്കുന്നു.**

1. മിനിറ്റ്സ് ഓഫ് സ്റ്റേക്ക് ഹോൾഡർ കൺസൽട്ടേഷൻ – 22.07.2017
2. മിനിറ്റ്സ് ഓഫ് സ്റ്റേക്ക് ഹോൾഡർ കൺസൽട്ടേഷൻ – 29.10.2019
3. മിനിറ്റ്സ് ഓഫ് സ്റ്റേക്ക് ഹോൾഡർ കൺസൽട്ടേഷൻ – 23.11.2019
4. മിനിറ്റ്സ് ഓഫ് സ്റ്റേക്ക് ഹോൾഡർ കൺസൽട്ടേഷൻ – 07.12.2019

### 4.5. പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ (LBHS)

ഇന്ത്യയിൽ ആദ്യമായിട്ടാണ് പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ എന്ന ആശയത്തിന് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് രൂപം നൽകിയത്. ഇത്തരം പൈതൃക കേന്ദ്രങ്ങൾ ബി.എം.സി വഴിയാണ് നടപ്പിലാക്കുന്നത്. സ്ഥാനീയമായി നിലനിൽക്കുന്ന ജൈവവൈവിധ്യ സമ്പന്നയിടങ്ങളും, അവിടെയുള്ള ആവാസ വ്യവസ്ഥകൾ/ വൃക്ഷങ്ങൾ എന്നിവ സംരക്ഷിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ബി.എം.സിയ്ക്ക് ഇത്തരം പ്രദേശങ്ങൾ കണ്ടെത്തി, ബി.എം.സി യോഗം കൂടി തീരുമാനമെടുത്ത് (ബയോഡൈവേഴ്സിറ്റി ആക്ട് 2002 സെക്ഷൻ 41 പ്രകാരം), സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അനുമതിയോടെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ബോർഡിന്റെ ജില്ലാതല സങ്കേതിക സഹായ സമിതിയുടെ സഹായത്തോടെ പ്രസ്തുതയിടങ്ങളിലെ സസ്യ-ജന്തുജാലങ്ങളുടെ ജൈവവൈവിധ്യ പ്രാധാന്യം പഠനത്തിന് വിധേയമാക്കിയശേഷം മാത്രമേ അനുമതി നൽകുകയുള്ളൂ. കേരളത്തിൽ ഇതുവരെ ഇത്തരത്തിൽ 9 പ്രാദേശിക ജൈവവൈവിധ്യ കേന്ദ്രങ്ങൾ/ വൃക്ഷങ്ങൾ ബി.എം.സി. വഴി പ്രഖ്യാപിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ പന്നിവേലിച്ചിറ (ഒരു ജലീയ ആവാസവ്യവസ്ഥ-തണ്ണീർത്തടം) യാണ് ആദ്യ പ്രാദേശിക ജൈവവൈവിധ്യ പൈതൃകകേന്ദ്രമായി പ്രഖ്യാപിച്ചത്. ഇപ്രകാരം പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിലാണ് ആദ്യത്തെ ജൈവവൈവിധ്യ പൈതൃക വൃക്ഷത്തെ പ്രഖ്യാപിക്കുന്നത്. പഞ്ചായത്തിലെ 200 വർഷം പഴക്കമുള്ള പറങ്കിമാവിനെയാണ് ഇത്തരമൊരു പൈതൃകവൃക്ഷ ബഹുമതി നൽകി ആദരിച്ചത്. ഇതുമായി ബന്ധപ്പെട്ട് ജൈവവൈവിധ്യ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി ഇത്തരം സ്ഥാനീയ പൈതൃക കേന്ദ്രങ്ങൾ പ്രഖ്യാപിക്കാൻ ബി.എം.സി. കൾക്ക് അനുമതി നൽകുന്നതിന് ശുപാർശ ചെയ്യുകയു

ണ്ടായി. ഇതനുസരിച്ച്, ബി.എം.സിയ്ക്ക് പ്രാദേശിക ജൈവവൈവിധ്യ കേന്ദ്രങ്ങൾ/ വൃക്ഷങ്ങൾ പ്രഖ്യാപിക്കാനുള്ള അനുവാദം നൽകിക്കൊണ്ട് കേരള സർക്കാർ ഉത്തരവ് (GO (MS) No.05/2020/Envt dated 03.03.2020) ഇറക്കിയിട്ടുണ്ട്.

**ഇതുവരെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/വൃക്ഷങ്ങൾ എന്നിവയുടെ പട്ടിക താഴെ കൊടുക്കുന്നു.**

| ക്രമ. നം. | ബി.എം.സിയുടെ പേര് & ജില്ല | പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/ വൃക്ഷത്തിന്റെ വിശദാംശങ്ങൾ | തീരുമാനം എടുത്ത തീയതി |
|---|---|---|---|
| 1 | മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | തണ്ണീർത്തടം - ഗ്രാമപഞ്ചായത്തിലെ മൂന്ന്, നാല് വാർഡുകളിലായി സ്ഥിതിചെയ്യുന്ന 60 ഏക്കറോളം വിസ്തൃതിയിലുള്ള പന്നിവേലിച്ചിറയെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 26.10.2019 |
| 2 | പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | വൃക്ഷം - ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ നോമ്പിഴി ഗവ. എൽ.പി.എസിന്റെ ജൈവവൈവിധ്യ ഉദ്യാനത്തിൽ സ്ഥിതിചെയ്യുന്ന 200 വർഷത്തിലധികം പഴക്കമുള്ള കശുമാവിനെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം | 16.10.2019 |
| 3 | പന്തളം മുൻസിപ്പാലിറ്റി, പത്തനംതിട്ട | വൃക്ഷങ്ങൾ - നഗരസഭയുടെ 26-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കൊറ്റില്ലങ്ങളായ 2 നാട്ടുമാവുകൾ, ഒരു ഏഴിലംപാല, 3 ഇലവ് മരങ്ങൾ, 3 പീലിവാക, 2 ബദാം മരങ്ങൾ, ഒരു ആഞ്ഞിലി, ഒരു പേരാൽ, 3 അരയാൽ ഉൾപ്പെടെ 16 വൃക്ഷങ്ങൾ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങളായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 12.11.2019 |
| 4 | അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | വൃക്ഷങ്ങൾ - ഗ്രാപഞ്ചായത്തിലെ രണ്ടാം വാർഡിലെ എം.എം.എം. ഗവ. എൽ.പി. സ്കൂൾ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന 250 വർഷം പഴക്കമുള്ള 2 ചെമ്പകമരങ്ങൾ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങളായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 05.12.2019 |
| 5 | ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | വൃക്ഷം - ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ ശാർക്കര മലയാളം പള്ളിക്കൂടം കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന 150 വർഷത്തോളം പഴക്കമുള്ള നാട്ടുമാവിനെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 07.12.2019 |
| 6 | മുദാക്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | തണ്ണീർത്തടം - ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ അയിലം ശിവക്ഷേത്രത്തിനു സമീപമുള്ള 10 സെന്റോളം വരുന്ന കടൽക്കണ്ടം എന്ന ഒരിക്കലും വറ്റാത്ത ജലസ്രോതസ്സ് പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 11.12.2019 |
| | | വൃക്ഷങ്ങൾ - ഗ്രാമപഞ്ചായത്തിലെ അയിലം പെരുമാതുറനത്തിനു സമീപമുള്ള 200 വർഷം പഴക്കമുള്ള ആൽമരം, ഏഴാം വാർഡിൽ പൂവണത്തുംമൂട് ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന 200 വർഷത്തിലധികം പഴക്കമുള്ള പൂവണം എന്നീ രണ്ട് വൃക്ഷങ്ങൾ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങളായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 12.12.2019 |
| 7 | അയർക്കുന്നം ഗ്രാമപഞ്ചായത്ത്, കോട്ടയം | വൃക്ഷം - ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ 'ടി പുഴ' എന്ന സ്ഥലത്ത് മീനച്ചിലാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന 200 വർഷത്തോളം പഴക്കമുള്ള നാട്ടുമാവ് പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 12.12.2019 |

| | | | |
|---|---|---|---|
| 8 | | ടി നാട്ടുമാവിൽ വംശനാശഭീഷണി നേരിടുന്ന Tree lizard എന്ന പല്ലി വർഗ്ഗത്തെ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത മരത്തിന്റെ ചുവട്ടിൽ അപൂർവ്വയിനത്തിൽപ്പെട്ട ചെത്തികളായ *Ixora malabarica, Ixora lanceolaria* എന്നീയിനങ്ങളെയും കണ്ടെത്തിയിട്ടുണ്ട്. | |
| 8 | ആലക്കോട് ഗ്രാമമപഞ്ചായത്ത്, കണ്ണൂർ | വനപ്രദേശ സമാനമായ തുരുത്ത് - തളിപ്പറമ്പ് താലൂക്കിൽ 15 ഏക്കറിലധികം വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന അപൂർവ്വയിനം സസ്യജന്തുവൈവിധ്യത്താൽ സമ്പന്നമായ ഈയ്യഭരണി തുരുത്തിനെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 27.12.2019 |
| 9 | പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | തണ്ണീർത്തടം - ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ 6 ഏക്കർ 72 സെന്റ് വിസ്തൃതിയിലുള്ള ജൈവവൈവിധ്യ സമ്പന്നമായ പള്ളിക്കൽ ആറാട്ട് ചിറയെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം. | 03.01.2020 |

**4.6. അവലോകന യോഗങ്ങൾ:**

1. ജില്ലാ കോർഡിനേറ്റർമാർ, പ്രോജക്ട് ഫെല്ലോമാർ എന്നിവരുമായുള്ള വീഡിയോ കോൺഫറൻസുകൾ:- ജില്ലകളിലെ വിവിധ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാ കോർഡിനേറ്റർമാർ, പ്രോജക്ട് ഫെല്ലോമാർ എന്നിവരുമായി എല്ലാമാസവും വീഡിയോ കോൺഫറൻസിലൂടെ അവലോകനയോഗങ്ങൾ നടത്തിയിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ 02.04.2019, 04.05.2019, 12.06.2019, 18.07.2019, 18.09.2019, 05.10.2019, 07.11.2019, 18.12.2019, 23.01.2020 എന്നീ തീയതികളിൽ ഇത്തരത്തിൽ 9 യോഗങ്ങൾ വീഡിയോ കോൺഫറൻസിലൂടെയും, 04.02.2020 ന് ഒരു യോഗം തിരുവനന്തപുരത്തെ കെ.എസ്.ബി.ബി. ഹെഡ് ക്വാർട്ടേഴ്സിൽ വച്ച് നേരിട്ടും നടത്തുകയുണ്ടായി.

2. ജില്ലാതല ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പുമായുള്ള (ടി.എസ്.ജി.) വീഡിയോ കോൺഫറൻസുകൾ :- റിപ്പോർട്ട് കാലയളവിൽ ജില്ലാതല ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് അംഗങ്ങൾ, ജില്ലാതല റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുമായി 07.11.2019, 18.12.2019 തീയതികളിലായി രണ്ട് വീഡിയോ കോൺഫറൻസുകൾ നടത്തി.

3. മാതൃകാ ബി.എം.സി.കളുമായുള്ള വീഡിയോ കോൺഫറൻസുകൾ :- 2016-17, 2017-18, 2019-20 കാലയളവുകളിൽ ബോർഡിന്റെ പ്ലാൻ സ്കീമിലെ മാതൃകാ ബി.എം.സി. പദ്ധതിയിലുൾപ്പെടുത്തി, തെരഞ്ഞെടുത്ത ബി.എം.സി. കളിലൂടെ നടപ്പിലാക്കിവരുന്ന വിവിധ ജൈവവൈവിധ്യ സംരക്ഷണ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന്റെ ഭാഗമായി, ബന്ധപ്പെട്ട ബി.എം.സി. കളുമായി റിപ്പോർട്ട് കാലയളവിൽ 23.10.2020, 23.01.2020 തീയതികളിലായി വീഡിയോ കോൺഫറൻസിലൂടെ രണ്ട് അവലോകന യോഗങ്ങൾ നടത്തി.

**4.7.ദേശീയതല ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ അവലോകന കമ്മിറ്റിയുടെ സന്ദർശനം**

ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് (O.A.No 347 of 2016 dated 9th August 2019) പ്രകാരം, നിലവിലുള്ള ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിനായി ഒരു ദേശീയതല അവലോകന കമ്മിറ്റി ദേശീയ ജൈവവൈവിധ്യ അതോറിറ്റി രൂപീകരിക്കുകയുണ്ടായി (Office memorandum No NBA/15/30/2019/SBB/NGT) dated 20.01.2020). പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനരീതി വിശകലനം ചെയ്യുന്നതിനായി, ദേശീയ ജൈവവൈവിധ്യ അതോറിറ്റി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡുമായി ചേർന്ന് ഒരു യോഗം മാർച്ച് മാസം 5,6, തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടത്തി. ഇതിൽ എൻ.ബി.എ ചെയർമാനും, സെക്രട്ടറിയും ഉൾപ്പെടെ 16 അംഗങ്ങൾ പങ്കെടുത്തു. ഈ അവസരത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ബി.എം.സി രൂപീകരണം, പി.ബി.ആർ തയ്യാറാക്കൽ എന്നിവയുമായി ബന്ധപ്പെട്ട് തുടക്കം മുതൽ നാളിതുവരെ ഇറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ ഒരു സമാഹാരം പുറത്തിറക്കി.. സന്ദർശനത്തിന്റെ ആദ്യദിനം (05.03.2020) കമ്മിറ്റി ജൈവവൈവിധ്യ ബോർഡിന്റെ ആസ്ഥാനത്ത് എത്തി. ബോർഡ് ചെയർമാൻ, മെമ്പർ സെക്രട്ടറി മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവരുമായി സംവാദം നടത്തിയശേഷം, തിരുവനന്തപുരം ജില്ലയിലെ രണ്ട് ബി.എം.സികൾ സന്ദർശിച്ച്, ബി.എം.സി അംഗങ്ങളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുമായി സംവാദം നടത്തി കൂടുതൽ പ്രവർത്തനങ്ങൾ മനസ്സിലാക്കി. നഗരസഭയിലെയും, ഗ്രാമപഞ്ചായത്തിലെയും ഓരോ ബി.എം.സി. കളിലാണ് കമ്മിറ്റി സന്ദർശനം നടത്തിയത്. തിരുവനന്തപുരം നഗരസഭ, തിരുവനന്തപുരം

ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ബി.എം.സി. എന്നിവയാണവ. പ്രവർത്തനങ്ങളിൽ കമ്മിറ്റി സംതൃപ്തി പ്രകടിപ്പിച്ചു. പ്രസ്തുത സംഘം കേരള ജൈവവൈവിധ്യ മ്യൂസിയം സന്ദർശിച്ച് പ്രവർത്തനങ്ങളിൽ തൃപ്തി രേഖപ്പെടുത്തി.

**4.8.പി.ബി.ആർ– ഡിജിറ്റൈസേഷൻ (ഇ–പി.ബി.ആർ)**

സംസ്ഥാന തലത്തിൽ ഇ-പി.ബി.ആർ തയ്യാറാക്കുന്നതിനുള്ള പ്രഥമികതല പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി ജില്ലാ കോർഡിനേറ്റർമാർക്കും, പ്രോജക്ട് ഫെല്ലോമാർക്കും, തദ്ദേശസ്ഥാപനങ്ങളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും സാങ്കേതിക പരിശീലനം ഓൺലൈനായി നൽകി. പരിശീലനം ഇതിനകം 1034 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും നൽകിക്കഴിഞ്ഞു. യൂസർ നെയിമും, പാസ്‌വേർഡുകളും പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. പരിശീലനത്തിന്റെ ഭാഗമായി ട്രെയിനിംഗ് ട്യൂട്ടോറിയൽ വീഡിയോ ഉണ്ടാക്കുകയും വിതരണം ചെയ്യുകയും ചെയ്തു. സംസ്ഥാനത്തെ എല്ലാ സ്വയംഭരണസ്ഥാപനങ്ങൾക്കും ലോഗ് ഇൻ പ്രോസസ്സ് നൽകിക്കഴിഞ്ഞു. 411 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവരങ്ങൾ സോഫ്റ്റ് വെയർ ഉപയോഗിച്ച് രേഖപ്പെടുത്താൻ തുടങ്ങി. ഇതുവരെ ഇ-പി.ബി.ആർ തയ്യാറാക്കൽ തുടങ്ങിയിട്ടുള്ള തദ്ദേശസ്ഥാപനങ്ങളുടെ ജില്ലാതലത്തിലെ എണ്ണം താഴെക്കൊടുക്കുന്നു.

| | ജില്ലയുടെ പേര് | ആകെ ബി.എം.സികളുടെ എണ്ണം | ഇ– പി.ബി.ആർ– രേഖപ്പെടുത്താൻ തുടങ്ങിയ ബി.എം.സികളുടെ എണ്ണം |
|---|---|---|---|
| ഇ– പി.ബി.ആർ | തിരുവനന്തപുരം | 78 | 13 |
| | കൊല്ലം | 73 | 16 |
| | പത്തനംതിട്ട | 57 | 57 |
| | ആലപ്പുഴ | 78 | 16 |
| | കോട്ടയം | 77 | 16 |
| | ഇടുക്കി | 54 | 50 |
| | എറണാകുളം | 96 | 48 |
| | തൃശ്ശൂർ | 94 | 10 |
| | പാലക്കാട് | 95 | 41 |
| | മലപ്പുറം | 106 | 31 |
| | കോഴിക്കോട് | 78 | 47 |
| | വയനാട് | 26 | 6 |
| | കണ്ണൂർ | 81 | 33 |
| | കാസർഗോഡ് | 41 | 27 |

ഇ-പി.ബി.ആർ തയ്യാറാക്കലിന്റെ ഭാഗമായി ദേശീയതലത്തിൽ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന്റെ ഭാഗമായി, നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിലെ സാങ്കേതിക വിദഗ്ദരും, എൻ.ബിഎയുടെ ഉദ്യോഗസ്ഥരും ചേർന്ന് ഒരു യോഗം ഫെബ്രുവരി 6,7 തീയതിയിൽ NIC യുടെ തിരുവനന്തപുരത്തെ യൂണിറ്റിൽ വച്ച് നടക്കുകയുണ്ടായി. റീസ്കോപ്പിങ്ങ് ഓഫ് ഇ-പി.ബി.ആർ- പൈലറ്റ് പ്രോജക്ട് എന്ന വിഷയത്തിൽ ചർച്ചകൾ നടന്നു.



## 5. ജൈവവൈവിധ്യ ബോർഡിന്റെ ജില്ലാതല കർമ്മ പരിപാടികളുടെ പ്രധാന പ്രവർത്തനങ്ങൾ

### 5.1 തിരുവനന്തപുരം ജില്ല

ജില്ലയിലെ ബി.എം.സിയുടെ യോഗവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ. നം. | ബി.എം.സിയുടെ പേര് | മീറ്റിംഗ് കൂടിയ തീയതി |
|---|---|---|
| 1 | കല്ലിയൂർ | 19-09-2019 |
| 2 | കാട്ടാക്കട | 24-09-2019 |
| 3 | വർക്കല | 26-09-2019 |
| 4 | കുറ്റിച്ചൽ | 30-09-2019 |
| 5 | മാറനല്ലൂർ | 01-10-2019 |
| 6 | പെരുംങ്കടവിള | 03-10-2019 |
| 7 | കല്ലിയൂർ | 10-10-2019 |
| 8 | മാറനല്ലൂർ | 16-10-2019 |
| 9 | അതിയന്നൂർ | 16-10-2019 |
| 10 | കുറ്റിച്ചൽ | 18-10-2019 |
| 11 | വിതുര | 19-10-2019 |
| 12 | കാട്ടാക്കട | 22-10-2019 |
| 13 | വെള്ളറട | 25-10-2019 |
| 14 | കരകുളം | 26-10-2019 |
| 15 | കൊല്ലയിൽ | 01-11-2019 |
| 16 | പുളിമാത്ത് | 28-11-2019 |
| 17 | ബാലരാമപുരം | 30-11-2019 |
| 18 | അഞ്ചുതെങ്ങ് | 05-12-2019 |
| 19 | കിഴുവിലം | 05-12-2019 |
| 20 | മാറനല്ലൂർ | 06-12-2019 |
| 21 | കടയ്ക്കാവൂർ | 07-12-2019 |
| 22 | ചിറയിൻകീഴ് | 07-12-2019 |
| 23 | അഞ്ചുതെങ്ങ് | 10-12-2019 |
| 24 | ചിറയിൻകീഴ് | 10-12-2019 |
| 25 | വാമനപുരം | 10-12-2019 |
| 26 | മുദാക്കൽ | 11-12-2019 |
| 27 | വക്കം | 13-12-2019 |
| 28 | വിളപ്പിൽ | 18-12-2019 |
| 29 | വർക്കല | 19-12-2019 |
| 30 | തിരുവനന്തപുരം കോർപ്പറേഷൻ | 20-12-2019 |
| 31 | മാറനല്ലൂർ | 24-02-2020 |
| 32 | വെള്ളനാട് ബ്ലോക്ക് | 24-02-2020 |
| 33 | തിരുവനന്തപുരം കോർപ്പറേഷൻ | 25-02-2020 |
| 34 | ആനാട് | 26-02-2020 |
| 35 | വർക്കല | 27-02-2020 |
| 36 | തിരുവനന്തപുരം കോർപ്പറേഷൻ | 05-03-2020 |
| 37 | കാട്ടാക്കട | 17-03-2020 |
| 38 | കരവാരം | 23-03-2020 |
| 39 | കാട്ടാക്കട | 04-11-2019 |
| 40 | ഇടവ | 11-11-2019 |
| 41 | ചിറയിൻകീഴ് | 11-11-2019 |
| 42 | പെരുങ്കടവിള | 12-11-2019 |
| 43 | കരകുളം | 14-11-2019 |
| 44 | കള്ളിക്കാട് | 16-11-2019 |
| 45 | വർക്കല | 18-11-2019 |
| 46 | കാട്ടാക്കട | 21-11-2019 |
| 47 | വെള്ളറട | 22-11-2019 |
| 48 | അതിയന്നൂർ | 23-11-2019 |
| 49 | കുറ്റിച്ചൽ | 25-11-2019 |
| 50 | മുദാക്കൽ | 26-11-2019 |
| 51 | കള്ളിക്കാട് | 26-11-2019 |
| 52 | മാണിക്കൽ | 26-11-2019 |

| ക്രമ. നം. | ബി.എം.സിയുടെ പേര് | തീയതി |
|---|---|---|
| 53 | പഴയകുന്നുമ്മേൽ | 28-11-2019 |
| 54 | കാട്ടാക്കട | 23-12-2019 |
| 55 | പാങ്ങോട് | 04-01-2020 |
| 56 | കുറ്റിച്ചൽ | 10-01-2020 |
| 57 | കല്ലിയൂർ | 14-01-2020 |
| 58 | മാറനല്ലൂർ | 18-01-2020 |
| 59 | ഒറ്റശേഖരമംഗലം | 24-01-2020 |
| 60 | പോത്തൻകോട് | 27-01-2020 |
| 61 | അരുവിക്കര | 28-01-2020 |
| 62 | കരവാരം | 30-01-2020 |
| 63 | പൂവച്ചൽ | 05-02-2020 |
| 64 | പാങ്ങോട് | 10-02-2020 |
| 65 | മാറനല്ലൂർ | 12-02-2020 |
| 66 | തിരുവനന്തപുരം കോർപ്പറേഷൻ | 18-02-2020 |
| 67 | കാട്ടാക്കട | 22-02-2020 |
| 68 | പാറശ്ശാല ബ്ലോക്ക് | 22-02-2020 |
| 69 | ആനാട് | 28-02-2020 |
| 70 | മാറനല്ലൂർ | 28-02-2020 |
| 71 | തിരുവനന്തപുരം കോർപ്പറേഷൻ | 01-03-2020 |
| 72 | പൂവ്വാർ | 02-03-2020 |
| 73 | മാറനല്ലൂർ | 03-03-2020 |
| 74 | മാറനല്ലൂർ | 05-03-2020 |
| 75 | കുറ്റിച്ചൽ | 19-03-2020 |






മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ ജൈവവൈവിധ്യ സംരക്ഷണ പദ്ധതിയുടെ ഉദ്ഘാടനം

**കൊല്ലം ജില്ല**

ജില്ലയിലെ ബി.എം.സിയുടെ യോഗവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ. നം. | ബി.എം.സിയുടെ പേര് | തീയതി |
|---|---|---|
| 1 | കരുനാഗപ്പള്ളി മുൻസിപ്പാലിറ്റി | 10.06.19 |
| 2 | ആലപ്പാട് ഗ്രാമപഞ്ചായത്ത് | 18.10.19 |
| 3 | തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | 28.10.19 |
| 4 | കുളക്കട ഗ്രാമപഞ്ചായത്ത് | 06.12.19 |
| 5 | നെടുവത്തൂർ ഗ്രാമപഞ്ചായത്ത് | 06.12.19 |
| 6 | തഴവ ഗ്രാമപഞ്ചായത്ത് | 09.12.19 |
| 7 | ശൂരനാട് ഗ്രാമപഞ്ചായത്ത് | 11.12.19 |
| 8 | ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | 19.12.19 |
| 9 | ശൂരനാട് നോർത്ത് ഗ്രാമപഞ്ചായത്ത് | 20.12.19 |
| 10 | ആലപ്പാട് ഗ്രാമപഞ്ചായത്ത് | 20.01.20 |
| 11 | തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | 20.01.20 |



ആശ്രമം ജൈവവൈവിധ്യ പൈതൃക പ്രദേശത്ത് ബഹു. ശ്രീ മുകേഷ് എം.എൽ.എ യുടെ നേതൃത്വത്തിൽ നടന്ന സന്ദർശനം



ആശ്രമം ബി.എച്ച്.എസ് യുമായി ബന്ധപ്പെട്ടു നടന്ന പൊതു സമ്മേളനം

## 3. പത്തനംതിട്ട ജില്ല

ജില്ലയിലെ ബി.എം.സിയുടെ യോഗവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ. നം. | ബി.എം.സിയുടെ പേര് | എണ്ണം |
|---|---|---|
| 1 | കോന്നി ബ്ലോക്ക് | 1 |
| 2 | അടൂർ മുൻസിപ്പാലിറ്റി | 3 |
| 3 | പന്തളം മുൻസിപ്പാലിറ്റി | 3 |
| 4 | തിരുവല്ല മുൻസിപ്പാലിറ്റി | 1 |
| 5 | മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് | 8 |
| 6 | കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | 2 |
| 7 | പ്രമാടം ഗ്രാമപഞ്ചായത്ത് | 1 |
| 8 | കുളനട ഗ്രാമപഞ്ചായത്ത് | 2 |
| 9 | തുമ്പമൺ ഗ്രാമപഞ്ചായത്ത് | 1 |
| 10 | ആറന്മുള ഗ്രാമപഞ്ചായത്ത് | 1 |
| 11 | ചെന്നീർക്കര ഗ്രാമപഞ്ചായത്ത് | 1 |
| 12 | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 4 |
| 13 | കോട്ടങ്ങൽ ഗ്രാമപഞ്ചായത്ത് | 1 |
| 14 | അയിരൂർ ഗ്രാമപഞ്ചായത്ത് | 2 |
| 15 | കോട്ടങ്ങൽ ഗ്രാമപഞ്ചായത്ത് | 3 |
| 16 | ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് | 1 |














പത്തനംതിട്ട ജില്ലയിലെ ബിഎംസികളുടെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തങ്ങൾ

### 4. ആലപ്പുഴ ജില്ല

ജില്ലയിലെ ബി.എം.സിയുടെ യോഗവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ. നം. | മീറ്റിംഗ് യോഗങ്ങളുടെ തീയതി | മീറ്റിംഗ് യോഗങ്ങളുടെ തീയതി |
|---|---|---|
| 1 | മുഹമ്മ | 26/9/2019 & 28/2/2019 |
| 2 | കരുവാറ്റ മോഡൽ ബി.എം.സി | 14/10/2019 & 25/2/2019 |
| 3 | വീയ്യപുരം മോഡൽ ബി.എംസി | 05/11/2019 |
| 4 | കുത്തിയതോട് | 06/11/2019 |
| 5 | കാവാലം | 13/11/2019 |
| 6 | രാമങ്കരി | 14/11/2019 |
| 7 | തകഴി | 15/11/2019 |
| 8 | തൈയ്ക്കാട്ടുശ്ശേരി | 16/11/2019 |
| 9 | കൈനകരി | 21/11/2019 |
| 10 | പള്ളിപ്പാട് | 26/11/2019 |
| 11 | കല്ലൂർ | 28/11/2019 |
| 12 | നിലംപേരൂർ | 30/11/2019 |
| 13 | പുലിയൂർ | 05/12/2019 |
| 14 | ചേർത്തല സൗത്ത് | 15/1/2020 |
| 15 | തൃക്കുന്നപ്പുഴ | 27/1/2020 & 24/2/2020 |
| 16 | ചെറുതന | 29/1/2020 |
| 17 | ആര്യാട് | 5/3/2020 |





ആലപ്പുഴ ജില്ലയിലെ ബിഎംസികളുടെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ

### 5. കോട്ടയം ജില്ല

ജില്ലയിലെ ബി.എം.സിയുടെ യോഗവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ. നം. | ബി.എം.സിയുടെ പേര് | തീയതി |
|---|---|---|
| 1 | രാമപുരം | 20/06/2019 |
| 2 | അയർക്കുന്നം | 29/07/2018 |
| 3 | ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി | 02/08/2019 |
| 4 | പായിപ്പാട് | 06/09/2019 |
| 5 | കുമരകം | 18/10/2019 |
| 6 | തിരുവാർപ്പ് | 18/10/2019 |
| 7 | അയർക്കുന്നം | 22/10/2019 |
| 8 | കടുത്തുരുത്തി | 23/10/2019 |
| 9 | ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി | 29/10/2019 |
| 10 | രാമപുരം | 02/11/2019 |
| 11 | കടപ്ലാമറ്റം | 18/11/2019 |
| 12 | കടുത്തുരുത്തി | 21/11/2019 |
| 13 | ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി | 25/11/2019 |
| 14 | രാമപുരം | 27/11/2019 |
| 15 | കൂരപ്പാട | 30/11/2019 |
| 16 | കങ്ങഴ | 11/12/2019 |
| 17 | അയർക്കുന്നം | 12/12/2019 |
| 18 | അയ്മനം | 13/12/2019 |
| 19 | ചിറക്കടവ് | 16/01/2020 |
| 20 | ഞീഴൂർ | 07/02/2020 |
| 21 | മടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 15/02/2020 |
| 22 | അയർക്കുന്നം | 25/02/2020 |
| 23 | പൂഞ്ഞാർ തെക്കേക്കര | 06/03/2020 |
| 24 | രാമപുരം | 09/03/2020 |

## 6. ഇടുക്കി ജില്ല

ജില്ലയിലെ ബി.എം.സിയുടെ യോഗവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ. നം. | ബി.എം.സിയുടെ പേര് | മീറ്റിംഗ് കൂടിയ എണ്ണം |
|---|---|---|
| 1 | പുറപ്പുഴ | 5 തവണ |
| 2 | മണക്കാട് | 4 തവണ |
| 3 | വെള്ളിയാമറ്റം | 5 തവണ |
| 4 | ആലക്കോട് | 1 തവണ |
| 5 | ഇടവെട്ടി | 2 തവണ |
| 6 | തൊടുപുഴ മുൻസിപ്പാലിറ്റി | 4 തവണ |
| 7 | കരിമണ്ണൂർ | 2 തവണ |
| 8 | ഉടുമ്പന്നൂർ | 2 തവണ |
| 9 | കൊടിക്കുളം | 2 തവണ |
| 10 | കരിംങ്കുന്നം | 1 തവണ |
| 11 | ആറക്കുളം | 2 തവണ |
| 12 | കുടയത്തൂർ | 1 തവണ |
| 13 | മുട്ടം | 2 തവണ |
| 14 | ചക്കുപള്ളം | 2 തവണ |
| 15 | പെരുവന്താനം | 2 തവണ |
| 16 | ഏലപ്പാറ | 2 തവണ |
| 17 | പീരുമേട് | 3 തവണ |
| 18 | ഉപ്പുതറ | 2 തവണ |
| 19 | അയ്യപ്പൻകോവിൽ | 3 തവണ |
| 20 | കുമിളി | 2 തവണ |
| 21 | വണ്ടിപ്പെരിയാർ | 2 തവണ |
| 22 | ഉടുംമ്പൻചോല | 2 തവണ |
| 23 | പാമ്പാടുംമ്പാറ | 2 തവണ |
| 24 | മറയൂർ | 2 തവണ |
| 25 | കാന്തല്ലൂർ | 1 തവണ |
| 26 | മൂന്നാർ | 3 തവണ |
| 27 | മാങ്കുളം | 2 തവണ |
| 28 | വട്ടവട | 1 തവണ |
| 29 | ചിന്നക്കനാൽ | 2 തവണ |
| 30 | സേനാപതി | 1 തവണ |
| 31 | മറയൂർ | 2 തവണ |
| 32 | രാജാക്കാട് | 1 തവണ |
| 33 | രാജകുമാരി | 1 തവണ |
| 34 | വണ്ണപ്പുറം | 3 തവണ |
| 35 | ഇടുക്കി, കഞ്ഞിക്കുഴി | 2 തവണ |
| 36 | വാഴത്തോപ്പ് | 1 തവണ |
| 37 | മരിയാപുരം | 5 തവണ |
| 38 | കാമാക്ഷി | 1 തവണ |
| 39 | കാഞ്ചിയാർ | 1 തവണ |
| 40 | ഇരട്ടയാർ | 2 തവണ |
| 41 | വാത്തിക്കുടി | 1 തവണ |
| 42 | കൊന്നത്തടി | 4 തവണ |
| 43 | വെള്ളത്തൂവൽ | 2 തവണ |
| 44 | പള്ളിവാസൽ | 2 തവണ |
| 45 | അടിമാലി | 3 തവണ |
| 46 | കരുണാപുരം | 1 തവണ |
| 47 | നെടുംങ്കം | 1 തവണ |
| 48 | കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | 1 തവണ |
| 49 | തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് | 1 തവണ |

വനം വകുപ്പിന്റെ സഹായത്തോടെ പന്നൽ ചെടികളെ അനധികൃതമായി ശേഖരിച്ചതിന് ജൈവവൈവിധ്യ ആക്ട് 2002, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ (2008) പ്രകാരം 5 പേർക്ക് എതിരെ നിയമപരമായ നടപടി കൈകൊണ്ടു.



വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ പൈതൃക മ്യൂസിയം

### 7. എറണാകുളം ജില്ല

ബി.എം.സിയുടെ യോഗവിവരങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ. നം. | ബി.എം.സിയുടെ പേര് | യോഗം കൂടിയ തീയതി. |
|---|---|---|
| 1 | ഞാറയ്ക്കൽ | 27/09/2019 |
| 2 | പൂത്രിക്ക | 04/10/2019 |
| 3 | കടമക്കുടി | 14/10/2019 |
| 4 | ആവോലി | 25/10/2019 |
| 5 | കുട്ടമ്പുഴ | 26/10/2019 |
| 6 | ചേരാനല്ലൂർ | 28/10/ 2019 |
| 7 | പൂത്രിക്ക | 04/11/2019 |
| 8 | കരുമാളൂർ | 08/11/2019 |
| 9 | അയ്യമ്പുഴ | 11/11/2019 |
| 10 | കുട്ടമ്പുഴ | 13/11/2019 |
| 11 | പാറക്കടവ് | 15/11/2019 |
| 12 | പിറവം മുൻസിപ്പാലിറ്റി | 21/11/2019 |
| 13 | ചെന്നമംഗലം | 22/11/2019 |
| 14 | തിരുവാണിയൂർ | 29/11/2019 |
| 15 | ചൂർണ്ണിക്കര | 06/12/2019 |
| 16 | ആലുവ മുൻസിപ്പാലിറ്റി | 11/12/2019 |
| 17 | പൂത്രിക്ക | 04/01/2020 |
| 18 | രായമംഗലം | 20/01/2020 |
| 19 | കല്ലൂർക്കാട് | 11/02/2020 |

### 8. തൃശ്ശൂർ ജില്ല

ബി.എം.സിയുടെ യോഗവിവരങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ. നം. | ബി.എം.സിയുടെ പേര് | യോഗം കൂടിയ തീയതി. |
|---|---|---|
| 1 | കോലഴി | 2/9/2019 |
| 2 | കൊടകര | 16/9/2019 |
| 3 | എളവള്ളി | 20/9/2019 |
| 4 | തൃശ്ശൂർ കോർപ്പറേഷൻ | 24/9/2020 |
| 5 | ഇരിഞ്ഞാലക്കുട | 3/10/2019 |
| 6 | എളവള്ളി | 13/10/2019 |
| 7 | മടക്കത്തറ | 24/10/2019 |
| 8 | മുളങ്കുന്നത്തുകാവ് | 28/10/2019 |
| 9 | തൃശ്ശൂർ കോർപ്പറേഷൻ | 30/11/2019 |
| 10 | അന്നമനട | 5/12/2019 |
| 11 | വെള്ളാങ്ങല്ലൂർ | 16/12/2019 |


തൃശ്ശൂർ എളവള്ളി ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ രജിസ്റ്റർ പ്രകാശനം

പാവറട്ടി ഗ്രാമപഞ്ചായത്തിലെ പൊന്നംകുളത്തിലെ മത്സ്യങ്ങളുടെ കൂട്ട മരണം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ബി.എം.സിയുടെ അടിയന്തിര യോഗം വിളിച്ച് കാര്യങ്ങൾ ജില്ലാ സാങ്കേതിക സംഘാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയും നടപടികൾ കൈകൊള്ളാൻ മലിനീകരണ ബോർഡിനെയും, മത്സ്യ ബന്ധന വകുപ്പിനെയും അറിയിക്കുകയും ചെയ്തു. കൂടാതെ വിശദമായ പഠനങ്ങൾ നടത്താൻ നിർദ്ദേശിച്ചു. പഠനത്തിലൂടെ കുളത്തിലെ ജലത്തിൽ ഓക്സിജന്റെ അളവ്, ക്രമാതീതമായ ചൂട് കാരണം കുറഞ്ഞതാണ് മരണകാരണമെന്ന് കണ്ടെത്തി.

### 9. പാലക്കാട് ജില്ല




പാലക്കാട് വച്ച് നടന്ന കേരള ശാസ്ത്ര കോൺഗ്രസ്സ് 2020

ബി.എം.സി-യുടെ യോഗ വിവരങ്ങൾ താഴെകൊടുക്കുന്നു

| ക്രമ. നം. | ബി.എം.സിയുടെ പേര് |
|---|---|
| 1 | കുലുക്കല്ലൂർ |
| 2 | ലക്കിടിപ്പേരൂർ |
| 3 | ശ്രീകൃഷ്ണപുരം |
| 4 | തച്ചനാട്ടുകര |
| 5 | തിരുമിറ്റക്കോട് |
| 6 | വെള്ളിനേഴി |
| 7 | ആനങ്ങാടി |
| 8 | അണക്കര |
| 9 | എലപ്പുള്ളി |
| 10 | കണ്ണാടി |
| 11 | കപ്പൂർ |
| 12 | കരിമ്പ |
| 13 | കേരളശ്ശേരി |
| 14 | കിഴക്കഞ്ചേരി |
| 15 | കോങ്ങാട് |
| 16 | കോങ്ങാട് |
| 17 | കൊപ്പം |
| 18 | കുമരംപുത്തൂർ |
| 19 | മങ്കര |
| 20 | മണ്ണാർക്കാട് മുൻസിപ്പാലിറ്റി |
| 21 | മുതുതല |
| 22 | നാഗലശ്ശേരി |
| 23 | ഒങ്ങല്ലൂർ |
| 24 | പാലക്കാട് മുൻസിപ്പാലിറ്റി |
| 25 | ഷൊർണ്ണൂർ മുൻസിപ്പാലിറ്റി |
| 26 | വടക്കാംചേരി |
| 27 | വിളയൂർ |
| 28 | പറളി |

### 10. മലപ്പുറം ജില്ല

ബി.എം.സിയുടെ യോഗ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ. നം. | ബി.എം.സിയുടെ പേര് | യോഗം കൂടിയ തീയതി. |
|---|---|---|
| 1 | പൊത്തുക്കല്ല് | 28.8.2019 |
| 2 | മലപ്പുറം മുൻസിപ്പാലിറ്റി | 21.8.2019 |
| 3 | മലപ്പുറം മുൻസിപ്പാലിറ്റി | 22.8.2019 |
| 4 | മലപ്പുറം മുൻസിപ്പാലിറ്റി | 27.8.2019 |
| 5 | മലപ്പുറം മുൻസിപ്പാലിറ്റി | 29.8.2019 |
| 6 | ഊർങ്ങാട്ടിരി | 31.10.2019 |
| 7 | മലപ്പുറം മുൻസിപ്പാലിറ്റി | 31.10.2019 |
| 8 | ഊർങ്ങാട്ടിരി | 1.11.2019 |
| 9 | അലിപ്പറമ്പ | 2.11.2019 |
| 10 | പൊന്നാനി മുൻസിപ്പാലിറ്റി | 15.11.2019 |
| 11 | തിരൂർ മുൻസിപ്പാലിറ്റി | 15.11.2019 |
| 12 | പെരിന്തൽമണ്ണ മുൻസിപ്പാലിറ്റി | 24.11.2019 |
| 13 | കണ്ണമംഗലം | 28.11.2019 |
| 14 | പൊന്നാനി മുൻസിപ്പാലിറ്റി | 5.12.2019 |
| 15 | തിരൂരങ്ങാടി മുൻസിപ്പാലിറ്റി | 27.12.2019 |
| 16 | മലപ്പുറം ബ്ലോക്ക് | 27.12.2019 |
| 17 | മഞ്ചേരി മുൻസിപ്പാലിറ്റി | 30.12.2019 |
| 18 | പെരുമ്പടമ്പ് ബ്ലോക്ക് | 30.12.2019 |
| 19 | നിലമ്പൂർ മുൻസിപ്പാലിറ്റി | 24.1.2020 |
| 20 | നിലമ്പൂർ മുൻസിപ്പാലിറ്റി | 26.1.2020 |
| 21 | മലപ്പുറം ജില്ലാ പഞ്ചായത്ത് | 31.1.2020 |
| 22 | തിരൂരങ്ങാടി ബ്ലോക്ക് | 20.2.2020 |
| 23 | മലപ്പുറം മുൻസിപ്പാലിറ്റി | 2.3.2020 |
| 24 | പൊന്നാനി മുൻസിപ്പാലിറ്റി | 5.3.2020 |
| 25 | പൊന്നാനി ബ്ലോക്ക് | 7.3.2020 |





മലപ്പുറം ജില്ലയിലെ കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്

## 11. കോഴിക്കോട് ജില്ല

ബി.എം.സിയുടെ യോഗ വിവരങ്ങൾ

| ക്രമ. നം. | ബി.എം.സിയുടെ പേര് | യോഗം കൂടിയ തീയതി. |
|---|---|---|
| 1 | താമരശ്ശേരി | ഒക്ടോബർ 2019 |
| 2 | കരുവാറ്റൂർ | ഒക്ടോബർ 2019 |
| 3 | ഒളവണ്ണ | ഒക്ടോബർ 2019 |
| 4 | ഫറൂക്ക് മുൻസിപ്പാലിറ്റി | ഒക്ടോബർ 2019 |
| 5 | കൊടിയത്തൂർ | നവംബർ 2019 |
| 6 | വാണിമേൽ | നവംബർ 2019 |
| 7 | നടുവണ്ണൂർ | നവംബർ 2019 |
| 8 | കട്ടിപ്പാറ | നവംബർ 2019 |
| 9 | നരിക്കുനി | നവംബർ 2019 |
| 10 | അഴിയൂർ | നവംബർ 2019 |
| 11 | തിരുവമ്പാടി | നവംബർ 2019 |
| 12 | മടവൂർ | നവംബർ 2019 |
| 13 | കൂടരഞ്ഞി | നവംബർ 2019 |
| 14 | തലക്കുളത്തൂർ | നവംബർ 2019 |
| 15 | താമരശ്ശേരി | നവംബർ 2019 |
| 16 | ഓമശ്ശേരി | നവംബർ 2019 |
| 17 | കക്കൂർ | നവംബർ 2019 |
| 18 | കട്ടിപ്പാറ | നവംബർ 2019 |
| 19 | കോടഞ്ചേരി | നവംബർ 2019 |
| 20 | കിഴക്കോത്ത് | നവംബർ 2019 |
| 21 | ചേളന്നൂർ | നവംബർ 2019 |
| 22 | കൂടരഞ്ഞി | ഡിസംബർ 2019 |
| 23 | കക്കോടി | ഡിസംബർ 2019 |
| 24 | നന്മണ്ട | ഡിസംബർ 2019 |
| 25 | മാവൂർ | ഡിസംബർ 2019 |
| 26 | ഒളവണ്ണ | ഡിസംബർ 2019 |
| 27 | പെരുവയൽ | ഡിസംബർ 2019 |



കോഴിക്കോട് ജില്ലയിലെ ബിഎംസികളുടെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ

## 12. വയനാട് ജില്ല

» ഈറയുടെ സംരക്ഷവുമായി ബന്ധപ്പെട്ട് തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ ബി.എം.സിയും വൈത്തിരി ബി.എം.സിയും ഈറയുടെ ശേഖരണത്തിൽ ഉത്തരവിലൂടെ നിയന്ത്രണം കൊണ്ട് വന്നു.

» ഒടയങ്ങാടി (Ondayangadi) ഫോറസ്റ്റ് പ്ലാന്റേഷൻ സംരക്ഷണവുമായി ബന്ധപ്പെട്ട് തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ ബി.എം.സി പ്രസ്തുത പ്ലാന്റേഷനിൽ ഒരു തരത്തിലുള്ള മനുഷ്യരുടെ ഇടപെടൽ ഉണ്ടാകാതിരിക്കാൻ നടപടി കൈകൊള്ളാൻ നിർദ്ദേശം നൽകി.

» പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് ബി.എം.സി *Senna spectabilis*(സെന്ന) എന്ന സസ്യ ഇനം നട്ട് വളർത്തുന്നത് നിരോധിച്ചു.

ബി.എം.സിയുടെ യോഗ വിവരങ്ങൾ

| ക്രമ. നം. | ബി.എം.സിയുടെ പേര് |
|---|---|
| 1 | മുള്ളൻകൊല്ലി |
| 2 | പുൽപള്ളി |
| 3 | നൂൽപ്പുഴ |
| 4 | നെന്മേനി |
| 5 | പൂതാടി |
| 6 | അമ്പലവയൽ |
| 7 | മുട്ടിൽ |
| 8 | മീനങ്ങാടി |
| 9 | വൈത്തിരി |
| 10 | പൊഴുതന |
| 11 | പടിഞ്ഞാറേത്തറ |
| 12 | തിരുനെല്ലി |
| 13 | തൊർനാട് |
| 14 | തവിഞ്ഞാൽ |
| 15 | മാനന്തവാടി |
| 16 | പനമരം |
| 17 | എടവക |

## 13. കണ്ണൂർ ജില്ല

ബി.എം.സിയുടെ യോഗ വിവരങ്ങൾ

| ക്രമ. നം. | ബി.എം.സിയുടെ പേര് | യോഗം കൂടിയ തീയതി. |
|---|---|---|
| 1 | പയ്യന്നൂർ ഗ്രാമപഞ്ചായത്ത് | 04/09/2019 |
| 2 | ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത് | 06/09/2019 |
| 3 | കോളയാട് ഗ്രാമപഞ്ചായത്ത് | 07/09/2019 |
| 4 | കുറുമത്തൂർ ഗ്രാമപഞ്ചായത്ത് | 09/09/2019 |
| 5 | ആന്തൂർ മുൻസിപ്പാലിറ്റി | 17/09/2019 |
| 6 | കോളയാട് ഗ്രാമപഞ്ചായത്ത് | 30/10/2019 |
| 7 | ചെങ്ങളയിൽ ഗ്രാമപഞ്ചായത്ത് | 31/10/2019 |
| 8 | പയ്യന്നൂർ മുൻസിപ്പാലിറ്റി | 01/11/2019 |
| 9 | വളപ്പട്ടണം ഗ്രാമപഞ്ചായത്ത് | 04/11/2019 |
| 10 | പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് | 22/11/2019 |
| 11 | മട്ടന്നൂർ മുൻസിപ്പാലിറ്റി | 23/11/2019 |
| 12 | ന്യൂ മാഹി ഗ്രാമപഞ്ചായത്ത് | 02/12/2019 |
| 13 | മാടായി ഗ്രാമപഞ്ചായത്ത് | 03/12/2019 |
| 14 | പരിയാരം ഗ്രാമപഞ്ചായത്ത് | 10/12/2019 |
| 15 | ആലക്കോട് ഗ്രാമപഞ്ചായത്ത് | 16/12/2019 |
| 16 | എരമം കുട്ടൂർ ഗ്രാമപഞ്ചായത്ത് | 13/01/2020 |
| 17 | മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് | 16/01/2020 |
| 18 | കോലഞ്ചേരി ഗ്രാമപഞ്ചായത്ത് | 18/01/2020 |
| 19 | കോളയാട് ഗ്രാമപഞ്ചായത്ത് | 21/01/2020 |
| 20 | ചെറുതാഴം ഗ്രാമപഞ്ചായത്ത് | 24/01/2020 |
| 21 | നടുവിൽ ഗ്രാമപഞ്ചായത്ത് | 25/01/2020 |
| 22 | കൊളഞ്ചേരി ഗ്രാമപഞ്ചായത്ത് | 04/02/2020 |
| 23 | കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് | 20/02/2020 |
| 24 | ആലക്കോട് ഗ്രാമപഞ്ചായത്ത് | 06/03/2020 |
| 25 | കൊളഞ്ചേരി ഗ്രാമപഞ്ചായത്ത് | 09/03/2020 |


ജൈവവൈവിധ്യ രജിസ്റ്റർ പ്രകാശനം


ഈയ്യം ഭരണിത്തുരുത്ത് പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം ബി.എം.സി അംഗങ്ങൾ സന്ദർശിക്കുന്നു

## 14. കാസറഗോഡ് ജില്ല

ബി.എം.സിയുടെ യോഗ വിവരങ്ങൾ

| ക്രമ. നം. | ബി.എം.സിയുടെ പേര് | യോഗം കൂടിയ തീയതി. | നം. |
|---|---|---|---|
| 1 | പീലിക്കോട് ഗ്രാമപഞ്ചായത്ത് | 06/04/2019<br>06/05/2019<br>08/07/2019<br>08/06/2019<br>19/10/2019<br>30/10/2019<br>09/01/2020<br>16/01/2020<br>05/02/2020<br>11/03/2020 | 10 |
| 2 | പള്ളിക്കര ഗ്രാമപഞ്ചായത്ത് | 22/09/2019<br>03/10/2019<br>10/01/2020<br>20/02/2020<br>11/03/2020 | 5 |
| 3 | പുല്ലൂർ, പെരിയ ഗ്രാമപഞ്ചായത്ത് | 11/02/2020 | 1 |
| 4 | കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് | 23/10/2019<br>20/02/2020 | 2 |
| 5 | തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് | 11/07/2019<br>30/09/2019<br>05/10/2019 | 3 |
| 6 | നീലേശ്വരം മുൻസിപ്പാലിറ്റി | 22/01/2020 | 1 |
| 7 | മുളിയൂർ ഗ്രാമപഞ്ചായത്ത് | 28/06/2019<br>10/02/2020 | 2 |
| 8 | വലിയപറമ്പ ഗ്രാമപഞ്ചായത്ത് | 22/10/2019 | 1 |
| 9 | വോർക്കാടി ഗ്രാമപഞ്ചായത്ത് | 07/11/2019 | 1 |
| 10 | ഉദുമ ഗ്രാമപഞ്ചായത്ത് | 27/06/2019 | 1 |
| 11 | പുതിഗൈ ഗ്രാമപഞ്ചായത്ത് | | 1 |
| 12 | കുമ്പള ഗ്രാമപഞ്ചായത്ത് | | 1 |
| 13 | മടികൈ ഗ്രാമപഞ്ചായത്ത് | | 1 |
| 14 | മധൂർ ഗ്രാമപഞ്ചായത്ത് | | 1 |







തച്ചങ്ങാട് കാനം സംരക്ഷണ ശിൽപശാല

- കുമ്പള ഗ്രാമ പഞ്ചായത്തിലെ കിഡൂർ വില്ലേജിൽ പാറഖനനവുമായി ബന്ധപ്പെട്ട പ്രശ്നം. ഇതിന്റെ പരിഹാരത്തിനായി കാസറഗോഡ് ജില്ലാ കളക്ടർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ, പാറ ഖനനം നടത്താൻ ഉദ്ദേശിച്ചിരുന്ന പ്രദേശത്തെ പക്ഷികളുടെ ആവാസവ്യവസ്ഥയുമായി ബന്ധപ്പെട്ട് RFO യുടെ നേതൃത്വത്തിൽ സാങ്കേതിക സംഘാംഗങ്ങളുടെ (TSG) സഹായത്തോടെ സെപ്തംബറിലാണ് പഠനം നടന്നത്. ബി.എം.സി അംഗങ്ങളും ജില്ലയിലെ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഉദ്യോഗസ്ഥരും പഠനത്തിൽ പങ്കെടുത്തു. പഠന റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. ഇതിന്റെ കോപ്പി സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് കുമ്പള ബി.എം.സിക്ക് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന്, പാറ ഖനനം നടത്താൻ ഉദ്ദേശിച്ചിരുന്ന പ്രദേശം കേരളത്തിലെ ആദ്യത്തെ 'പക്ഷിഗ്രാമമായി' പ്രഖ്യാപിക്കാൻ ബി.എം.സി. തീരുമാനമെടുത്തു. ദേവ ദാരു അഗ്രോ വെൻഞ്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് പാറഖനനം നടത്താൻ ശ്രമിച്ചത്.
- പീലിക്കോട് ഗ്രാമ പഞ്ചായത്തിൽ ഒരു മൊബൈയിൽ ടവർ സ്ഥാപിക്കുന്നതിന് എതിരെ പ്രസ്തുത ഗ്രാമപഞ്ചായത്തിലെ ജനകീയ പ്രതിരോധ സമിതി ഒരു പരാതി സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ 2020 ഫെബ്രുവരി 7-ാം തീയതി RFO കാഞ്ഞങ്ങാടിന്റെ നേതൃത്വത്തിൽ സുവോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ ശാസ്ത്രജ്ഞൻമാരും, ജില്ലയിലെ സാങ്കേതിക സഹായ സംഘാംഗങ്ങളും ബി.എം.സി അംഗങ്ങളും സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ജില്ലാ ഉദ്യോഗസ്ഥൻമാരും ചേർന്ന് പഠനം നടത്തുകയും, പഠന റിപ്പോർട്ട് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പീലിക്കോട് ബി.എം.സിക്കും സമർപ്പിച്ചു. തുടർന്ന് ബി.എം.സി യോഗം കൂടി തീരുമാനമെടുത്ത് ജില്ലാ കളക്ടർക്ക് പ്രശ്ന പരിഹാരത്തിനായി സമർപ്പിച്ചു.



## 6. ജൈവവൈവിധ്യ ഗവേഷണങ്ങളും അന്വേഷണ പഠനങ്ങളും

**പ്രധാന നേട്ടങ്ങൾ**

1. പ്രളയ-പ്രകൃതി ദുരന്തങ്ങൾ കേരളത്തിലെ ജൈവവൈവിധ്യത്തിന്മേൽ സൃഷ്ടിച്ച ആഘാത പഠനം പൂർത്തീകരിച്ചു. 28 സ്ഥാപനങ്ങളുമായി ചേർന്നാണ് പ്രസ്തുത പഠനം നടത്തിയത്.
2. കടലുണ്ടി, വള്ളിക്കുന്ന് എന്നിവിടങ്ങളിലെ ആവാസ വ്യവസ്ഥകളിൽ വന്ന മാറ്റങ്ങളെ കുറിച്ചുള്ള പഠനം സി.എം.എഫ്-ആർ ഐ-യുമായി ചേർന്ന് പൂർത്തീകരിച്ചു.
3. 'കേരള റെഡ് ഡേറ്റാ ബുക്കിന്റെ' തയ്യാറാക്കൽ ജെ.എൻ.ടി.ബി.ജി.ആർ.ഐ-യും സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ (ZSI) യും കേന്ദ്ര മറൈയിൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടു (CMFRI) മായി ചേർന്ന് തയ്യാറാക്കി കൊണ്ടിരിക്കുന്നു.
4. കാവുകളുമായി ബന്ധപ്പെട്ട സംരക്ഷണ പ്രവർത്തനങ്ങൾ മലബാർ ബോട്ടാണിക് ഗാർഡനുമായി ചേർന്ന് നടന്ന് വരുന്നു.
5. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സഹായത്തോടെ വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളുടെ പ്രജനന രീതി വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജെ.എൻ.ടി.ബി.ജി. ആർ.ഐ-യുടെ സഹായത്തോടെ പുരോഗമിക്കുന്നു.
6. കേരളത്തിന്റെ നവകേരള നിർമ്മാണ വികസന പദ്ധതി - (Rebuild Kerala Initiative) പ്രവർത്തനങ്ങളിൽ ഉൾകൊള്ളിച്ചിട്ടുള്ള പ്രോജക്ടുകൾക്ക് തുടക്കം കുറിച്ചു.
7. നെയ്യങ്കയത്തെ ജൈവവൈവിധ്യ പഠനങ്ങൾ പൂർത്തീകരിച്ചു.

### 6.1. ജൈവവൈവിധ്യ പഠനങ്ങൾ

#### 6.1.1. പ്രളയവും, പ്രകൃതി ദുരന്തങ്ങളും ജൈവവൈവിധ്യത്തിൻമേൽ സൃഷ്ടിച്ച ആഘാതപഠനം

പ്രളയം മൂലം ജൈവവൈവിധ്യത്തിനുണ്ടായ ആഘാതത്തെക്കുറിച്ച് ബി.എം.സി.കൾ മുഖേന 187 തദ്ദേശസ്ഥാപനങ്ങളിൽ 2018-19 കാലയളവിൽ ബോർഡ് പഠനം നടത്തി. സംസ്ഥാനതലത്തിലെയും, ജില്ലാതലത്തിലെയും, ബി.എം.സി. തലത്തിലെയും സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നിരവധി പരിശീലനങ്ങളിലൂടെയും, സർവ്വേകളിലൂടെയും നടത്തിയ ഇത്തരമൊരു പഠനം രാജ്യത്തെ തന്നെ പ്രഥമ സംരംഭമായിരുന്നു. പഠനത്തിന്റെ ഭാഗമായുള്ള പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- ഫീൽഡുതല സർവ്വേ, ഫോക്കൽ ഗ്രൂപ്പ് ചർച്ച എന്നിവ നടത്തുന്നതിനായി 187 ബി.എം.സി. കൾക്ക് പരിശീലനം നൽകി.
- ജൈവവൈവിധ്യ സർവ്വേ നടത്തുന്നതിനായി 635 വോളന്റിയർമാരെ പരിശീലിപ്പിച്ചു.
- ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ 13 ജില്ലാതല യോഗങ്ങൾ സംഘടിപ്പിച്ചു
- 374 ബി.എം.സി. യോഗങ്ങൾ സംഘടിപ്പിച്ചു.
- 3 സംസ്ഥാനതല കോർ കമ്മിറ്റി യോഗങ്ങൾ സംഘടിപ്പിച്ചു.

പുഴയോരം, വനപ്രദേശം, തോട്ടങ്ങൾ, കൃഷിയിടങ്ങൾ എന്നിവ ഉൾപ്പെടെ 771 ഭൂപ്രദേശങ്ങളിൽ പ്രളയത്തിന്റെ പ്രത്യാഘാതങ്ങൾ ഉണ്ടായതായി പഠനത്തിൽ വ്യക്തമായി. ഏകദേശം 287 കാർഷിക വിളകൾ, 1053 സസ്യജാല

ങ്ങൾ, 695 ജന്തുജാലങ്ങൾ എന്നിവയെയും പ്രളയം ബാധിച്ചു. പ്രസ്തുത പഠനത്തിന്റെ തുടർപ്രവർത്തനമെന്നോണം, കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ട്, പ്രളയവും ഉരുൾപ്പൊട്ടലും മൂലം ജൈവവൈവിധ്യത്തിനും, ആവാസവ്യവസ്ഥകൾക്കും ഉണ്ടായിട്ടുള്ള ആഘാതനിർണ്ണയത്തിനും, പുഴയോര ആവാസവ്യവസ്ഥകളുടെ പുനരുജ്ജീവനത്തിനും വേണ്ടി 28 പഠനങ്ങൾ വിവിധ ഗവേഷണ സ്ഥാപനങ്ങളുടെയും, കേരള സർവ്വകലാശാലയുടെയും സഹകരണത്തോടെ നടത്തി. പഠനം നടത്തിയ ഓരോ സ്ഥാപനവും അവരുടെ പഠന റിപ്പോർട്ട് ബന്ധപ്പെട്ട പ്രദേശത്തെ ബി.എം.സി. കൾക്ക് സമർപ്പിച്ചിട്ടുണ്ട്.

**പഠനവിധേയമാക്കിയ മേഖലകൾ ചുവടെ ചേർക്കുന്നു**

1. കേരളത്തിലെ മലയോര പ്രദേശങ്ങളിലെ (വയനാട്, പാലക്കാട്, പാലക്കാട് ചുരം, നെല്ലിയാമ്പതി, ഇടുക്കി, അട്ടപ്പാടി, തൃശ്ശൂർ (ആതിരപ്പള്ളി)) എന്നിവിടങ്ങളിലെ ആവാസവ്യവസ്ഥകൾക്ക് പ്രകൃതി ദുരന്തത്താൽ/ പ്രളയാനന്തരമുണ്ടായ ആഘാതപഠനം.
2. പ്രളയം/പ്രകൃതി ദുരന്തത്താൽ പമ്പ, പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ, കല്ലായിപ്പുഴ, ചാലിയാർ, അച്ചൻകോവിലാർ, മണിമലയാർ, കുറ്റിയാടി നദി എന്നീ നദിയോരങ്ങളിലെ ആവാസവ്യവസ്ഥകൾക്കും, പച്ചപ്പിനുമുണ്ടായ ആഘാതപഠനം.
3. മംഗളവനം, പാതിരാമണൽ, പള്ളിപ്പുറം, പെരുമ്പളം എന്നിവിടങ്ങളിലെ കണ്ടൽക്കാടുകൾക്കുണ്ടായ ആഘാതപഠനം.
4. അട്ടപ്പാടി, ആതിരപ്പള്ളി എന്നിവിടങ്ങളിലെ ആദിവാസികളുടെ ജീവസന്ധാരണത്തിൽ പ്രളയവും, മണ്ണിടിച്ചിലും ഉണ്ടാക്കിയ പ്രതിബന്ധങ്ങളും, ആഘാതങ്ങളും.
5. ആലപ്പുഴ (കുട്ടനാട്) വയനാട് ജില്ലകളിലെ കൃഷിയിടങ്ങളിൽ പ്രളയം വരുത്തി വച്ച നാശനഷ്ടങ്ങൾ.
6. പമ്പ, പെരിയാർ, ചാലക്കുടിപ്പുഴകളിലെ മണ്ണിലെ ജൈവീക ഘടകങ്ങളിൽ (Soil Biota) ഉണ്ടായ മാറ്റങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ.
7. പ്രളയകാലാനന്തരം അധിനിവേശ സസ്യങ്ങളുടെ വ്യാപനവുമായി ബന്ധപ്പെട്ട പഠനങ്ങൾ.

വിശദമായ ഗവേഷണങ്ങളുടെയും, വിവിധ തൽപ്പരകക്ഷികൾ, വിദഗ്ദർ എന്നിവരുമായുള്ള ചർച്ചയുടെയും അടിസ്ഥാനത്തിൽ '2018 ലെ പ്രളയം മൂലം ജൈവവൈവിധ്യത്തിനുണ്ടായിട്ടുള്ള നാശ'ത്തെക്കുറിച്ച് ഒരു സംക്ഷിപ്ത റിപ്പോർട്ട് ബോർഡ് തയ്യാറാക്കി. ഭാവിയിൽ ഇത്തരം പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിന് സജ്ജരാകുന്നതിനും, കേരളത്തിലെ ആവാസവ്യവസ്ഥാ പുനരുജ്ജീവനത്തിനും പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പഠനത്തിലെ സുപ്രധാന കണ്ടെത്തലുകളും നിർദ്ദേശങ്ങളും:**

- 2018 ലെ പ്രളയം മൂലം ജൈവവൈവിധ്യത്തിന് ആഘാതമുണ്ടാകാനുള്ള കാരണങ്ങൾ പ്രധാനമായും (1) കുറഞ്ഞ സമയത്തെ അതിതീവ്ര മഴ (2) വനനശീകരണം, സ്വാഭാവിക അരുവികളുടെ ഒഴുക്കിനെ തടസ്സപ്പെടുത്തൽ (3) നഗരവൽക്കരണത്തിന്റെ ഭാഗമായി തണ്ണീർത്തടങ്ങൾക്ക് വന്നിട്ടുള്ള മാറ്റം (4) പരിസ്ഥിതി ദുർബല മേഖലകളിലെ അശാസ്ത്രീയമായ വികസനപ്രവർത്തനങ്ങൾ (5) അധിനിവേശ ജീവജാലങ്ങളെ പ്രോത്സാഹിപ്പിക്കൽ, തുടങ്ങിയവയാണ്.
- ചെങ്കുത്തായ ചെരിവുകളാണ് ഉരുൾപ്പൊട്ടലിനുള്ള പ്രധാന കാരണമെന്നാണ് അട്ടപ്പാടി, പാലക്കാട് ചുരം, വയനാട് എന്നിവിടങ്ങളിൽ നടത്തിയ പഠനം സൂചിപ്പിക്കുന്നത്. പാറകളുടെ ഘടനയും മണ്ണിന്റെ സ്ഥിരതയെ സ്വാധീനിക്കുന്നു. 22-280 വരെ ചെരിവുള്ളതും, വനങ്ങളുടെ പ്രാന്തപ്രദേശങ്ങളിൽ കാണപ്പെടുന്നതും, എന്നാൽ ഇത്തരം ചെരിവുകളിൽ ക്വാറികൾ, റിസോർട്ടുകൾ, റോഡുകൾ, പാലങ്ങൾ, തുടങ്ങിയ നിർമ്മാണങ്ങൾ മൂലം തടസ്സങ്ങളുണ്ടായിട്ടുള്ളതുമായ പ്രദേശങ്ങളിലാണ് ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ ഉണ്ടായിട്ടുള്ളത്. വനനശീകരണം, അശാസ്ത്രീയമായ കൃഷിരീതികൾ, നഗരവൽക്കരണം, നിലം നികത്തൽ തുടങ്ങിയവ ഉരുൾപ്പൊട്ടലിനുള്ള സാധ്യത കൂട്ടുന്നു. വിരളമായ സസ്യജാലങ്ങളുള്ള പ്രദേശങ്ങളിൽ, നിബിഡമായ സസ്യജാലങ്ങളുള്ള പ്രദേശങ്ങളേക്കാൾ ഉരുൾപ്പൊട്ടൽ സാധ്യത കൂടുതലാണ്. കുത്തനെയുള്ള ചെരിവുകളിലെ കൃഷിയും ഉരുൾപ്പൊട്ടലിന്റെ സാധ്യത കൂട്ടുന്നു. 45 ഡിഗ്രിയിൽ കൂടുതൽ ചെരിവുള്ള പ്രദേശങ്ങൾ കൂടുതലും പാറകൾ നിറഞ്ഞവയായതിനാൽ ഉരുൾപ്പൊട്ടൽ അധികമായി രേഖപ്പെടുത്തിയിട്ടില്ല. ആതിരപ്പള്ളിയിൽ കുന്നിൻ ചെരിവുകളിൽ 1:3:2 ചെരിവ് അനുപാതത്തിൽ കാണപ്പെടുന്ന റോഡുകളാണ് ഉരുൾപ്പൊട്ടലിന്റെ യഥാർത്ഥ കേന്ദ്രങ്ങൾ.

- ചെങ്കുത്തായ ചെരിവിൽ നിന്നും പതിക്കുന്ന അരുവികൾക്ക് മുകളിൽ വെള്ളം തങ്ങി നിൽക്കുന്ന പ്രദേശത്തിന്റെ 70 ശതമാനത്തിലേറെ വരുന്ന പ്രദേശത്ത് സ്വാഭാവിക സസ്യജാലം നാശോന്മുഖമായിട്ടുണ്ടെങ്കിൽ, ഇത്തരം പ്രദേശങ്ങൾ ഉരുൾപ്പൊട്ടൽ സാധ്യതാ പ്രദേശമായി പ്രഖ്യാപിക്കേണ്ടതും, അത്തരം ചെരിവുകളുടെ താഴ്വാരങ്ങളിൽ ജനവാസം ഒഴിവാക്കേണ്ടതുമാണ്. ഉരുൾപ്പൊട്ടലിലൂടെ മണ്ണ് ഒലിച്ചു പോകുന്നതിനാൽ വനങ്ങളുടെ ഉത്പ്പാദനക്ഷമത കുറയുന്നു. കുന്നുകളിലും കുന്നിൻ ചെരിവുകളിലും കുറഞ്ഞത് 30 ശതമാനമെങ്കിലും സ്വാഭാവിക സസ്യജാലങ്ങളോ വൈവിധ്യമാർന്ന സ്വാഭാവിക വൃക്ഷങ്ങളോ ഇടകലർത്തി നിലനിർത്തേണ്ടതാണ്. കുന്നിൻ മുകളിലെ സ്വാഭാവിക സസ്യജാലങ്ങളെ നാശോന്മുഖമാക്കുന്ന പ്രവർത്തനങ്ങൾ തടയേണ്ടതും, അവയുടെ പുനരുജ്ജീവനം പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ഓരോ തദ്ദേശസ്ഥാപനങ്ങളുടെയും ഉരുൾപ്പൊട്ടൽ സാധ്യതാ മേഖലകളുടെ സൂക്ഷ്മതല മാപ്പുകൾ 1:2500 സ്കെയിലിൽ തയ്യാറാക്കുകയാണെങ്കിൽ, സുസ്ഥിരമല്ലാത്തതും, വീണ്ടെടുക്കാനാവാത്തതുമായ വികസന പ്രവർത്തനങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള ആസൂത്രണം സാധ്യമാകുന്നതാണ്. ഓരോ തദ്ദേശസ്ഥാപനങ്ങളിലെയും ദുരന്തസാധ്യത മേഖലകൾ സർവ്വേയിലൂടെ കണ്ടെത്തുന്നതിനും, അതിതീവ്ര ദുരന്തസാധ്യത മേഖലകളിൽ ഭൗമോപരിതലത്തിലെ ചലനങ്ങൾ രേഖപ്പെടുത്തുന്നതിനുമുള്ള ക്രമീകരണം ചെയ്യുകയാണെങ്കിൽ, ബി.എം.സി. കൾക്കും തദ്ദേശസ്ഥാപനങ്ങൾക്കും വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച തീരുമാനമെടുക്കുമ്പോൾ പ്രയോജനപ്പെടുന്നതാണ്.
- ഓരോ പ്രദേശത്തെയും ഗ്രിഡുകളായി തിരിച്ച് പി.ബി.ആർ കാലാനുസൃതമായി അപ്ഡേറ്റ് ചെയ്യുന്നതിലൂടെ, ഓരോ പ്രദേശത്തിന്റെയും പ്രകൃതി വിഭവങ്ങളെക്കുറിച്ചും, ഭൂവിനിയോഗമാറ്റത്തെക്കുറിച്ചും അറിയുന്നതിനും, പ്രാദേശികമായി ജൈവവൈവിധ്യ കർമ്മപദ്ധതികൾ (Local Action Plan for Biodiversity – LBSAP) തയ്യാറാക്കുന്നതിനും സഹായകമാകുന്നതാണ്.
- 2019 ഫെബ്രുവരി-മാർച്ച് മാസത്തിൽ സസ്യജാലങ്ങൾ അമിതമായി വരണ്ടുണങ്ങിയതും, വർദ്ധിച്ച കാട്ടുതീയും മുൻവർഷത്തെ അപേക്ഷിച്ച് ശ്രദ്ധിക്കപ്പെടുകയുണ്ടായി. നീരൊഴുക്ക് സംവിധാനത്തിലെ മാറ്റങ്ങൾ, വേനൽക്കാല താപനിലയിലെ വർദ്ധനവ് എന്നിവയാകാം അതിനുള്ള കാരണങ്ങൾ.
- വിശദമായ വിദഗ്ദതല ചർച്ചകളിലൂടെ പ്രളയവും, ഉരുൾപ്പൊട്ടലും ബാധിച്ച പുഴയോരങ്ങളിൽ വിവിധ ഘട്ടങ്ങളായി തദ്ദേശസ്ഥാപനങ്ങൾ/ ബി.എം.സി. കൾ നടത്തേണ്ട ഇടപെടലുകൾ സംബന്ധിച്ച മാനദണ്ഡങ്ങൾ തയ്യാറാക്കി. പ്രസ്തുത മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിന്, (1) പ്രളയവും, ഉരുൾപ്പൊട്ടലും കാരണം പുഴയോരത്തുണ്ടായിട്ടുള്ള ഭൗതിക ആഘാതം (2) സംരക്ഷണ പ്രാധാന്യമുള്ള ജീവജാലങ്ങളുടെ വ്യാപനം (3) അധിനിവേശജീവജാലങ്ങളുടെ വ്യാപനം (4) പുഴയോര ഭൂവിനിയോഗം എന്നീ ഘടകങ്ങളാണ് പ്രധാനമായും പരിഗണിച്ചത്.
- റോഡുകൾക്ക് കുറുകെയുള്ള ജലനിർഗ്ഗമന പാതകളുടെ കൃത്യമായ പരിപാലനമാണ് മറ്റൊരു പ്രധാന പ്രശ്നം. അതായത് അതിതീവ്ര മഴക്കാലത്തെ ജലവിതാനം, ചെരിവ് എന്നിവ തിട്ടപ്പെടുത്തുന്നതിന് സഹായകമാകും വിധമാകണം കലുങ്കുകളുടെ വ്യാപ്തി.
- പെരിയാർ, പമ്പ, ഭാരതപ്പുഴ, ചാലക്കുടി എന്നിവിടങ്ങളിൽ പുനരുജ്ജീവനം ആവശ്യമായ പ്രദേശങ്ങളെയും, പ്രസ്തുത പ്രദേശങ്ങളിൽ പുനരുജ്ജീവനം നടത്തേണ്ട നദിയോര സസ്യജാലങ്ങളെയും തിട്ടപ്പെടുത്തി. പ്രളയത്തിൽ നിന്നും രക്ഷനേടുന്നതിന് പമ്പയുടെ കൈവഴികളായ വരട്ടാർ, ഉത്തര പാലിയാർ, ഇല്ലിമലത്തോട്, കുട്ടൻപേരൂർ പുഴ, അരിത്തോട് എന്നിവിടങ്ങളിലെ കളകൾ നീക്കം ചെയ്ത്, ഒഴുക്കിന്റെ തടസ്സങ്ങൾ നീക്കം ചെയ്യേണ്ടതാണ്. നീർത്തടാധിഷ്ഠിത കാഴ്ചപ്പാടോടുകൂടിയുള്ള വികസന ആസൂത്രണവും, അവയ്ക്ക് അംഗീകാരം നൽകുന്നതിന് തദ്ദേശസ്ഥാപനങ്ങളിൽ നദീതട ഉപദേശകസമിതിയും അനിവാര്യമാണ്.
- പുഴയോര വനപ്രദേശങ്ങൾ സാമൂഹിക സംരക്ഷണ കേന്ദ്രങ്ങളായി പ്രഖ്യാപിക്കുക. ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ പുഴയോര വനമേഖലയും, വേഴാമ്പലിന്റെ ആവാസകേന്ദ്രവുമായ പ്രദേശം കാടർ സമുദായത്തിൽപ്പെട്ട ആദിവാസി വിഭാഗങ്ങൾ സംരക്ഷിച്ചു വരുന്നത് ഇത്തരത്തിലുള്ള ചില ഉദാഹരണങ്ങളാണ്.
- പുഴയോരങ്ങളിൽ സംരക്ഷണമൂല്യമുള്ളതായി കണ്ടെത്തിയിട്ടുള്ള 545 സസ്യജാലങ്ങളിൽ 334 എണ്ണവും ആയുർവ്വേദം, യുനാനി, സിദ്ധ, ഹോമിയോപ്പതി, ഗോത്ര ചികിത്സ, ടിബറ്റൻ, ചൈനീസ് തുടങ്ങി വിവിധങ്ങളായ പരമ്പരാഗത ചികിത്സാ രീതിയിലും, ആധുനിക വൈദ്യശാസ്ത്രത്തിലും, മൃഗ ചികിത്സയിലും ഔഷധമായി ഉപയോഗിച്ചുവരുന്നു. ഔഷധസസ്യ വൈവിധ്യം ഏറ്റവും കൂടുതലുള്ളത് പെരിയാറിന്റെ തീരത്താണ് (215 ഇനം). തുടർന്ന് പമ്പ (185 ഇനം), ചാലക്കുടി (165 ഇനം) എന്നിവിടങ്ങളിലും, ഏറ്റവും കുറവ് കാണപ്പെടുന്നത് ഭാരതപ്പുഴയിലുമാണ് (154 ഇനം). പ്രാദേശികാടിസ്ഥാനത്തിൽ പ്രാധാന്യമുള്ളതും, പുഴയോര മണ്ണൊലിപ്പ് തടയുന്നതിനും, തീരം സംരക്ഷിക്കുന്നതിനും, പ്രളയം നിയന്ത്രിക്കുന്നതിനും സഹായകമാകുന്ന 214

ഇനം സസ്യങ്ങളെ പഠനത്തിന്റെ ഭാഗമായി കണ്ടെത്തിയിട്ടുണ്ട്. പ്രാദേശിക പ്രാധാന്യമുള്ള സസ്യങ്ങളുടെ വൈവിധ്യം കൂടുതലുള്ളത് ചാലക്കുടിപ്പുഴയോരത്താണ് (137 ഇനം), തുടർന്ന് പെരിയാർ (135), പമ്പ (123) എന്നിവിടങ്ങളിലും, ഏറ്റവും കുറവ് ഭാരതപ്പുഴയിലുമാണ് (51 ഇനം). പ്രാദേശിക പ്രാധാന്യമുള്ളവയായി കണ്ടെത്തിയ 214 സസ്യങ്ങളിൽ 31 സസ്യങ്ങൾ ഐ.യു.സി.എൻ. പ്രകാരം വംശനാശം നേരിടുന്നവയും (3 CR, 12 EN, 16 VU), 89 എണ്ണം തദ്ദേശീയ ഇനത്തിൽപ്പെട്ടവയുമാണ് ( 5 കേരളം, 45 തെക്കൻ പശ്ചിമഘട്ടം, 25 പശ്ചിമഘട്ടം, 10 ഇന്ത്യൻ ഉപദ്വീപ് മേഖല, 2 ഇന്ത്യ).

- പൊതുവായിപ്പറഞ്ഞാൽ, കടപുഴകിയും, ഉണങ്ങിയും, ഒലിച്ചുപോയതിലൂടെയും ജീവജാലങ്ങൾക്കുണ്ടായിട്ടുള്ള ആഘാതത്തിന്റെ തോത് കൂടുതലായിട്ടുള്ളത് പമ്പയിലും, തുടർന്ന് പെരിയാറിലും ചാലക്കുടിയിലുമാണ്. 197 തദ്ദേശീയ ഇനങ്ങളിൽ 47 എണ്ണവും ആഘാതമേറ്റവയാണ്. അവയിൽ കൂടുതൽ എണ്ണം ചാലക്കുടി പുഴയിലും (29), തുടർന്ന് പെരിയാർ (25). പമ്പ (23) എന്നിവിടങ്ങളിലും, കുറവ് ഭാരതപ്പുഴയിലുമാണ് (12).
- പഠനത്തിന്റെ ഭാഗമായി, ഭാവിയിൽ ഓരോ പുഴയോരത്തും നട്ടുപിടിപ്പിക്കാവുന്ന സസ്യങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കുകയും, ഓരോ പുഴയുടെയും തീരത്തിന്റെ അവസ്ഥ, ഉപയോഗം എന്നിവയ്ക്കനുസൃതമായി നടാവുന്ന തൈകളുടെ എണ്ണം ക്രമപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയത് വിവിധ പുഴയോരങ്ങളിലെ വനവൽക്കരണ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഐ.യു.സി.എൻ. ചുവന്ന പട്ടികയിലുൾപ്പെട്ടവ, തദ്ദേശീയ ഇനങ്ങൾ, സസ്യങ്ങളുടെ ഔഷധമൂല്യം, പ്രാദേശിക പ്രാധാന്യം, പുഴയോട് തൊട്ടുചേർന്നും പുഴയിലും വളരുന്ന സസ്യങ്ങൾ, തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രസ്തുത മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. *Pandanus furcatus, Talipariti tiliaceum, Thespesia populnea, Ochlandra sp., Ficus exasperata, Ochreinauclea missionis*, തുടങ്ങിയ തനതിനങ്ങൾ മണിമലയാറിന്റെ തീര സംരക്ഷണത്തിന്റെ ആക്കം കൂട്ടുന്നവയാണ്. *Hydnocarpus macrocarpa, Humboldtia decurrens, Vateria indica, Hopea erosa, Cinnamomum perrottetti* തുടങ്ങിയ തനത് സസ്യങ്ങളാൽ സംരക്ഷണ കവചം ശക്തിപ്പെടുത്താവുന്നതാണ്. *Talipariti tiliaceum, Thespesia populnea, Ochlandra sp., Ficus exasperata, Ochreinauclea missionis,* തുടങ്ങിയ സസ്യങ്ങൾ അവയിലെ വേരുശൃംഖല കാരണം പ്രളയത്തെ പ്രതിരോധിക്കാൻ പര്യാപ്തമാണ്. അതേസമയം, *Bambusa vulgaris* എന്ന ചൂരലിന് അതിന്റെ നാരുകൾ പോലുള്ള വേരുകൾ പ്രളയത്തെ അതിജീവിക്കാൻ പര്യാപ്തമല്ലെങ്കിലും, വെള്ളത്തിന്റെ ഒഴുക്കിനെ തടയാൻ സാധിക്കുന്നവയാണ്.
- ഓരോ വർഷവും മഴക്കാലത്തിനു ശേഷമുള്ള മാസങ്ങളിൽ കുട്ടനാട് മേഖലയിലും, വേമ്പനാട് കായലിലും ഉപ്പുരസം വർദ്ധിച്ചുവരുന്നതായാണ് പഠനം വ്യക്തമാക്കുന്നത്. വല്ലാർപാടം കണ്ടെയിനർ ടെർമിനൽ പദ്ധതിയുടെ ഭാഗമായുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ, കാലാവസ്ഥാ വ്യതിയാനം മൂലം മഴക്കാലത്തിനു ശേഷമുള്ള നദിയിലെ ഒഴുക്ക് കുറവ്, തുടങ്ങിയവയാകാം ഭാഗികമായ കാരണങ്ങൾ. ആലപ്പുഴയിലും, കോട്ടയത്തും വർഷകൃഷി നടത്തുന്ന പ്രദേശങ്ങൾ അടുത്തിടയായി കൂടിവരുന്നതായി പഠനം ചൂണ്ടിക്കാട്ടുന്നു. കുട്ടനാട്ടിലെ 45 ശതമാനത്തിൽ കൂടുതൽ നെൽകൃഷി പ്രദേശങ്ങൾ വർഷകൃഷിയിലേക്ക് മാറിയിട്ടുണ്ട്. വർഷകൃഷി പ്രദേശങ്ങൾ 30 ശതമാനത്തിൽ കൂടാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ആയത് പാലിക്കപ്പെടാറില്ലാത്തതിനാൽ പ്രളയത്തിന്റെ തീവ്രത കൂടാനിടയാകുന്നു. കുട്ടനാട്ടിലെ കൃഷി ചെയ്യാതെ കിടക്കുന്ന പാടശേഖരങ്ങൾ മഴക്കാലത്ത് വെള്ളം ശേഖരിച്ച് നിർത്തുന്നതിനായി വിനിയോഗിക്കുകയാണെങ്കിൽ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ജലത്തിന്റെ ദൗർലഭ്യം കുറയ്ക്കാനാകും. ഇത്തരത്തിൽ പാടങ്ങളിൽ പ്രത്യേക കാലയളവിൽ വെള്ളം ശേഖരിച്ച് നിലനിർത്തുന്നതിലൂടെ, പരമ്പരാഗതയിനത്തിൽപ്പെട്ട ഉൾനാടൻ മത്സ്യങ്ങളുടെ പ്രജനനത്തിനും സഹായകമാകുന്നതാണ്.
- ഉയരത്തിൽ പടർന്നു പന്തലിച്ചു വളരുന്ന മരച്ചില്ലകളുടെ അഭാവം മൂലം സുലഭമായി ലഭ്യമാകുന്ന സൂര്യവെളിച്ചം വിവിധങ്ങളായ അധിനിവേശസസ്യങ്ങളുടെയും, കള സസ്യങ്ങളുടെയും വളർച്ചയ്ക്ക് കാരണമാകുന്നു. ധൃതരാഷ്ട്രപ്പച്ച, പൂച്ചെടി തുടങ്ങിയവ ഇതിലുൾപ്പെടുന്നു. ഉരുൾപ്പൊട്ടലുകൾ മൂലം ആവാസ വ്യവസ്ഥയിലുണ്ടാകുന്ന വിള്ളലുകൾ, സൂക്ഷ്മ പരിസ്ഥിതിയിൽ മാറ്റങ്ങൾക്ക് കാരണമാകുന്നു. ഇത്തരം വിള്ളലുകളുടെ വ്യാപ്തി കൂടുന്നതിലൂടെ അധിനിവേശ ജീവജാലങ്ങളുടെ വ്യാപനവും കൂടാനിടയാകുന്നു. വനങ്ങളുടെ പ്രാന്തപ്രദേശങ്ങളിലെ അധിനിവേശ ജീവജാലങ്ങളുടെ സാന്നിധ്യം, വനങ്ങളിലേക്കുള്ള ഇവയുടെ കടന്നുകയറ്റത്തിന്റെ സാധ്യത കൂട്ടുന്നു.
- 2018 ലെ പ്രളയത്തെ തുടർന്ന് നിരവധി വൈദേശിക ഇനത്തിൽപ്പെട്ട ജീവജാലങ്ങൾ പുഴകളിൽ എത്തുകയുണ്ടായി. സമീപപ്രദേശങ്ങളിൽ അശാസ്ത്രീയവും, അനിയന്ത്രിതവും, നിയമവിരുദ്ധവുമായിട്ടുള്ള മത്സ്യ

ക്കൃഷിയുണ്ടായിരുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. പശ്ചിമഘട്ടത്തിലെ തനത് മത്സ്യവൈവിധ്യത്തിന് ഭീഷണിയുയർത്തുന്നവയും, ചെറിയ മത്സ്യങ്ങളെ ആഹരിക്കുന്നവയുമായിട്ടുള്ള അരാപൈമ (*Arapaima gigas*), അലിഗേറ്റർ ഗർ (*Atractosteus spatula*) തുടങ്ങിയ ഭീമാകാരങ്ങളായ മത്സ്യങ്ങളും ഇവയിലുൾപ്പെടുന്നു. ആലപ്പുഴയിലെ കാർത്തികപ്പള്ളി താലൂക്കിൽ നിന്നും 134 ഇനം അധിനിവേശ സസ്യങ്ങളുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. അവയിൽ 27 ഇനങ്ങൾ (കരയിലും തണ്ണീർത്തടങ്ങളിലുമുള്ളവ) കൃഷിയിടങ്ങളിൽ വ്യാപകമായി കടന്നുകയറി വിളകൾക്ക് പൂർണ്ണനാശം വരുത്താൻ പര്യാപ്തമായവയാണ്. അധിനിവേശ സസ്യങ്ങളുടെ സാന്നിധ്യം കൂടുതലായിട്ടുള്ള പ്രദേശങ്ങൾ കണ്ടെത്തി, തൊഴിലുറപ്പ് തൊഴിലാളികളുടെ സഹകരണത്തോടെ അവ നശിപ്പിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്ഥാപനങ്ങളും, ബി.എം.സി.കളും കൈക്കൊള്ളേണ്ടതാണ്. ഓരോ അധിനിവേശ സസ്യത്തിന്റെയും ദോഷവശങ്ങൾ, അവ അതിക്രമിച്ചു കടന്നിട്ടുള്ള ആവാസസ്ഥലങ്ങളുടെ പ്രാധാന്യം, അവയുടെ വ്യാപനം, അവയുടെ നിയന്ത്രണത്തിലെ വെല്ലുവിളികൾ എന്നിവ മനസ്സിലാക്കിയാവണം അധിനിവേശ സസ്യങ്ങളുടെ ദൂരീകരണത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടത്.

- ➢ മണ്ണിന്റെ സ്ഥിരത, വെള്ളപ്പൊക്ക സാധ്യത, മലിനീകരണ തോത് എന്നിവയെ അടിസ്ഥാനമാക്കി കണ്ടലുകൾ വച്ചുപിടിപ്പിക്കാവുന്ന സ്ഥലങ്ങൾ കണ്ടെത്താവുന്നതാണ്. മംഗളവനം പക്ഷിസങ്കേതത്തിൽ, ഇൻഡിക്കേറ്റർ സ്പീഷീസുകളായ ഞണ്ടുകളും ഗാസ്ട്രോപോഡുകളും ക്രമാതീതമായി കുറഞ്ഞുവരുന്നത് നിരീക്ഷിക്കേണ്ടതാണ്. മത്സ്യങ്ങൾ, ഞണ്ടുകൾ, മൊളസ്കുകൾ തുടങ്ങിയ ഇൻഡിക്കേറ്റർ സ്പീഷീസുകൾ കടമക്കുടി പ്രദേശങ്ങളിലും വ്യാപകമായി കുറഞ്ഞു വരുന്നു. തീരത്തോടു ചേർന്ന്, തുടർച്ചയായി തിരമാലകളുടെ സാന്നിധ്യമുള്ളതും, എന്നാൽ വൻതിരകളുടെ സാന്നിധ്യമില്ലാത്തതുമായ സ്ഥലങ്ങളിൽ, വെള്ളത്തിൽ നിൽക്കുംവിധത്തിൽ കണ്ടൽ നഴ്സറികൾ താൽക്കാലികമായി സ്ഥാപിക്കുകയാണെങ്കിൽ, 1-2 വർഷക്കാലയളവിലുള്ള നടീൽ പദ്ധതികൾക്ക് തൈകൾ നൽകുവാൻ സാധിക്കുന്നതാണ്. ഇത്തരം നഴ്സറികളുടെ സജ്ജീകരണത്തിനും, പരിപാലനത്തിനും അധിക പരിശ്രമം വേണ്ടിവരുന്നില്ല.

### 6.1.2. കടലുണ്ടി–വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ് – ആവാസവ്യവസ്ഥാ പഠനം

കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിറ്റി റിസർവ്വ് കേന്ദ്രമാണ് കടലുണ്ടി- വള്ളിക്കുന്ന്. കേരള സർക്കാരും, കടലുണ്ടി, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തുകളും സംയോജിതമായിട്ടാണ് ഇതിന്റെ നോക്കി നടത്തിപ്പ് നിർവ്വഹിക്കുന്നത്. ഇവിടം സ്ഥാനീയമായിട്ടുള്ള പക്ഷികളുടെ സങ്കേതമെന്നതാണ് പ്രത്യേകത. കൂടാതെ അനേകം ദേശാടന പക്ഷികൾ വന്ന് ചേരുന്ന പ്രദേശവുമാണ്. അഴിമുഖ പ്രദേശമായ ഇവിടെ കാണുന്ന കണ്ടൽ വൈവിധ്യവും, ജൈവവൈവിധ്യ സമ്പന്നതയും, ആവാസ വ്യവസ്ഥയിലൂടെ നൽകുന്ന സേവനങ്ങളും ജീവജാലങ്ങൾക്ക് നേരിട്ടും പരോക്ഷമായും പ്രയോജനകരമായിട്ടുള്ളതാണ്. 'Valuation of Marine and Coastal ecosystem in Kadaliundi-Vallikunnu Community reserve' എന്ന പദ്ധതിയിലൂടെ കണ്ടലുകൾ, കണ്ടൽ അനുവർത്തികൾ, മൊളസ്കുകൾ, പക്ഷികൾ, മത്സ്യങ്ങൾ, ഞണ്ടുകൾ, ഷ്രിംപ്സ്, സസ്യപ്ലവകങ്ങൾ, ജന്തുപ്ലവകങ്ങൾ, തുടങ്ങിയവ ഉൾപ്പെടെ പ്രദേശത്തെ ജൈവവൈവിധ്യത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും, ആവാസവ്യവസ്ഥയിലൂടെ ലഭ്യമാകുന്ന സേവനങ്ങളെ സംബന്ധിച്ചും പഠനം നടത്തിയിട്ടുണ്ട്. മധ്യ, തെക്കേ അമേരിക്കയിലെ തനതിനമായ ഒരുതരം ചിപ്പിപോലുള്ള (a brackish water mussel) അധിനിവേശ ജീവജാലങ്ങളുടെ സാന്നിധ്യമാണ് പ്രദേശം നേരിടുന്ന പ്രധാന വെല്ലുവിളി. മണൽത്തിട്ട രൂപീകരണം, മലിനീകരണം തുടങ്ങിയ മറ്റു പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. പ്രസ്തുത പ്രദേശത്തിന്റെ പരിപാലന മാർഗ്ഗങ്ങൾ പദ്ധതിയിൽ നിർദ്ദേശിക്കുന്നുണ്ട്. കടലുണ്ടി-വള്ളിക്കുന്ന് സാമൂഹിക സംരക്ഷണ കേന്ദ്രത്തിന്റെ ശരാശരി പാരിസ്ഥിതിക മൂല്യം 56.11 മില്യൺ രൂപയും, മത്സ്യബന്ധനത്തിൽ നിന്നുള്ള ശരാശരി വരുമാനം മൂന്നു കോടി രൂപയോളവും വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. സി.എം.എഫ്.ആർ.ഐ (CMFRI) യുടെ സഹകരണത്തോടെയാണ് ഈ പ്രോജക്ട് നടപ്പിലാക്കിയത്.

### 6.1.3. റെഡ് ഡേറ്റാ ബുക്ക് (വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളെക്കുറിച്ചുള്ള പുസ്തകം) തയ്യാറാക്കൽ

വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളുടെ സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു റെഡ് ഡേറ്റാ ബുക്ക് തയ്യാറാക്കുകയാണ് ഈ പ്രോജക്ടിലൂടെ ലക്ഷ്യമിടുന്നത്. ഇതിൽ IUCN-ന്റെ റെഡ് ഡേറ്റാ ബുക്ക് പട്ടികയിലുള്ള ജീവജാലങ്ങളെയും, മറ്റ് വിജ്ഞാപനങ്ങളിലൂടെയും നിയമങ്ങളിലൂടെയും ഉൾക്കൊള്ളിച്ചിട്ടുള്ള ജീവജാലങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ജെ.എൻ.ടി.ബി.ജി.ആർ.ഐ, സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ (ZSI), സെൻട്രൽ മറൈയിൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI)സംയുക്തമായിട്ടാണ് പ്രസ്തുത റെഡ് ഡേറ്റാ ബുക്ക് തയ്യാറാക്കുന്നത്.

**പ്രോജക്റ്റിന്റെ പ്രധാന ലക്ഷ്യങ്ങൾ**

- റെഡ് ഡേറ്റാ ബുക്കിന്റെ തയ്യാറാക്കൽ. (ഇതിൽ സമുദ്ര സസ്യ ജന്തു ജാലങ്ങൾ-(Marine Flora and Fauna), ജലീയ സസ്യ ജന്തുജാലങ്ങൾ (Acquatic Flora/Fauna), ശുദ്ധ ജലീയ ജീവജാലങ്ങൾ (Fresh water organisms) എന്നിവ ഉൾകൊള്ളിച്ചിട്ടുണ്ട്. കൂടാതെ IUCN, മറ്റ് ദേശീയ, അന്തർദേശീയ നിയന്ത്രണ ങ്ങൾക്കനുസൃതമായി സസ്യജന്തു ജാലങ്ങളെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- സംരക്ഷണത്തിനും, പ്രാദേശികതല സംരക്ഷണ പ്രവർത്തനങ്ങൾക്കും ജൈവവൈവിധ്യ ആക്ട് സെക്ഷൻ 38 പ്രകാരമുള്ള വിജ്ഞാപനത്തിൽ ഉൾപ്പെടുന്ന സസ്യജന്തുജാലങ്ങളുടെ ഒരു മുൻഗണനാ പട്ടിക തയ്യാറാക്കലും ഇതിന്റെ ഭാഗമാണ്.
- മേൽപ്പറഞ്ഞ മുൻഗണനാപട്ടികയുടെ അടിസ്ഥാനത്തിൽ സുസ്ഥിര രൂപേണ നടത്തേണ്ട കാര്യങ്ങൾ പ്രത്യേകിച്ചും, സാമ്പത്തിക പ്രാധാന്യമുള്ള ജൈവജാതികളുടെ പൂർണ്ണമായും ഭാഗികമായും കാലാവസ്ഥാനുസൃതമായിട്ടുള്ള നിരോധനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ശുപാർശകളും/ നിർദ്ദേശങ്ങളും ഇതിൽ ഉൾപ്പെടുന്നു.

### 6.1.4. കാവുകളുടെ സംരക്ഷണം

കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം വഴി നടപ്പാക്കിവരുന്ന ലോകബാങ്ക് പ്രോജക്ടി ന്റെ ഭാഗമായി, കടലോര-സമുദ്ര വിഭവങ്ങളുടെ ലഭ്യത കൂട്ടുന്നതിന് വേണ്ടിയുള്ള (Enhancing Coastal Resource Efficiency) സുസ്ഥിര കടലോര പ്രോജക്ടിന്റെ നടത്തിപ്പിനായി (Sustainable Coastal Management), തീരപ്രദേശ ത്തെ കാവുകളുടെ സംരക്ഷണത്തിനായുള്ള ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് മലബാർ ബോട്ടാണിക്കൽ ഗാർഡന്റെ സഹായത്തോടെ തയ്യാറാക്കി വരുന്നു.

**പ്രോജക്റ്റിന്റെ പ്രധാന ലക്ഷ്യങ്ങൾ**

- » 9 തീരപ്രദേശജില്ലകളിൽ ഉൾപ്പെടുന്ന 113 ഗ്രാമപഞ്ചായത്തുകളിലെ കാവുകളുടെ വിവര പട്ടികകൾ, വിസ് തീർണ്ണം, ഉടമസ്ഥാവകാശം എന്നിവയുടെ ക്രോഡീകരണം.
- » കാവുകൾക്കുള്ളിലെ ജൈവവൈവിധ്യവും അതുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളുടെ /നാട്ടറിവു കളുടെ ക്രോഡീകരണം.
- » കാവുകളുടെ തൽസ്ഥിതി, മുൻഗണന ക്രമത്തിൽ പ്രദേശികാടിസ്ഥാനത്തിലുള്ള സസ്യജാതികളുടെ വൈവിധ്യം, വിവരപട്ടിക, അപൂർവ്വവും, വംശനാശഭിഷണി നേരിടുന്ന സസ്യങ്ങളുടെ വിതരണം/ഉപലബ്ധി എന്നിവ രേഖപ്പെടുത്തുക.
- » കാവുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുക.

### 6.1.5. കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ വിജ്ഞാപന പ്രകാരമുള്ള വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളുടെ പ്രജനന രീതികൾ വികസിപ്പിച്ച് വ്യാപനം നടത്തുക

ജനിതദ്രവ്യങ്ങളുടെ/ജനിതക വസ്തുക്കളുടെ (Germ Plasam) സംരക്ഷണത്തിനായി ആവാസ വ്യവസ്ഥയ്ക്ക് അകത്തുനിന്നും *(in-situ)*, പുറത്തുനിന്നുമുള്ള *(ex-situ)* ഒരു ദീർഘകാല സംയോജിത പ്രോജക്ട് ജെ.എൻ.ടി.ബി. ജി.ആർ.ഐ-യുമായി ചേർന്ന് തുടങ്ങിയിട്ടുണ്ട്. ജൈവവൈവിധ്യ ആക്ട് 2002 സെക്ഷൻ 38 പ്രകാരം വിജ്ഞാ പനം ചെയ്തിട്ടുള്ള വംശനാശ ഭീഷണി നേരിടുന്ന സസ്യജാതികളുടെ സംരക്ഷണമാണ് ഇതിലൂടെ ഉറപ്പുവരു ത്തുന്നത്.

- *Paphiopedilum druryi* (സ്ലിപ്പർ ഓർക്കിഡ്) എന്നയിനം ഓർക്കിഡ് 10 സ്ഥലങ്ങളിൽ 7 മുതൽ 20 വരെ ചെടികൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇതിൽ 36.8 ശതമാനം തൈകൾ ഒരു വർഷം കഴിഞ്ഞിട്ടും നശിച്ച് പോകാതെ അഗസ്ത്യ മലയിൽ വളരുന്നു.
- *Vanda thwaitesii.* – എന്നയിനം ഓർക്കിഡ് ഇടുക്കി വന്യ ജീവി സങ്കേതത്തിലും, വയനാട്ടിലെ കുട്ടിയാം വയൽ സംരക്ഷിത വനത്തിലും നട്ടു പിടിപ്പിച്ചു. ഇതിൽ 73.9 ശതമാനം ഓർക്കിഡുകൾ നശിച്ചു പോകാ തെ ഇന്നും ഇടുക്കിയിൽ വളരുന്നു.
- *Paphiopedilum druryi* – യുമായി പൊക്കിൾക്കൊടി ബന്ധമുള്ള ഫംഗസ്സിന്റെ വേർതിരിക്കലും (Isolation), പഠനവും, അതിന്റെ ഉപയോഗവും, പുന:സ്ഥാപനവും പുരോഗമിച്ച് കൊണ്ടിരിക്കുന്നു.

- *Decalepis arayalpathra,* (അമൃതപാല) : ഇപ്പോൾ നടത്തിയ മൊത്തം 9 പഠന സ്ഥലങ്ങളിൽ *Decalepis arayalpathra* (അമൃതപാല) യുടെ 20,884 വളർച്ചെയത്തിയ ചെടികളും, 6,732 തൈകളും വളരുന്നു.
- *Axinaea paueiflora , Garcinia imberti , Humboldtia bourdilonii, Humboldtia unijuga* (പാലകൻ) എന്നിവയുടെ അന്വേഷണ പഠനങ്ങളും എണ്ണം തിട്ടപ്പെടുത്തൽ പഠനങ്ങളും, പല സ്ഥലത്തും വളരുന്ന പ്രസ്തുത ചെടികളുടെ വിത്ത് ശേഖരണവും, പ്രജനന രീതി വികസിപ്പിക്കലും പുരോഗമിച്ച് കൊണ്ടിരിക്കുന്നു

### 6.1.6. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായുള്ള പദ്ധതികൾ

### 1. കാർഷിക ജൈവവൈവിധ്യ സംരക്ഷണം

കേരളത്തിലെ വീട്ടുവളപ്പുകൾ ഉഷ്ണമേഖല ജൈവവൈവിധ്യത്തിന്റെ കേന്ദ്രങ്ങളാണെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതിന് ഉഷ്ണമേഖലാ വന ആവാസവ്യവസ്ഥകളുമായി സമാനതകളുണ്ടത്രേ. കൂടാതെ വീട്ട്വളപ്പുകൾ വളരെ ഉൽപ്പാദകമായൊരിടമാണ്. ജനിതക സംരക്ഷകരായിട്ടുള്ള കർഷകരാൽ (Custodian Farmers) സംരക്ഷിക്കപ്പെടുന്ന വീട്ടുവളപ്പുകളിലെ സംരക്ഷണകേന്ദ്രങ്ങൾ ആഹാര, ഔഷധസസ്യങ്ങളുടെയും, സുഗന്ധവ്യഞ്ജന സസ്യങ്ങളുടെയും, ഓഷധികളുടെയും, കാലിതീറ്റയിനങ്ങളുടെയും, പുഷ്പിത സസ്യങ്ങളുടെയും സംരക്ഷണയിടങ്ങൾ മാത്രമല്ല, കർഷകർ തലമുറകളായി പ്രകൃത്യാ വികസിപ്പിച്ചെടുത്തിട്ടുള്ള നിരവധി സസ്യജാതികളുടെ (Land races) തനത് ആവാസകേന്ദ്രങ്ങൾ കൂടിയാണ്. കൃഷിക്കാരുടെ വർഷങ്ങളായുള്ള പ്രവർത്തനം ഗുണമേൻമയുള്ള ഇത്തരം സസ്യങ്ങളെ കണ്ടെത്തുന്നതിന് പിന്നിലുണ്ട്. പുതിയ വിത്തിനങ്ങളെക്കാൾ ജനിതകവൈവിധ്യമുള്ളതാണ് ലാൻഡ് റേസുകൾ. പ്രത്യേകമായുള്ള പ്രാദേശിക കാലാവസ്ഥയ്ക്ക് അനുയോജ്യമായതും, കാലാവസ്ഥാ വ്യതിയാനം അതിജീവിക്കാൻ കഴിയുന്ന സസ്യഇനങ്ങളും ഇതിലുൾപ്പെടും. ഇത്തരം ആവാസവ്യവസ്ഥകളിൽ പ്രളയവും, മണ്ണിടിച്ചിലും സൃഷ്ടിച്ച ആഘാതത്തെക്കുറിച്ച് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഒരു ദ്രുത വിശകലന പഠനം നടത്തുകയുണ്ടായി. ഇതിലൂടെ കർഷകരാൽ സംരക്ഷിക്കപ്പെട്ടിരുന്ന കാർഷിക ജൈവ വൈവിധ്യത്തിന് സാരമായ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. കർഷകരാൽ സംരക്ഷിക്കപ്പെട്ടിട്ടുള്ള ഇത്തരം ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്ന് പ്രസ്തുത പഠനം ശുപാർശ ചെയ്യുന്നു. ഇതിൽ കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ കഴിയുന്ന വിളവർഗ്ഗങ്ങളെ കൂടുതൽ നട്ടുപിടിപ്പിക്കാൻ പ്രേരിപ്പിക്കുകയും, അപ്രകാരം വിളനിലങ്ങളുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിലൂടെ കമ്മ്യൂണിറ്റി ജനിതക ബാങ്കുകളുടെ (Communitty Gene Bank) സംരക്ഷണം സാധ്യമാക്കാവുന്നതുമാണ്. ഇതിന്റെ ഭാഗമായി ജനിതക സംരക്ഷകരായിട്ടുള്ള കർഷകരാൽ സംരക്ഷിക്കപ്പെടുന്ന വിള നിലങ്ങൾ കൂടുതൽ മെച്ചപ്പെട്ടതാക്കുന്ന പദ്ധതികൾ റീബിൽഡ് കേരള പദ്ധതിയിലൂടെ ജില്ലകളിൽ മുൻകൈ എടുത്ത് നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### 2. നദിയോര ജൈവവൈവിധ്യത്തിന്റെ പുനരുജ്ജീവനം

2018-ൽ നടത്തിയ പ്രളയ, പ്രകൃതി ദുരന്ത പഠനങ്ങളെ ആസ്പദമാക്കി നദിയോരങ്ങളിലെ ജൈവവൈവിധ്യങ്ങളുടെ പുനരുജ്ജീവന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രത്യേക തന്ത്രങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. സ്ഥാനീയ സവിശേഷതകളുള്ളതും, ആവാസവ്യവസ്ഥ സൗഹൃദമായതും, ഭൂരൂപങ്ങൾക്കനുസൃതമായും, ദുരന്തങ്ങളെ കുറയ്ക്കാൻ ഉതകുന്നതും, അപകട സാധ്യത കുറയ്ക്കുന്ന രീതിയിലുമുള്ള “Room for River” (‘നദിക്കൊരിടം’) എന്ന സങ്കല്പത്തെ സാക്ഷാത്ക്കരിക്കുന്ന തരത്തിലുള്ള പ്രോജക്ടുകൾക്കാണ് മുൻഗണന നൽകേണ്ടത്. നദിയോര പച്ചപ്പുകളിൽ പ്രളയം/മണ്ണിടിച്ചിൽ എന്നിവ ഉണ്ടാക്കിയ ആഘാത പഠനം പമ്പ, പെരിയാർ, ചാലക്കുടി, ഭാരതപ്പുഴ എന്നിവിടങ്ങളിൽ നടത്തുകയുണ്ടായി. പഠനങ്ങളിൽ നിന്നും പ്രസ്തുത 4 നദികളിലും 12 ശതമാനം നദിയോര പ്രദേശങ്ങൾക്ക് മുന്തിയ പരിഗണന നൽകി പ്രവർത്തനങ്ങൾ നടത്തേതുണ്ട്. രണ്ടാം ഘട്ടത്തിൽ 39 ശതമാനം പ്രദേശങ്ങളും, 32 ശതമാനം പ്രദേശങ്ങൾ ദീർഘകാല ഇടപെടലുകൾ വേണ്ടതും, ബാക്കി 17 ശതമാനത്തിന് സാരമായ ഇടപെടലുകൾ മാത്രം മതിയാകുന്നതുമാണ്. ഇതിൽ ഏറ്റവും കൂടുതൽ പരിഗണന നൽകേണ്ടത് പെരിയാർ, പമ്പ, ഭാരതപ്പുഴ, ചാലക്കുടിപ്പുഴ എന്നിവയാണ്. ഇതിൽ നദിയോര ജൈവവൈവിധ്യങ്ങളുടെ പുനരുജ്ജീവന പ്രോജക്ട് നടപ്പാക്കുന്നതിന് റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പമ്പാ നദി ഒഴുകുന്ന പ്രദേശങ്ങളിലെ ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തി കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്. നദീയോരങ്ങളിലെ സ്വാഭാവിക സസ്യജാലങ്ങളെ സംരക്ഷിക്കുന്നതിനോടൊപ്പം ആവാസ വ്യവസ്ഥ പുനസ്ഥാപനവും ഇതിലുൾപ്പെടുന്നു.

**3. ജൈവവിഭവങ്ങളുടെ വാണിജ്യ സാധ്യതകളും, മൂല്യനിർണ്ണയത്തെ ആസ്പദമാക്കിയുള്ള വിവര ശേഖരണ ഡേറ്റാ ബേസ് തയ്യാറാക്കലും**

വാണിജ്യ പ്രാധാന്യമുള്ള ജൈവവിഭവങ്ങളാൽ സമ്പന്നമായ സംസ്ഥാനമാണ് കേരളം. ഇതിൽ സാമ്പത്തിക പ്രാധാന്യമുള്ള സസ്യജാതികളും, കടലിലെ സസ്യജന്തുജാതികളും നമുക്ക് കൈമുതലായുണ്ട്. ഇക്കാര്യത്തിൽ കേരളം നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ്, ജൈവവൈവിധ്യ ആക്ട് (2002) പ്രകാരമുള്ള ജൈവവിഭവ ങ്ങളിലേയ്ക്കുള്ള പ്രവേശനാനുമതി നൽകലും, അതിന്റെ സുസ്ഥിര രൂപേണയുള്ള ഉപയോഗവും, അതിലൂടെ ആർജ്ജിതമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവെയ്ക്കലും (Access and Benefit Sharing –ABS) നടപ്പാക്കൽ. കൂടാതെ ഇത്തരം ജൈവവിഭവങ്ങളുടെ അനിയന്ത്രിതമായ ശേഖരണവും, അന ധികൃത വിപണനവും തടയുന്നതിനും, പ്രസ്തുത ജൈവവിഭവങ്ങളുടെ നിലവിലുള്ള യഥാർത്ഥ സ്ഥിതി, എത്ര അളവിൽ വിപണനം ചെയ്യുന്നു, ലഭ്യമാകുന്ന വില, വിപണന രീതികൾ, ചൂഷണം തുടങ്ങി പല കാര്യങ്ങളിലും വേണ്ട തരത്തിലുള്ള വിവരങ്ങളുടെ അഭാവം നിലവിലുണ്ട്. ആയതിനാൽ റീബിൽഡ് കേരള പദ്ധതിയുടെ ഭാഗ മായി വാണിജ്യാടിസ്ഥാനത്തിൽ വിപണനം ചെയ്യുന്ന ജൈവവിഭവങ്ങളെക്കുറിച്ച് ഒരു സമഗ്രമായ പഠനം 14 ജില്ലകളിലും നടത്തി, അത്തരം വിഭവങ്ങളുടെ ഡേറ്റാബേസ് ഉണ്ടാക്കുന്നതിലൂടെ, ജൈവവിഭവങ്ങളുടെ അശാ സ്ത്രീയവും അനധികൃതവുമായ ശേഖരണം, വിപണനം എന്നിവ നിയന്ത്രിക്കാനും, അതിൽ പങ്കാളികളായിട്ടുള്ള ആദിവാസികൾ, മത്സ്യബന്ധന തൊഴിലാളികൾ എന്നിവരെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുന്നതിനും, ജൈവ വൈവിധ്യ ആക്ട് പ്രകാരമുള്ള എ.ബി.എസ്. സുഗമമായി നടപ്പിലാക്കുന്നതിനും സാധിക്കും.

**6.2. ബാഹ്യ ഏജൻസികളുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പ്രോജക്ടുകൾ**

**6.2.1.** UNDP High Range Mountain Land scape Project (യു.എൻ.ഡി.പി പ്രോജക്ട്)

UNDP High Range Mountain Land scape Project (യു.എൻ.ഡി.പി പ്രോജക്ട്) കേന്ദ്ര വനം, പരിസ്ഥിതി, കാലാ വസ്ഥാ വ്യതിയാന മന്ത്രാലയവും, യു.എൻ.ഡി.പി.യും ചേർന്ന് ആഗോള പരിസ്ഥിതി സുസാധ്യത (Global Enviornment Facility-GEF) പ്രോജക്ടിന്റെ ധനസഹായത്തോടെ ഇൻഡ്യയിൽ നടപ്പിലാക്കുന്ന പ്രോജക്ടു കളിൽ ഒന്നാണിത്. പശ്ചിമഘട്ടത്തിലെ മലയോര മേഖലകളിലെ ജൈവവൈവിധ്യ സംരക്ഷണത്തി നായി ഫലപ്രദമായ പരിപാലന സംവിധാനങ്ങൾ വികസിപ്പിക്കുകയെന്നതാണ് പ്രസ്തുത പ്രോജക്ടിലൂടെ ഉദ്ദേ ശിക്കുന്നത്. പ്രോജക്ട് നടപ്പിലാക്കുന്ന ഭൂപ്രദേശങ്ങളിലെ ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ മൂലം ജൈവവൈവി ധ്യത്തിനുണ്ടായിട്ടുള്ള ആഘാതം; ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ തെരഞ്ഞെടുത്ത 11 ഗ്രാമപഞ്ചാ യത്തുകളിലെ സസ്യ-ജന്തു വൈവിധ്യം, ആവാസവ്യവസ്ഥാ വൈവിധ്യം എന്നിവ രേഖപ്പെടുത്തൽ എന്നീ രണ്ടു പഠനങ്ങളാണ് ബോർഡ് നടത്തിവരുന്നത്.

**പ്രധാന നേട്ടങ്ങൾ**

1. വനപ്രദേശങ്ങളിൽ താഴെശ്രേണിയിലുള്ള സസ്യ-ജന്തുജാലങ്ങളിലെ പ്രധാന ന്യൂനതകൾ കണ്ടെ ത്തിയിട്ടുണ്ട്. വനവൈവിധ്യത്തെക്കുറിച്ചുള്ള തൽസ്ഥിതി വിവരശേഖരണം നടത്തി.
2. പി.ബി.ആർ. അപ്ഡേറ്റ് ചെയ്യുന്നതിനുള്ള രീതി ശാസ്ത്രം വികസിപ്പിക്കുന്നതിനായി രണ്ട് സംസ്ഥാന തല ശില്പശാലകളും, മൂന്ന് വിദഗ്ദ്ധതല യോഗങ്ങളും നടത്തി.
3. പത്ത് ഗ്രാമപഞ്ചായത്തുകളിലെ ബി.എം.സി അംഗങ്ങൾക്കും, ഉദ്യോഗസ്ഥർക്കുമായി ചർച്ച ക്ലാസ്സു കളും, ബോധവൽക്കരണ പരിപാടികളും, സംവാദങ്ങളും സംഘടിപ്പിച്ചു. അറിവ് ദാതാക്കൾക്കായുള്ള വിഷയാധിഷ്ഠിതമായ ചർച്ചകൾ 10 ഗ്രാമപഞ്ചായത്തുകളിൽ നടത്തി. 15 ആദിവാസി ഊരുകളിൽ പോയി അവർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ അഭിമുഖത്തിലൂടെ ക്രോഡീകരിച്ചു.
4. 95 ഇനം പായലുകൾ (Algal species), 104-കണ്ടൽപായലുകൾ (Lichens), 202 ഇനം ബ്രൈയോഫൈറ്റു കൾ, 1148 ഇനം ഔഷധസസ്യങ്ങൾ, 6 വന്യ ഭക്ഷ്യസസ്യങ്ങൾ, തെരഞ്ഞെടുത്ത 17 വാണിജ്യ പ്രാധാന്യ മുള്ള വനവിഭവങ്ങൾ എന്നിവ പഠന പ്രദേശത്ത് നിന്നും രേഖപ്പെടുത്തിയിട്ടുണ്ട്.
5. ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ വിശകലനം ചെയ്യുന്നതിനായി ഏഴ് മേഖലകൾക്ക് മുൻഗണനാക്രമം നൽകി കൊണ്ടുള്ള പഠനമാണ് നടന്നത്. ഭൂവിനിയോഗത്തിലെ മാറ്റം കണ്ടെത്തുന്നതിനാവശ്യമായ മാപ്പുകൾ ശേഖരിച്ച് GIS മാപ്പ് തയ്യാറാക്കുന്ന പ്രവർത്തനൾ പുരോഗമിക്കുന്നു. ഹോർട്ടികൾച്ചർ, പ്ലാന്റേ ഷനുകൾ, മൃഗപരിപാലനം, വിനോദസഞ്ചാരം, ഗതാഗതം എന്നീ മേഖലകളിലെ ഭൂവിനിയോഗം പഠന വിധേയമാക്കി.

6. ജൈവവൈവിധ്യ സർവ്വേ മാങ്കുളം ഗ്രാമ പഞ്ചായത്തിൽ പൂർത്തിയാക്കി. സർവ്വേയുടെ ഭാഗമായി 50 ഇനം പക്ഷികൾ, 30 ഇനം ചിത്രശലഭങ്ങൾ, 20 ഇനം തുമ്പികൾ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
7. ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട 4 പഠന മാതൃകകളും (Case studies) 3 മികച്ച പ്രവർത്തന മാതൃകകളും (Best practices) മാങ്കുളത്ത് നിന്നും ക്രോഡീകരിച്ചിട്ടുണ്ട്. ഇത് മറ്റ് ഗ്രാമപഞ്ചായത്തുകൾക്കും മാതൃകയാകുന്നതാണ്.

### 6.2.2. ദേശീയ ഔഷധസസ്യ പ്രോജക്ട്–

ദേശീയ ഔഷധസസ്യ ബോർഡിന്റെ ധനസഹായത്തോടെ 'ഔഷധസസ്യങ്ങളുടെ സ്വാഭാവിക ഉറവിടങ്ങളുടെ പരിപോഷണവും, സുസ്ഥിര ശേഖരണവും, വിളവെടുപ്പും, മൂല്യവർദ്ധിത ഉൽപ്പന്നവത്ക്കരണവും' എന്ന പ്രോജക്ട് വയനാട് ജില്ലയിലെ തിരുനെല്ലി, പൂതാടി, തവിഞ്ഞാൽ, നൂൽപ്പുഴ, പൊഴുതന എന്നീ 5 ഗ്രാമപഞ്ചായത്തുകളിലെ ബി.എം.സി കൾവഴി നടപ്പിലാക്കി വരുന്നു. പ്രോജക്ടിന്റെ അവസാനഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

**പ്രധാന നേട്ടങ്ങൾ**

1. പ്രസ്തുത പ്രോജക്ടിന്റെ സുസ്ഥിര രൂപേണയുള്ള തുടർപ്രവർത്തനങ്ങൾക്കായി ബി.എം.സി രക്ഷാധികാരിയായി സ്വതന്ത്രരൂപേണ പ്രവർത്തിക്കാൻ കഴിയുന്ന ഔഷധസസ്യ സംരക്ഷണ കൃഷി, സുസ്ഥിരോപയോഗ വിപണന ട്രസ്റ്റുകൾക്ക് ഓരോ ഗ്രാമപഞ്ചായത്തിലും രൂപം നൽകി, രജിസ്റ്റർ ചെയ്ത് പ്രവർത്തനങ്ങൾ തുടങ്ങി.
2. ഔഷധ സസ്യങ്ങളുടെ/വനവിഭവങ്ങളുടെ നല്ലരീതിയിലുള്ള ശേഖരണം (Good collection practice), സംസ്ക്കരണം (Good processing practice), സംഭരണം (Good storage practice), വിപണനം (Good Selling practice) എന്നിവ നടപ്പാക്കാനുള്ള പരിശീലനങ്ങൾ, വനസംരക്ഷണ സമിതി, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി, കർഷകർ എന്നിവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവർക്ക് നൽകി. ബി.എം.സി യുടെയും, ഔഷധസസ്യ ട്രസ്റ്റിന്റെയും നേതൃത്വത്തിൽ മൂന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഫീൽഡ്തല പരിശീലനവും നൽകി. ഇതുമായി ബന്ധപ്പെട്ട് 65 പേജുകളുള്ള കൈപുസ്തകം തയ്യാറാക്കി പരിശീലന വേളയിൽ വിതരണം ചെയ്തു.
3. പരീക്ഷണാടിസ്ഥാനത്തിൽ ഔഷധസസ്യങ്ങളുടെ മൂല്യാധിഷ്ഠിത ഉല്പ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യന്ത്രസാമഗ്രികൾ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചു.
4. മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി (ഗൃഹൗഷധങ്ങൾ-Home remedies) സ്വയം ഉപയോഗത്തിനും, വിപണനം ചെയ്തു വരുമാനമുണ്ടാക്കുന്നതിനുമുള്ള പരിശീലനം മൂന്ന് ഘട്ടങ്ങളിലായി നൽകി.
5. ബി.എം.സി അംഗങ്ങൾ, ട്രസ്റ്റ് ഭരണനിർവ്വഹണ സമിതി അംഗങ്ങൾ എന്നിവരെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 3 ഏകദിന ശിൽപ്പശാലകൾ നടത്തി. ട്രസ്റ്റിന്റെ ചുമതലകളെയും, പ്രവർത്തനങ്ങളെയും കുറിച്ചുള്ള വ്യക്തമായ ധാരണ ഉണ്ടാക്കുന്നതിനായി ബോധവത്ക്കരണം നൽകി.
6. പ്രോജക്ടിന്റെ സുസ്ഥിരമായ തുടർ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു.

### 6.2.3. ഫുഡ് ആന്റ് അഗ്രിക്കൾച്ചറൽ ഓർഗനൈസേഷന്റെ (FAO) "Strengthening Agriculture and Allied Sector Contribution to India's National Biodiversity Action Plan (NBAP) 2008 and National Biodiversity Targets (NBTS) 2014" എന്ന പദ്ധതി:–

കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയവും ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗനൈസേഷന്റെ സാങ്കേതിക സഹകരണ പദ്ധതിയുടെ ഭാഗമായി (Technical Cooperation Programme – TCP), "Strengthening Agriculture and Allied Sector Contribution to India's National Biodiversity Action Plan (NBAP) 2008 and National Biodiversity Targets (NBTS) 2014" എന്ന പദ്ധതി നടപ്പിലാക്കി. 2017-19 കാലയളവുകളിലായി കേരളം, പഞ്ചാബ്, മിസോറാം എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത്. കേരളത്തിൽ പദ്ധതി നടപ്പിലാക്കിയതിൽ ജൈവവൈവിധ്യ ബോർഡിനൊപ്പം സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് (CDS), കില (KILA) എന്നീ സ്ഥാപനങ്ങളും മുഖ്യപങ്കാളികളാണ്. ജൈവവൈവിധ്യ ബോർഡിന്റെ സാങ്കേതിക പങ്കാളിത്തത്തോടെ നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിന്റെ മുഖ്യ ഉദ്ദേശ്യം മുഖ്യധാര ജൈവവൈവിധ്യമാണ്, പ്രത്യേകിച്ചും, കൃഷിയും, അനുബന്ധ മേഖലകളുമായി സംയോജിപ്പിച്ചുകൊണ്ട് ബി.എം.സി ശാക്തീകരണം, നൈപുണ്യ വികസനം തുടങ്ങിയ പരിപാടികൾ നടപ്പാക്കുക എന്നതാണ്. ടി പദ്ധതിയുടെ കീഴിൽ നടപ്പാക്കിയ

പ്രവർത്തനങ്ങളെ വിലയിരുത്താനായി 16.12.2019 ന് ഒരു ദേശീയ ശിൽപശാല ന്യൂഡൽഹിയിൽ വച്ച് നടക്കുകയുണ്ടായി. എഫ്.എ.ഒ-യുടെ സംഘാംഗങ്ങളും, പ്രോജക്ട് നടപ്പിലാക്കിയ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളും ഇതിൽ പങ്കെടുത്തു. തുടർന്ന് ഓരോ പ്രതിനിധികളും അവരവർ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അവതരിപ്പിച്ചു. 2014 ലെ ദേശീയ ജൈവവൈവിധ്യ കർമ്മ പരിപാടിയ്ക്കനുസൃതമായി കൃഷിയിലും, അനുബന്ധ മേഖലകളിലും സംസ്ഥാനതലത്തിലും, പ്രാദേശികതലത്തിലും നടപ്പിലാക്കിയ കാർഷിക ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളാണ് പ്രധാനമായും വിലയിരുത്തപ്പെട്ടത്.

**പ്രധാന നേട്ടങ്ങൾ**

1. പരിസ്ഥിതിക്കനുസൃതമായ കാർഷിക രീതികൾ വികസിപ്പിച്ചെടുക്കുന്നതിലൂടെ ഉൽപ്പാദനവും, ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, അടിസ്ഥാനതലത്തിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനരീതി വികസിപ്പിക്കേണ്ടതിന്റെ ആവശ്യകതയാണ് പദ്ധതിയിലൂടെ പ്രധാനമായും ഉദ്ദേശിച്ചത്.
2. കാർഷിക ജൈവവൈവിധ്യ സംരക്ഷണത്തിലെ തൽപ്പരകക്ഷികളായ പ്രത്യേകിച്ചും, ആലപ്പുഴയിലെ ബി.എം.സികൾക്ക് നൈപുണ്യവികസന പരിശീലനം നൽകി.
3. കാർഷിക ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി ബി.എം.സി. കൾക്കുവേണ്ടി ഒരു പരിശീലന മൊഡ്യൂൾ തയ്യാറാക്കി.

### 6.2.4. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ 'ജൈവവൈവിധ്യ സംരക്ഷണം പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കൽ' (Strengthening Local Self Governments to integrate Biodiversity Conservation in the Local Development Plans) പദ്ധതി

ജൈവവൈവിധ്യ നിയമത്തെക്കുറിച്ച് ബി.എം.സി. കളിൽ അവബോധം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ടി പദ്ധതി വയനാട് ജില്ലയിലെ എം.എസ്.സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. ജൈവവൈവിധ്യ സംരക്ഷണവും, പ്രാദേശിക വികസന ആസൂത്രണവും, ജനപങ്കാളിത്തത്തോടെ നടപ്പാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ജൈവവൈവിധ്യ രംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണവും, ജൈവവൈവിധ്യ ആക്ട് 2002, ചട്ടങ്ങൾ 2004 എന്നിവയെക്കുറിച്ച് ആഴത്തിലുള്ള ബോധവത്ക്കരണവും പദ്ധതിയുടെ ഭാഗമായി നടത്തി. ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട ഭരണ നിർവ്വഹണം നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും, ബി.എം.സി കളെയും പ്രാപ്തരാക്കി. കൂടാതെ പ്രാദേശിക വികസന ആസൂത്രണത്തിൽ ജൈവവൈവിധ്യത്തിനുള്ള പ്രാധാന്യം, അതിന്റെ സുസ്ഥിര ഉപയോഗം തുടങ്ങിയ കാര്യങ്ങളിൽ അനുവർത്തിക്കേണ്ട നിയമപരമായകാര്യങ്ങളെക്കുറിച്ച് താഴെത്തട്ടിലുള്ള ഗുണഭോക്താക്കൾക്ക് അവബോധം നൽകാനുള്ള പ്രവർത്തനങ്ങളും പൂർത്തീകരിച്ചു.

## 6.3. റിപ്പോർട്ട് കാലയളവിൽ സമർപ്പിച്ച പ്രധാന റിപ്പോർട്ടുകൾ

### 6.3.1. പൈനാപ്പിൾ കൃഷിയും പരിസ്ഥിതി വിഷലിപ്തമാക്കലും

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2018 ജനുവരി 5-ാം തീയതിയിലെ ഉത്തരവ് പ്രകാരം, Writ petitions W.P(C) No.34602, 37983,38441, 2007 എന്ന ഹർജിയിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിനെ സ്വമേധയാ കക്ഷിചേർക്കുകയുണ്ടായി. പൈനാപ്പിൾ കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന കീടനാശിനികളും, കളനാശിനികളും, ഹോർമോണുകളും പൊതുജനങ്ങളുടെ ആരോഗ്യത്തിനും, ജീവനും ഹാനികരണമാണെന്ന വാദത്തിൽ സത്യവാങ്മൂലം നൽകാനായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിനോട് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചു. കേരളത്തിലെ പൈനാപ്പിൾ കൃഷിയിടങ്ങൾ വിഷലിപ്തമാകുന്നതിനെക്കുറിച്ചുള്ള ഒരു പ്രാഥമിക പഠനം പത്തനംതിട്ടയിലും, കോട്ടയത്തും, ഇടുക്കിയിലും, ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സയൻസ്, തൃശ്ശൂരിന്റെ സഹകരണത്തോടെ നടത്തുകയും, അതിന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. രാസ കീടനാശിനികളുടെയും വളങ്ങളുടെയും ഉപയോഗം കൃഷിയിടങ്ങളിൽ പൂർണ്ണമായും നിയന്ത്രിക്കണമെന്നും, കീടനാശിനികളുടെ വിൽപ്പനയ്ക്കും ഉപയോഗത്തിനും നിയമപരമായ നിയന്ത്രണം കൊണ്ടുവരണമെന്നും, വിവിധ ആവശ്യങ്ങൾക്കനുസൃതമായി കൃഷി ഓഫീസറുടെ നിർദ്ദേശപ്രകാരം മാത്രമാണ് കീടനാശിനികളുടെ വിൽപ്പന നടത്തുന്നതെന്ന് ഉറപ്പുവരുത്തണമെന്നും, ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കിയ കേരള സംസ്ഥാന ജൈവകൃഷി നയത്തിലും കർമ്മ പദ്ധതിയിലും ശുപാർശ ചെയ്തിട്ടുണ്ട്. പൈനാപ്പിൾ ഫാമുകളിൽ

കീടനാശിനികളുടെ അമിതോപയോഗം നിയന്ത്രിക്കുന്നതിന് കർശനമായ നിബന്ധനകളും, മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ നൽകണമെന്ന് ജൈവവൈവിധ്യ ബോർഡ് സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ബോർഡിന്റെ ശുപാർശകൾ പരിഗണിക്കുന്നതിനും, തുടർനടപടികൾ കൈക്കൊള്ളുന്നതിനും സർക്കാരിനോട് നിർദ്ദേശിച്ചു.

### 6.3.2. നെയ്യംകയത്തെ ജൈവവൈവിധ്യ പഠനം

കാസർകോഡ് ജില്ലയിലെ ഏറ്റവും നീളം കൂടിയ നദിയാണ് ചന്ദ്രഗിരിപ്പുഴ. ഒരിക്കലും വറ്റാത്ത ഈ നദി വൈവിധ്യമാർന്ന മത്സ്യങ്ങളുടെ ആവാസ സ്ഥലമാണ്. 52 ഇനം മത്സ്യങ്ങൾ ഈ പുഴയിൽ കണ്ടെത്തിയിട്ടുണ്ട്. വെള്ളത്തിന്റെ അനധികൃതമായ ഉപയോഗവും മണൽവാരലും കാരണം നെയ്യംകയത്തും, ബോവിക്കാനത്തുമുള്ള കുളങ്ങൾ ഇപ്പോൾ വറ്റി വരളാറുണ്ട്. നെയ്യംകയത്ത് അടുത്തിടെ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയ സാഹചര്യത്തിലാണ് പ്രദേശത്ത് ബോർഡ് വിശദമായ പഠനം നടത്തിയത്. പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തെ ജലസംരക്ഷണത്തിന് തദ്ദേശസ്ഥാപനത്തിന്റെയും, പ്രദേശവാസികളുടെയും സഹകരണത്തോടെ നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു. ഉപഭോക്താക്കൾ, ആസൂത്രകർ, നയരൂപീകരണം നടത്തുന്നവർ എന്നിവരുടെ സംയുക്ത പങ്കാളിത്തത്തോടുകൂടി മാത്രമേ ജലപരിപാലന പ്രവർത്തനങ്ങൾ എല്ലാതലങ്ങളിലും നടപ്പിലാക്കുവാൻ സാധിക്കൂ എന്നതാണ് നെയ്യംകയത്തെ പ്രവർത്തനങ്ങൾ വ്യക്തമാക്കുന്നത്.

### 6.3.3. ഉൾനാടൻ ജലപാതകൾ– നദി സംയോജനം – നിയമസഭാ പരിസ്ഥിതി സമിതിയ്ക്ക് സമർപ്പിച്ച റിപ്പോർട്ട്.

നിർദ്ദിഷ്ട ഉൾനാടൻ ജലപാതയുടെ മാഹി മുതൽ വളപട്ടണം വരെയുള്ള നീളം 51 കി.മീറ്ററാണ്. അതിൽ 25 കി.മീ. ഭാഗത്ത് മാഹി നദി, എരഞ്ഞോളി നദി, ധർമ്മടം/ അഞ്ചരക്കണ്ടി നദി, വളപട്ടണം നദി എന്നിവ വന്നു ചേരുന്നു. അവശേഷിക്കുന്ന 25 കി.മീ. നീളത്തിൽ മേൽ നദികളിൽ ബന്ധിപ്പിക്കത്തക്കവിധത്തിൽ കൃത്രിമ കനാൽ നിർമ്മിക്കേണ്ടതുണ്ട്. നിർദ്ദിഷ്ട കനാലിന് 40 മീറ്റർ വീതിയും ഇരുവശവും സർവ്വീസ് റോഡുകളും ഉണ്ടാകും. ആദ്യഘട്ടത്തിൽ 1.5 മീറ്റർ ആഴവും, രണ്ടാം ഘട്ടത്തിൽ ജലപാതയിലൂടെയുള്ള വൻകിട ചരക്കുനീക്കത്തിന് സഹായകമാകുംവിധം 2.2 മീറ്റർ ആഴവുമാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.ബി.ബി. നിയമസഭാ സമിതിയ്ക്കു മുൻപാകെ സമർപ്പിച്ച റിപ്പോർട്ടിൽ 16 ഘടകങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് സമഗ്രമായ പരിസ്ഥിതി ആഘാത പഠനം (EIA) നടത്തുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

### 6.4. ജൈവവൈവിധ്യ ഗവേഷണ പ്രവർത്തനങ്ങൾ

കേരള യൂണിവേഴ്സിറ്റിയുടെ അംഗീകൃത ഗവേഷണ സ്ഥാപനമായി ജൈവവൈവിധ്യ ബോർഡിനെ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ജൈവവൈവിധ്യവുമായ ബന്ധപ്പെട്ട വിവിധ മേഖലകളിൽ ഗവേഷണം നടത്തുന്ന 10 ഗവേഷകർക്ക് ബോർഡ് ഫെല്ലോഷിപ്പ് നൽകിവരുന്നു. ഗവേഷണം നടത്തുന്ന വിഷയങ്ങൾ ചുവടെ ചേർക്കുന്നു:

1. Phytochemistry and pharmacology of Ethnomedicinal plants used by Malaipandaram tribes of South Western Ghats.
2. Radiometric characterization of native flowers in Kerala.
3. A study on the biology of earthworms in the selected areas of Kottayam.
4. Diversity and abundance of Hymenopteran parasitoids and pests of rice with special reference to farming practices in Kerala.
5. Micropropagation of Vernoniaanthelmintica and Characterization of Anti-diabetic Compound from its *In vitro* culture.
6. Biodiversity assessment and Biomonitoring of Bharathapuzha, Kerala.
7. Taxonomy and Diversity of Theridiidae (Araneae) in Kerala.
8. Taxonomy, Systematic& conservation of Nemacheilid loaches (Teleostei: Nemacheilidae) of S W Ghats.
9. Taxonomy & molecular Phylogenetics of Wrasses (Labrida) and puffer fishes (Tetraodontidae) of Kerala.
10. A comparative study of Mixed Sp. Bird Flocks in a natural forest habitat & selected human modified landscapes in Wayanad.

കൂടാതെ, റിപ്പോർട്ട് കാലയളവിൽ 4 പേർക്ക് ഇന്റേൺഷിപ്പ് നൽകി. ഇതിൽ രണ്ട് പേർ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും, ലഭ്യമാകുന്ന ധനസഹായവും എന്ന വിഷയത്തിൽ പഠനം നടത്തുകയുണ്ടായി. തിരുവനന്തപുരം ജില്ലയിലെ ചില പഞ്ചായത്തുകളിൽ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടത്തിയതായി അറിയാൻ കഴിഞ്ഞു. മറ്റ് രണ്ട് ഇന്റേണുകൾ വള്ളക്കടവിലെ ജൈവവൈവിധ്യ മ്യൂസിയത്തിന് സമീപത്തുള്ള ജലാശയത്തിലെ ജല മലിനീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് പഠന വിധേയമാക്കിയത്.

### 6.5. ജൈവവൈവിധ്യത്തിലേയ്ക്കുള്ള പ്രവേശനവും, അതിലൂടെ ആർജ്ജിതമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവെയ്ക്കലും (Access and Benefit Sharing-ABS)

റിപ്പോർട്ട് കാലയളവിൽ ജൈവവിഭവങ്ങളുടെ വാണിജ്യോപയോഗത്തിന് അനുമതി നൽകുന്നതിനുള്ള ഫോറം 1 പ്രകാരമുള്ള 5 അപേക്ഷകൾ എൻ.ബി.എ. യിൽ നിന്നും ലഭിച്ചു. അതിൽ ഒരെണ്ണത്തിന് അനുമതി നൽകി. ജൈവവൈവിധ്യ ആക്ട്, സെക്ഷൻ 38 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ജൈവവിഭവങ്ങളിന്മേലും, പരമ്പരാഗത അറിവുകളിന്മേലുമുള്ള ഗവേഷണാനുമതിയ്ക്കായി ഇന്ത്യൻ പൗരൻമാരിൽ നിന്ന് 6 അപേക്ഷകൾ ലഭിച്ചു. ഇതിൽ 5 എണ്ണത്തിന് അനുമതി നൽകി.

### 6.6. സംസ്ഥാനത്തെ വിവിധ പാരിസ്ഥിതിക പ്രശ്നങ്ങളിൽ കൈക്കൊണ്ട നടപടികൾ

കേരള സർക്കാരിന്റെ 16.01.2019 ലെ GO (Rt) No.19/2019/F&WLD നമ്പർ ഉത്തരവ് പ്രകാരം വനം വകുപ്പിലെ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ ജൈവവൈവിധ്യ ആക്ട് 2002-ൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ നിയമപരമായി നടപ്പിലാക്കുന്നതിനുള്ള ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ബി.എം.സി. യുടെ അധികാരപരിധിയിൽ ജൈവവൈവിധ്യ ആക്ട് പ്രകാരം നടക്കുന്ന ലംഘനങ്ങളെ കുറിച്ച് ബി.എം.സി.യ്ക്ക് ധാരണയും, നിർദ്ദേശങ്ങളും റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ നൽകേണ്ടതും, ജൈവവൈവിധ്യ നിയമം, സെക്ഷൻ 61 പ്രകാരമുള്ള നിയമനടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ബോർഡിനു ലഭിച്ചിട്ടുള്ള പരാതികളിന്മേൽ, അതത് പ്രദേശത്തെ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുമായി ചേർന്ന് യഥാവിധി നടപടികൾ കൈകൊണ്ടിട്ടുണ്ട്. കേരളത്തിന്റെ പല ജില്ലകളിൽ നിന്നായി ജൈവവൈവിധ്യവും പരിസ്ഥിതിയുമായി ബന്ധപ്പെട്ട 16 പരാതികൾ ലഭിച്ചു. പ്രസ്തുത പരാതികളിന്മേൽ പഠനം നടത്തി നടപടികൾ കൈക്കൊള്ളുന്നതിന്, അതത് പ്രദേശത്തെ റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിക്കുന്നു. പ്രസ്തുത സമിതിയിൽ ജൈവവൈവിധ്യ ബോർഡിന്റെ ജില്ലാതല സാങ്കേതിക സഹായ അംഗങ്ങളും, ബി.എം.സി-അംഗങ്ങളും, ജൈവവൈവിധ്യ ബോർഡിലെ പ്രതിനിധികളും ഉൾപ്പെടുന്നു.

### 6.7. വ്യവഹാരങ്ങൾ

സംസ്ഥാനത്ത് എ.ബി.എസ്. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേരളാ ഹൈക്കോടതിയിൽ 6 കേസുകൾ നിലവിലുണ്ട്. ജൈവവിഭവങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുമ്പോൾ അതിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവെയ്ക്കൽ പ്രക്രിയ നടപ്പാക്കുന്നതിനായി, ജൈവവൈവിധ്യ ആക്ട് 2002, സെക്ഷൻ 7, കേരള ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 16 എന്നിവ പ്രകാരം ജൈവവൈവിധ്യ ബോർഡ് നൽകിയ നോട്ടീസിനെതിരെ വിവിധ വ്യവസായ സ്ഥാപനങ്ങളാണ് കേസ് നൽകിയിട്ടുള്ളത്.

കേരള സർക്കാരിന് വേണ്ടി കേന്ദ്ര സർക്കാരിന് കസ്തൂരി രംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകൾ തയ്യാറാക്കി നൽകിയതിന്റെ ഭാഗമായി, വിവിധ കേസുകളിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കക്ഷിയാണ്. 2019 ൽ ബോർഡിനെ കക്ഷി ചേർത്തുകൊണ്ട് ഇത്തരത്തിൽ 8 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിലെ സർക്കാർ പ്ലീഡറാണ് എല്ലാ കേസുകളും വാദിക്കുന്നത്.

### 6.8. റിപ്പോർട്ട് കാലയളവിൽ ലഭ്യമായിട്ടുള്ള സർക്കാർ ഉത്തരവുകൾ

1. പൊലീസ് ഓഫീസർമാർക്കുള്ള എക്സിക്യൂട്ടീവ് ഡയറക്ടീവ് - പോലീസ് വകുപ്പിലെ കാര്യനിർവ്വഹണ വകുപ്പിന്റെ 3/2/2020 ലെ നിർദ്ദേശം നമ്പർ 2/2020/PHQ പ്രകാരം ജൈവവൈവിധ്യ ആക്ട് 2002 അനുസ

രിച്ച് ഏതെങ്കിലും തരത്തിലുള്ള ലംഘനം എവിടെ ഉണ്ടായാലും നേരിട്ട് സ്ഥല സന്ദർശനം നടത്തി പരിശോധിയ്ക്കുന്നതിനും, ജൈവവൈവിധ്യ നിയമപ്രകാരമുള്ള നിയമനടപടി കൈക്കൊള്ളുന്നതിന് റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ വിവരം അറിയിക്കുന്നതിനും പോലീസ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ജൈവവൈവിധ്യ നിയമത്തിന്മേലുള്ള ഏതൊരുവിധ ലംഘനത്തിനും ജാമ്യമില്ലാക്കുറ്റം ചുമത്തി കേസ് എടുക്കാവുന്നതാണ്. .

2. സംസ്ഥാന ജൈവവൈവിധ്യ ഫണ്ടുമായി ബന്ധപ്പെട്ട ഉത്തരവ് - ജൈവവൈവിധ്യ ഫണ്ടിന്റെ സംസ്ഥാനപനം, കാര്യനിർവ്വഹണം, ഉപയോഗം, ഓഡിറ്റിംഗ് എന്നിവയുമായി ബന്ധപ്പെട്ട് 18.01.2020 ന് കേരള സർക്കാർ ഉത്തരവിറക്കി (G.O(Rt)No.7/2020/Envt). ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെയും അനുബന്ധ അറിവുകളുടെയും ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന നേട്ടങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവെയ്ക്കൽ എന്നിവയ്ക്കാണ് പ്രസ്തുത ഫണ്ട് പ്രയോജനപ്പെടുത്തേണ്ടത്.
3. പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ - ബി.എം.സി. യെ നിയോഗിച്ചുകൊണ്ടുള്ള ഉത്തരവ് - പ്രാദേശികമായി ജൈവവൈവിധ്യ സമ്പന്നപ്രദേശങ്ങൾ/വൃക്ഷങ്ങൾ ആവാസവ്യവസ്ഥകൾ എന്നിവ കണ്ടെത്തി, ജില്ലാതല സാങ്കേതിക സംഘാംഗങ്ങളുടെ സഹായത്തോടെ പഠനം നടത്തി, ബോർഡിന്റെ അനുമതിയോടുകൂടി പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള അധികാരം ബി.എം.സി കൾക്ക് നൽകിക്കൊണ്ട് 03.03.2020 ന് കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു (G.O.No.5/2020/Envt). ജൈവവൈവിധ്യ നിയമം 2002, സെക്ഷൻ 24 (2), 55 (2), 56 എന്നിവ പ്രകാരം പ്രസ്തുത പ്രദേശങ്ങളുടെ സംരക്ഷണത്തിനായി ബി.എം.സി.കൾക്ക് ശിക്ഷാ നടപടികൾ കൈക്കൊള്ളാവുന്നതാണ്.
4. ജൈവവൈവിധ്യ ആക്ട് 2002 സെക്ഷൻ 3, സെക്ഷൻ 6, സെക്ഷൻ 41- പ്രകാരം ജൈവവിഭവങ്ങൾ പ്രാപ്തമാക്കുന്നതിനുള്ള നടത്തിപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ - .സെക്ഷൻ 41 (2) പ്രകാരം ബി.എം.സി-യുടെ അധികാര പരിധിക്കുള്ളിൽ വരുന്ന പ്രദേശങ്ങളിലെ ജൈവവിഭവങ്ങളും അതുമായി ബന്ധപ്പെട്ട അറിവുകളും ഉപയോഗിക്കുമ്പോൾ, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും, സംസ്ഥാന ജൈവവൈവിധ്യ ബോർഡും, ബി.എം.സിയുമായി ചർച്ച് ചെയ്ത ശേഷം മാത്രമേ തീരുമാനങ്ങൾ എടുക്കാൻ പാടുള്ളൂ. ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 25.06.2019 ലെ സബ് കമ്മിറ്റി അംഗീകരിക്കുകയും, തുടർന്ന് 19.06.2019 ലെ 50-ാമത് ബോർഡ് യോഗവും അംഗീകരിച്ചു. ജൈവവൈവിധ്യ ആക്ട് 2002, സെക്ഷൻ (3), സെക്ഷൻ 6 എന്നിവ പ്രകാരം യഥാക്രമം ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ നിന്നും ലഭ്യമാകുന്ന ഫോറം 2, 4 എന്നിവയിന്മേലുള്ള തുടർനടപടികളിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായാണ് പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.
5. ഗോത്ര അറിവുകളുടെ വിനിയോഗത്തിനായി ലഭ്യമാകുന്ന അപേക്ഷയിന്മേലുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ - ജൈവവൈവിധ്യ ആക്ട് 2002, ജൈവവൈവിധ്യ ചട്ടങ്ങൾ 2004 എന്നിവ പ്രകാരമാണ് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങളെന്ന് ഉറപ്പുവരുത്തുന്നതിനാണ് പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ കൊണ്ടുദ്ദേശിക്കുന്നത്. ഗോത്ര അറിവുകളുടെ വിനിയോഗത്തിനായി ലഭ്യമാകുന്ന അപേക്ഷകളിന്മേൽ കൈക്കൊള്ളേണ്ട നടപടിക്രമങ്ങളുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ 25.06.2019 ലെ സബ് കമ്മിറ്റിയും, തുടർന്ന് 19.06.2019 ലെ 50-ാമത് ബോർഡ് യോഗവും അംഗീകരിച്ചു.

### 6.9. വിദഗ്ധ സമിതി യോഗങ്ങൾ

1. ജൈവവൈവിധ്യത്തിനായുള്ള സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി:- ജൈവവൈവിധ്യത്തെ അനുബന്ധ വകുപ്പുകളുടെ നയരൂപീകരണത്തിലും, പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തുന്നതിനു വേണ്ടിയാണ്, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം, തദ്ദേശസ്വയംഭരണം, ജലവിഭവം, കൃഷി, വനം, മത്സ്യബന്ധനം, വിനോദ സഞ്ചാരം, മൃഗപരിപാലനം, എന്നീ വകുപ്പിലെ സെക്രട്ടറിമാരും, ജൈവവൈവിധ്യ ബോർഡിന്റെ ചെയർമാനും അംഗങ്ങളായിട്ടുള്ള സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയ്ക്ക് രൂപം നൽകിയത്. (G.O.60/2018/ Envt dated 11.05.2018). പ്രസ്തുത സമിതിയുടെ അധ്യക്ഷൻ കേരള സംസ്ഥാന ചീഫ് സെക്രട്ടറിയാണ്. സമിതിയുടെ രണ്ട് യോഗങ്ങൾ 21.05.2020 ലും 28.10.2019-ലും നടക്കുകയുണ്ടായി. ചീഫ് സെക്രട്ടറി അദ്ധ്യക്ഷത വഹിച്ചു. ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള അംഗീകൃത ഏജൻസികളായി കുടുംബശ്രീയെ നിയോഗിക്കുക; പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ, ജൈവവിഭവങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ എന്നിവർ എ.ബി.എസ്. വ്യവസ്ഥകൾ നടപ്പാക്കുക തുടങ്ങിയവയാണ് പ്രസ്തുത യോഗങ്ങളിൽ കൈക്കൊണ്ട ചില പ്രധാന തീരുമാനങ്ങൾ.

2. വിഷയാധിഷ്ഠിത വിദഗ്ധ സമിതികളുടെ യോഗം:- വിവിധ വിഷയങ്ങളിലായി 7 വിഷയാധിഷ്ഠിത വിദഗ്ധ സമിതികൾക്ക് ബോർഡ് രൂപം നൽകിയിട്ടുണ്ട്. ജൈവവൈവിധ്യ ആക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ കേരളത്തിൽ നടപ്പാക്കുമ്പോൾ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും, ശുപാർശകളും നൽകുകയാണ് വിഷയാധിഷ്ഠിത സമിതിയുടെ പ്രധാന പ്രവർത്തനം. 2019-20 കാലയളവിൽ കൂടിയ വിഷയാധിഷ്ഠിത വിദഗ്ധ സമിതികളുടെ യോഗങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

1. എ.ബി.എസ്. വിദഗ്ധ സമിതിയുടെ യോഗം 15.05.2019-ൽ തിരുവനന്തപുരത്ത് തൈക്കാട് ഗസ്റ്റ് ഹൗസിൽ വച്ച് നടന്നു. എ.ബി.എസ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങൾ, ബൗദ്ധിക സ്വത്തവകാശങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിവ ചർച്ച ചെയ്തു. കൂടാതെ കേന്ദ്ര വനം -പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറത്തിറക്കിയ പരിഷ്ക്കരിച്ച മാർഗ്ഗനിർദ്ദേശങ്ങളും ചർച്ചയ്ക്ക് വിധേയമാക്കി.
2. 5.05.2019 ന് ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട സമിതിയുടെ യോഗം ചേർന്നു. സംസ്ഥാനതലത്തിൽ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കാവുന്ന ജീവജാലങ്ങളുടെ നിയന്ത്രിത ഉപയോഗത്തിനായുള്ള പട്ടിക തയ്യാറാക്കൽ, വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുന്ന ജൈവവിഭവങ്ങളുടെ ഡേറ്റാബേസ് തയ്യാറാക്കുക, ജൈവസമ്പന്നമായിട്ടുള്ള പ്രദേശങ്ങൾ കണ്ടെത്തുക, അനുബന്ധ വകുപ്പുകൾക്ക് പിന്തുടരുന്നതിനായി ജൈവവൈവിധ്യ പെരുമാറ്റച്ചട്ടം തയ്യാറാക്കുക, എന്നീ കാര്യങ്ങളാണ് യോഗം ചർച്ച ചെയ്തത്.
3. കാർഷിക ജൈവവൈവിധ്യത്തെക്കുറിച്ചുള്ള വിദഗ്ധതല ശില്പശാല 2019 ജൂൺ 5 ന്, ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ.വി.എസ്.സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന ചർച്ചയിൽ, ജനിതക സംരക്ഷകരായിട്ടുള്ള കർഷകരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും, പ്രസ്തുത കർഷകരെ സാമ്പത്തികവും, സാങ്കേതികവും, നയപരവുമായി ശാക്തീകരിക്കുന്നതിനും തീരുമാനിച്ചു.





4. ഇന്ത്യാക്കാരല്ലാത്തവർക്ക് ജൈവവിഭവങ്ങൾ വിനിയോഗിക്കുന്നതിന് എൻ.ബി.എ. യിൽ നിന്നുള്ള ഫോറം 1 പ്രകാരം അനുമതി നൽകുന്നത് സംബന്ധിച്ചും, കേരളാ ജൈവവൈവിധ്യ ചട്ടങ്ങൾ 2008 ഭേദഗതി വരുത്തുന്നതിനുമുള്ള വിദഗ്ധ സമിതിയുടെ യോഗം 14.10.2019-ൽ നടക്കുകയുണ്ടായി.
5. കേരളത്തിൽ വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങളുടെ റെഡ് ഡാറ്റാ ബുക്കിന്റെ സാങ്കേതികാനുമതി നൽകുന്ന സമിതിയുടെ യോഗം 03.01.2020-ൽ കൂടുകയും, ബന്ധപ്പെട്ട പ്രോജക്ടുകൾ സൂക്ഷ്മ പരിശോധന നടത്തി ശുപാർശകൾ നൽകുകയും ചെയ്തു.
6. കാവുകളുടെ സംരക്ഷണത്തിന് സാങ്കേതികാനുമതി നൽകുന്ന സമിതിയുടെ യോഗം 03.01.2020-ൽ കൂടുകയും, കേരളത്തിലെ കാവുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രോജകടുകൾ സൂക്ഷ്മ പരിശോധന നടത്തി ശുപാർശകൾ നൽകുകയും ചെയ്തു.
7. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായുള്ള പദ്ധതികളിന്മേൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് വിദഗ്ധ സമിതിയുടെ ഒരു യോഗം 12.02.2020 ന് കൂടുകയുണ്ടായി.
8. എൻ.ബി.എ. യുടെ ധനസഹായത്തോടെ സംസ്ഥാനതല വിഷയാധിഷ്ഠിത വിദഗ്ധ സമിതിയുടെ ഒരു യോഗം 17.02.2020 ന് തിരുവനന്തപുരത്ത് തൈക്കാട് ഗസ്റ്റ് ഹൗസിൽ വച്ച് ചേർന്നു. ഡോ.ഉഷാ ടൈറ്റസ് ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്, യോഗം ഉദ്ഘാടനം ചെയ്തു. വിഷയനിർണ്ണയ സമിതികളുടെ മുഖ്യ പ്രവർത്തനങ്ങളും, കേരളാ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് സമയാസമയങ്ങളിൽ ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിന്മേൽ ആവശ്യമായ

നിർദ്ദേശങ്ങൾ നൽകുന്നതിന് സമിതികളുടെ പങ്കിനെക്കുറിച്ചും  ഡോ.ഉഷാ ടൈറ്റസ് വിശദീകരിച്ചു. തുടർന്ന്, വിവിധ മേഖലകളിലെ പ്രശ്നങ്ങളെ കുറിച്ച് പ്രത്യേക ഗ്രൂപ്പുകളായി ചർച്ച നടത്തി. താഴെപ്പറയുന്ന മുഖ്യ വിഷയങ്ങളിലാണ് ചർച്ച നടന്നത്:

1. കൊല്ലത്തെ ആശ്രാമം ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ മാനേജ്മെന്റ് പ്ലാൻ, പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ.
2. കസ്റ്റോഡിയൻ ഫാർമേഴ്സിനെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, കാർഷിക ജൈവവൈവിധ്യ മാപ്പിംഗ് നടത്തുന്ന രീതി.
3. പി.ബി.ആർ അപ്ഡേറ്റ് ചെയ്യുന്നതിനായുള്ള പ്രവർത്തന രീതികൾ.
4. പുഴയോര ജൈവവൈവിധ്യത്തിന്റെ പുനരുജ്ജീവനം.
5. ജൈവവിഭവങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുമ്പോൾ ലെവി /ശേഖരണാഫീസ്, ബി.എം.സി. കൾ ഈടാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കൽ, ഗ്രീൻ സെസ്, തുടങ്ങിയവ.

ചർച്ചാനന്തരം ഓരോ ഗ്രൂപ്പുകളിലും മുഖ്യമായി കണ്ടെത്തിയ നിരീക്ഷണങ്ങൾ, നിർദ്ദിഷ്ട ഫോർമാറ്റിൽ കമ്മിറ്റി ചെയർമാൻമാർ അവതരിപ്പിച്ചു.  ശ്രീ. കെ.വി.ഗോവിന്ദൻ ബോർഡ് മെമ്പർ ചർച്ച ഉപസംഹരിച്ച് സംശയ നിവാരണം നടത്തി.



2019 നവംബർ 21 മുതൽ 22 വരെ നടന്ന ജൈവവൈവിധ്യ സർവ്വേയുമായി ബന്ധപ്പെട്ട വിദഗ്ധതല ശിൽപ്പശാല



തൈക്കാട് സർക്കാർ ഗസ്റ്റ് ഹൗസിൽ വച്ച് നടന്ന വിദഗ്ധതല സമിതിയുടെ ശിൽപ്പശാല



## 7. വിപുലീകരണ പ്രവർത്തനങ്ങളും പരിശീലനങ്ങളും

**പ്രധാന പ്രവർത്തനങ്ങൾ**

- അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം 2019
- ലോകപരിസ്ഥിതിദിനം
- വന്യജീവി വാരാഘോഷം
- ദേശീയ പക്ഷിദിനം 2020
- ബോധവൽക്കരണ പരിപാടികൾ
- ജൈവവൈവിധ്യ പ്രദർശനം
- ജൈവവൈവിധ്യ മ്യൂസിയം
- ജൈവവൈവിധ്യ അവാർഡുകൾ
- ജൈവവൈവിധ്യ ക്ലബ്ബുകൾ
- കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്

### 7.1. പ്രധാന ദിനാചരണങ്ങൾ

#### 7.1.1. അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനാചരണം 2019

ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ സഹായത്തോടെ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അന്തരാഷ്ട്ര ജൈവവൈവിധ്യ ദിനാഘോഷം, 2019 സംഘടിപ്പിച്ചു. **'നമ്മുടെ ജൈവവൈവിധ്യം, നമ്മുടെ ആഹാരം, നമ്മുടെ ആരോഗ്യം'** എന്നതായിരുന്നു മുഖ്യ വിഷയം. കസ്റ്റോഡിയൻ ഫാർമേഴ്സ്, ബി.എം.സി ഭാരവാഹികൾ, സാങ്കേതിക വിഭാഗസമിതി അംഗങ്ങൾ, യുവാക്കൾ, കുട്ടികൾ എന്നിവരുടെ പങ്കാളിത്തത്തോടെ ആഘോഷപരിപാടികൾ ജില്ലാതലങ്ങളിലും, സംസ്ഥാനത്തും സമുചിതമായി ആഘോഷിച്ചു.

**ജൈവൈവിധ്യ ദിനാഘോഷത്തിലെ മുഖ്യ ആകർഷണങ്ങൾ**

- ✓ ജില്ലാതലത്തിൽ 'ജനിതക സംരക്ഷകരോടൊപ്പം ഒരു ദിനം' (A Day with Genome saviours) എന്ന പരിപാടി സംഘടിപ്പിച്ചു.
- ✓ 'ജൈവവൈവിധ്യ സംരക്ഷണ പ്രക്രിയയിൽ പരമ്പരാഗത കർഷകരുടെ പങ്ക്' എന്ന വിഷയത്തിൽ സംസ്ഥാനതലത്തിൽ വിദഗ്ദതല ശില്പശാല നടത്തി
- ✓ 'ഗ്രീൻ ഇമേജസ് 2019' (Green Images 2019) – ഫോട്ടോഗ്രാഫി മത്സരം

പ്രാദേശിക വിളയിനങ്ങളുടെ സംരക്ഷണവും, ജൈവകൃഷിയും, കൃഷിയുടെ ആവാസവ്യവസ്ഥ പുന:രുജ്ജീവിപ്പിക്കലും, സംയോജിത ആഹാര സുരക്ഷ പ്രാദേശിക തലത്തിൽ ഉറപ്പുവരുത്തുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗങ്ങളാണ്. ഇത്തരം സങ്കല്പങ്ങളുടെ സാക്ഷാത്ക്കാരം പൂർത്തീകരിക്കണമെങ്കിൽ ഇത്തരം വിഷയങ്ങളിൽ വ്യക്തമായ സന്ദേശം യുവജനങ്ങളിൽ എത്തിക്കേണ്ടിയിരിക്കുന്നു. ആയതിന്റെ ഭാഗമായാണ് കേരളത്തിലെ 14 ജില്ലകളിലും, **'ജനിതക കർഷകരോടൊപ്പം ഒരു ദിനം'** എന്ന നൂതനമായ പഠന പരിചയ സംഗമം, യുവജനങ്ങൾക്കും, കുട്ടികൾക്കും വേണ്ടി സംഘടിപ്പിച്ചത്. കസ്റ്റോഡിയൻ ഫാർമേഴ്സ് നമ്മുടെ തനത് കാർഷിക വിളയിനങ്ങളുടെ സംരക്ഷകരാണ്. സുഗന്ധ വ്യഞ്ജനസസ്യങ്ങൾ, ധാന്യങ്ങൾ, ഫലവിളകൾ, തുടങ്ങിയവകളെ നേരിട്ട് പരിചയപ്പെടാനും, പഠിക്കാനുമായി 10 മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ ജനിതക സംരക്ഷകരുമായി മുഖാമുഖം

നടത്തി. കർഷകർ കൃഷിയിടങ്ങളിലെ അവരുടെ അറിവുകൾ, പരിചയം എന്നിവ കുട്ടികളുമായി കൈമാറി. കാർഷിക ജൈവവൈവിധ്യത്തെക്കുറിച്ചും, ഫീൽഡുതലത്തിൽ അവ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും, കമ്മ്യൂണിറ്റി സീഡ് ബാങ്കിന്റെ ആവശ്യകത, കൂൺകൃഷി, ജൈവവള നിർമ്മാണം, തേനീച്ച വളർത്തൽ, എന്നിവയെക്കുറിച്ചും, പരമ്പരാഗത വിളയിനങ്ങൾ തിരിച്ചറിയുന്നതിനും, പ്രസ്തുത വിളകളുടെ പോഷകഗുണങ്ങളും, ഔഷധഗുണങ്ങളും മനസ്സിലാക്കുന്നതിനും പ്രസ്തുത ക്യാമ്പിലൂടെ കുട്ടികൾക്ക് അവസരമുണ്ടായി.

**ഫോട്ടോഗ്രാഫി മത്സരം**

സംസ്ഥാനതലത്തിൽ താഴെപ്പറയുന്ന വിഷയങ്ങളെ ആസ്പദമാക്കി 'ഗ്രീൻ ഇമേജസ് 2019' എന്ന പേരിൽ ഒരു ഡിജിറ്റൽ അമച്വർ ഫോട്ടോഗ്രഫി മത്സരം സംഘടിപ്പിച്ചു.

(1) നമ്മുടെ ജൈവവൈവിധ്യം, നമ്മുടെ ആഹാരം, നമ്മുടെ ആരോഗ്യം.
(2) കേരളത്തിലെ കാർഷിക ജൈവവൈവിധ്യം.

10 മുതൽ 18 വയസ്സ് വരെ പ്രായമുള്ളവർക്കും, 18 വയസ്സിനു മുകളിലുള്ളവർക്കും എന്ന രീതിയിൽ രണ്ട് കാറ്റഗറിയിലായാണ് മത്സരം സംഘടിപ്പിച്ചത്. കുട്ടികളുൾപ്പെടെയുള്ള അമച്വർ ഫോട്ടോഗ്രാഫർമാരിൽ നിന്നും മികച്ച പ്രതികരണമാണ് മത്സരത്തിന് ലഭിച്ചത്. മത്സരത്തിന് 100 ൽപ്പരം അപേക്ഷകൾ ലഭ്യമായി. ജൈവവൈവിധ്യ ദിനാചരണ പ്രവർത്തനങ്ങൾക്ക് സമാപ്തി കുറിച്ചുകൊണ്ട് 2020 ജൂൺ 5 ന് സംഘടിപ്പിച്ച വിദഗ്ദതല ശില്പശാലയിൽ വച്ച് ഫോട്ടാഗ്രഫി മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനദാനം നടത്തി.

ജൈവവൈവിധ്യ ദിനാചരണത്തിന്റെ ഭാഗമായി 'ജൈവവൈവിധ്യ സംരക്ഷണ പ്രക്രിയയിൽ പരമ്പരാഗത കർഷകരുടെ പങ്ക്' എന്ന വിഷയത്തിൽ സംസ്ഥാനതലത്തിൽ വിദഗ്ദതല ശില്പശാല 2020 ജൂൺ 5ന് തിരുവനന്തപുരം തൈക്കാട് പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ വച്ച് സംഘടിപ്പിച്ചു. ബഹു. കൃഷി വകുപ്പു മന്ത്രി അഡ്വ. വി.എസ്. സുനിൽ കുമാർ പ്രസ്തുത ശില്പശാല ഉദ്ഘാടനം ചെയ്തു. കേരളത്തിലെ കസ്റ്റോഡിയൻ ഫാർമേഴ്സിനെ കണ്ടെത്തി, അവരുടെ പ്രവർത്തന മാതൃകകളുടെ വിവരശേഖരണം നടത്തുക, കേരളത്തിലെ കാർഷിക ജൈവവൈവിധ്യ സംരക്ഷണം നടപ്പിലാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്നിവയാണ് ശില്പശാലയിൽ പ്രധാനമായും ചർച്ച ചെയ്തത്. കാർഷിക ജൈവവൈവിധ്യ മേഖലയിലെ ഗവേഷകർ, കസ്റ്റോഡിയൻ ഫാർമേഴ്സ്, തെരഞ്ഞെടുത്ത ബി.എം.സി. കളിലെ അംഗങ്ങൾ എന്നിവരുൾപ്പെടെ 75 ൽപ്പരം ആളുകൾ ശില്പശാലയിൽ പങ്കെടുത്തു.




അന്താരാഷ്ട്ര ജൈവവൈവിധ്യദിനം 2019 ന്റെ ഉത്ഘാടനം ബഹു.കൃഷി വകുപ്പ് മന്ത്രി ശ്രീ സുനിൽകുമാർ നിർവഹിച്ചു



ഫോട്ടോഗ്രാഫി മത്സര വിജയികൾക്കുള്ള സമ്മാന വിതരണങ്ങൾ ബഹു. കൃഷി മന്ത്രി അഡ്വ.എസ്. സുനിൽകുമാർ നിർവഹിച്ചു.



കെ.എസ്.ബി.സി 2019 ന്റെ പ്രകാശനം

### 7.1.2. ലോക പരിസ്ഥിതി ദിനാഘോഷം 2019

ജൂൺ 5 ന് വൈകുന്നേരം മൂന്നു മണിക്ക് സംസ്ഥാനതല ലോക പരിസ്ഥിതി ദിനാഘോഷങ്ങളുടെ ഉദ്ഘാടനം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ വനശ്രീ ആഡിറ്റോറിയത്തിൽ വച്ച് ബഹു.മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കേരള വനം വകുപ്പ്, ഡിപ്പാർട്ട്മെന്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചെയിഞ്ച് എന്നിവർ സംയുക്തമായാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. പരിപാടിയോടനുബന്ധിച്ച് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് വിവിധ മേഖലകളിലായി നൽകിവരുന്ന 12 ജൈവവൈവിധ്യ അവാർഡുകൾ വിജയികൾക്ക് സമ്മാനിച്ചു. കൊല്ലം ആശ്രാമം കണ്ടൽപ്രദേശത്തെ സംസ്ഥാനത്തെ പ്രഥമ ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി ബഹു. മുഖ്യമന്ത്രി അന്നേ ദിവസം പ്രഖ്യാപിച്ചു.



### 7.1.3. വന്യജീവി വാരാഘോഷം 2019

എല്ലാവർഷവും ഒക്ടോബർ 1 മുതൽ 7 വരെയാണ് ഇന്ത്യയിൽ വന്യജീവിവാരാഘോഷം സംഘടിപ്പിക്കുന്നത്. ഇന്ത്യയിലെ വന്യജീവികളുടെ സംരക്ഷണവും, അതുമായി ബന്ധപ്പെട്ട് പൊതുജന ബോധവൽക്കരണവുമാണ് വന്യജീവി വാരാഘോഷത്തിന്റെ ലക്ഷ്യം. 2019 ലെ വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് വള്ളക്കടവ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ബോർഡിന്റെ ജൈവവൈവിധ്യ മ്യൂസിയത്തിൽ വച്ച് സ്കൂൾ കുട്ടികൾക്കായി ഒരു ക്വിസ് മത്സരം നടത്തി. ശ്രീ. ശിവകുമാർ എ. കെ, സീനിയർ എഡ്യൂക്കേഷൻ ഓഫീസർ, WWF India ക്വിസ് പ്രോഗ്രാമിന് നേതൃത്വം നൽകി.



### 7.1.4. ദേശീയ പക്ഷി ദിനം– 2020

പക്ഷികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഗുരുതരമായ പ്രശ്നങ്ങൾക്കും പക്ഷികളുടെ നിലനിൽപ്പിനുമാണ് ദേശീയ പക്ഷിദിനാചരണത്തിൽ പ്രാധാന്യം നൽകുന്നത്. ആയതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നെത്തിയ ഗിഫ്റ്റഡ് ചിൽഡ്രൻസിന് വേണ്ടി ഒരു ഏകദിന പരിപാടി ബോർഡ് നടത്തുകയുണ്ടായി. പക്ഷി നിരീക്ഷണത്തിനായൊരു ഫീൽഡുതല സന്ദർശനമാണ് പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചത്. തിരുവനന്തപുരത്തെ വെള്ളായണി തടാകത്തിലെ പുഞ്ചക്കരി പ്രദേശമാണ് ഇതിനായി തെരഞ്ഞെടുത്തത്. 50 കുട്ടികൾ പങ്കെടുത്ത പ്രസ്തുത പരിപാടിയിൽ കുട്ടികൾക്ക് നേതൃത്വം നൽകിയത് വിദ്യാഭ്യാസ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായിരുന്നു. കൂടാതെ അധ്യാപകരും സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ, മറ്റു സ്റ്റാഫംഗങ്ങൾ എന്നിവർ പങ്കെടുത്തു.





## 7.2. ബോധവത്ക്കരണ പരിപാടികൾ

### 7.2.1. റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കുള്ള പരിശീലന പരിപാടി

സർക്കാർ ഉത്തരവ് G.O (Rt) No.19/2019 F&W&WLD dated 16.01.2019 വനംവകുപ്പിലെ എല്ലാ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരെയും ജൈവവൈവിധ്യ ആക്ട് 2002, ചട്ടങ്ങൾ 2004 പ്രകാരമുള്ള നിയമ വ്യവസ്ഥാപനം നടത്തുന്നതിന് അധികാരപ്പെട്ട ഓഫീസർമാരായി പ്രവർത്തിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ, പ്രസ്തുത ആക്ട്, ചട്ടങ്ങൾ, അവയുടെ ഫീൽഡുതല നിർവ്വഹണം തുടങ്ങിയ വിഷയങ്ങളിന്മേൽ റേയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കുള്ള ബോധവത്ക്കരണ പരിപാടി, 05.08.2019 ൽ കുളത്തൂപ്പുഴ അരിപ്പയിലെ വനം വകുപ്പിന്റെ വന പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിലും, 09.08.2019-ൽ വാളയാറിൽ വച്ചും നൽകി. രണ്ട് പരിശീലന പരിപാടികളിലും ജൈവവൈവിധ്യത്തെക്കുറിച്ചുള്ള ഒരു പൊതു അവലോകനം അവതരിപ്പിച്ചത് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാനായ ഡോ.എസ്.സി.ജോഷി, ഐ.എഫ്.എസ്.(റിട്ട) ആയിരുന്നു. രണ്ട് സെക്ഷനുകളിലായി നടത്തിയ പരിശീലന പരിപാടിയിൽ 110-ഓളം ഫോറസ്റ്റ് ഓഫീസർമാർ പങ്കെടുത്തു. പരിശീലനപരിപാടിയിൽ അവതരിപ്പിച്ച വിഷയങ്ങൾ:

| നം | സെക്ഷന്റെ പേര് | വിഷയ അവതാരകർ |
|---|---|---|
| 1 | ജൈവവൈവിധ്യ ആക്ട്, ചട്ടങ്ങൾ നടപ്പിലാക്കൽ | 1. ശ്രീ.അചലേന്ദർ റെഡ്ഡി, ഐ.എഫ്.എസ്, ഡയറക്ടർ, സെന്റർ ഫോർ ഇന്നോവേഷൻ ഇൻ പബ്ലിക് സിസ്റ്റം, ഹൈദരാബാദ്<br>2. ശ്രീ. രവികാന്ത് ഉപാധ്യായ, ഐ.എഫ്.എസ് മുൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ, ഫോറസ്റ്റ് ഹെഡ് ഓഫീസ്, തമിഴ്നാട്. |
| 2 | ജൈവവൈവിധ്യ സംരക്ഷണം ഇന്ത്യയിലും കേരളത്തിലും -സ്ഥാപന ഘടന ജൈവവൈവിധ്യത്തിന് എതിരായി നടക്കുന്ന പ്രശ്നങ്ങൾ, പ്രവർത്തനങ്ങൾ പരിമിതികൾ നിലവിലെ സംവിധാനങ്ങളായ കർമ്മ സമിതികൾ, ബി.എം.സി, പി.ബി.ആർ-തുടങ്ങിയവ | ഡോ.ജേക്കബ് ജോസഫ്, അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് ഡയറക്ടർ ഇൻ ചാർജ്ജ്, സെന്റർ ഫോർ ലോ ആൻഡ് അഗ്രിക്കൾച്ചർ **NUALS** |






### 7.2.2. മുൻസിഫ് മജിസ്ട്രേറ്റ് ട്രെയിനികൾക്കുള്ള പരിശീലനം

ജൈവവൈവിധ്യ ആക്ട് (2002), ചട്ടം (2004), കേരള ജൈവവൈവിധ്യ ചട്ടം (2008) എന്നിവയെക്കുറിച്ചും, ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മുൻസിഫ് മജിസ്ട്രേറ്റ് ട്രെയിനികൾക്കുവേണ്ടി ഒരു ഏകദിന പരിശീലനം 22.08.2019 ന് എറണാകുളം ജുഡീഷ്യൽ അക്കാദമിയിൽ വച്ച് നടത്തി. 'ജൈവവൈവിധ്യ ആക്ടിന്റെ രൂപീകരണം, പ്രാധാന്യം' എന്ന വിഷയത്തിൽ ഡോ എസ്. സി ജോഷി IFS (Retd), ചെയർമാൻ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അവതരണം നടത്തി. 'ജൈവവൈവിധ്യത്തിലേയ്ക്കുള്ള പ്രവേശനവും, അതിലൂടെ ആർജ്ജിതമാകുന്ന പ്രയോജനങ്ങളുടെ തുല്യവും, നീതിപൂർവ്വവുമായ പങ്കുവയ്ക്കൽ പ്രവർത്തനങ്ങളും – ജൈവവൈവിധ്യ ആക്ടും ചട്ടങ്ങളും' എന്ന വിഷയത്തിൽ ഡോ.എം.കെ രമേഷ്, പ്രൊഫസ്സർ (നിയമം), നാഷണൽ ലോ സ്കൂൾ ഓഫ് ഇന്ത്യ, ബാംഗ്ലൂർ യൂണിവേഴ്സിറ്റി, അവതരണം നടത്തി. മറ്റൊരു സെഷനിൽ, 'ജൈവവൈവിധ്യ ആക്ടും ചട്ടങ്ങളും, കേരളത്തിൽ അവയുടെ സാധ്യമായ ലംഘനങ്ങൾ, രാജ്യത്തെ ജൈവവവൈവിധ്യ നിയമ പ്രകാരമുള്ള നിയമനടപടികൾ' എന്ന വിഷയത്തിൽ ഡോ. ജേക്കബ് ജോസഫ്, NUALS അവതരണം നടത്തി. 40 മുൻസിഫ് മജിസ്ട്രേറ്റ് ട്രെയിനികൾ പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുത്തു.




### 7.2.3.പോലീസ് ഓഫീസർമാർക്കുള്ള പരിശീലനം

